15
ആഗസ്റ്റ് 2024
വ്യാഴം
1446 സഫർ 11
1199 കർക്കിടകം 31
പേജ് 10
അബുദാബി



ഇന്ന് ഇന്ത്യയുടെ 78ാം സ്വാതന്ത്ര്യ ദിനം

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

വായനക്കാർക്ക് ചന്ദ്രികയുടെ സ്വാതന്ത്ര്യ ദിനാശംസകൾ

സ്വാതന്ത്ര്യം ജീവശ്വാസമാണ്.
അത് എന്തു വിലകൊടുത്തു
വാങ്ങിയാലും മുഴുവനാകില്ല.
മനുഷ്യന് ജീവിക്കാൻ
വിലകൊടുക്കേണ്ടാത്ത മറ്റെന്തുണ്ട്?
മഹാത്മാ ഗാന്ധി






## 78ാം സ്വാതന്ത്ര്യദിന നിറവിൽ ഇന്ത്യ

ന്യൂഡൽഹി: കൊളോണിയൽ അധിനിവേശത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ 78ാം വാർഷികാഘോഷത്തിനൊരുങ്ങി രാജ്യം. സ്വാതന്ത്ര്യ ദിനഘോഷങ്ങൾക്കായി വിപുലമായ ഒരുക്കങ്ങളാണ് നടന്നിട്ടുള്ളത്. ഭീകരാക്രമണ സാധ്യത ഉൾപ്പെടെ മുന്നിൽ കണ്ട് രാജ്യം അതീവ സുരക്ഷാ വലയത്തിലാണ്.

ഡൽഹിക്കു പുറമെ പ്രധാന നഗരങ്ങളിലും തന്ത്ര പ്രധാന കേന്ദ്രങ്ങളിലും വിമാനത്താവളങ്ങളിലും സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്. രാവിലെ 7.30ന് ചെങ്കോട്ടയിൽ പ്രധാന മന്ത്രി ദേശീയ പതാക ഉയർത്തുന്നതോടെ ആഘോഷങ്ങൾക്ക് തുടക്കമാകും. തുടർന്ന് പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കും.

വികസിത ഇന്ത്യ എന്ന പ്രമേയവുമായാണ് ഇ ത്തവണ സ്വാതന്ത്ര്യദിനാഘോഷം. 18,000 ക്ഷണിക്കപ്പെട്ട അതിഥികൾക്കാണ് സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങുകൾ നേരിട്ടു വീക്ഷിക്കുന്നതിനുള്ള അവസരം. ഇതിനുപുറമെ ദൂരദർശനിലും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ യൂ ട്യൂബ് ചാനലിലും പി.ഐ.ബിയുടെ എക്സ് പ്ലാറ്റ്ഫോമിലും പി.എം.ഒയുടെ എക്സ് പ്ലാറ്റ്ഫോമിലും തത്സമയം വീക്ഷിക്കാൻ അവസരവുമുണ്ടാകും.

## മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ട് സമാഹരണം 31 വരെ നീട്ടി




കോഴിക്കോട്: വയനാടിന്റെ കണ്ണീരൊപ്പാൻ പ്രത്യേകം തയ്യാറാക്കിയ ആപ്പ് വഴി നടത്തിവരുന്ന ഫണ്ട് സമാഹരണം ഈ മാസം 31 വരെ നീട്ടാൻ മുസ്‌ലിംലീഗ് അടിയന്തര നേതൃയോഗം തീരുമാനിച്ചതായി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അറിയിച്ചു. പാർട്ടി പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും നിരന്തര അഭ്യർത്ഥന മാനിച്ചാണ് തിയ്യതി നീട്ടിയത്. വയനാടിന് വേണ്ടി 100 വീടുകൾ ഉൾപ്പെടെ സമഗ്ര പുനരധിവാസ പാക്കേജാണ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്.

ഈ പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരികയാണ്. വയനാട് പുനരധിവാസത്തിന് വേണ്ടി രൂപീകരിച്ച പ്രത്യേക ഉപസമിതി മേപ്പാടിയിൽ അതത് സമയങ്ങളിൽ യോഗം ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ നാനാതുറയിലുള്ള വ്യക്തിത്വങ്ങളാണ് മുസ്‌ലിം ലീഗിന്റെ പുനരധിവാസ ഫണ്ടിനെ സഹായിച്ചുകൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽനിന്നുള്ള ധാരാളം പേർ വയനാടിന്റെ കണ്ണീരൊപ്പാനുള്ള ദൗത്യത്തിൽ പങ്കാളികളാകുന്നുണ്ട്. നേരത്തെ നിശ്ചയിച്ചത് പ്രകാരം ഇന്ന് അവസാനിപ്പിക്കേണ്ട ഫണ്ട് സമാഹരണം വിവിധ മേഖലകളിൽനിന്നുള്ളവർ കൂടുതൽ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആഗസ്റ്റ് 31 വരെ നീട്ടിയതെന്ന് പി.എം.എ സലാം പറഞ്ഞു.

### വഖഫ് നിയമ ഭേദഗതിക്കെതിരെ മുസ്‌ലിം സംഘടനകൾ

# നേരിടാനുറച്ച്

### കേന്ദ്ര നീക്കത്തെ നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്ന് മുസ്‌ലിം സംഘടനാ നേതൃയോഗം

**സ്വന്തം ലേഖകൻ**
കോഴിക്കോട്

കേന്ദ്ര സർക്കാർ കൊണ്ടുവന്ന വഖഫ് നിയമ ഭേദഗതി ബില്ലിനെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ വിളിച്ചു ചേർത്ത മുസ്‌ലിം സംഘടനാ നേതാക്കളുടെ യോഗം. ഇന്ത്യൻ ഭരണ ഘടനയുടെ അടിസ്ഥാന തത്വങ്ങളെ തന്നെ തകിടം മറിക്കുന്ന നടപടിയാണിത്. മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തെ നിയമം ലംഘിക്കുകയാണ്. ഭരണഘടനാ നിർമാതാക്കൾ ഭാവനാപൂർവ്വം നിർമിച്ചെടുത്ത എല്ലാ നന്മകളെയും സർക്കാർ ഇല്ലാതാക്കുകയാണ്. ഈ കയ്യേറ്റം ഇന്ന് മുസ്‌ലിംകൾക്ക് നേരെയാണെങ്കിൽ നാളെ മറ്റേതെങ്കിലും വിഭാഗത്തിന് നേരെയാകും. വഖഫ് സ്വത്തുക്കളുടെ സംരക്ഷണം പൂർണമായും ഇല്ലാതാക്കുന്നതിനാണ് സർക്കാർ ഒരുങ്ങുന്നത്. ഹീനമായ അജണ്ടകൾ നടപ്പിലാക്കുകയാണ് ലക്ഷ്യം. സമാന ചിന്താഗതിക്കാരും പ്രതിപക്ഷ നേതൃത്വവുമായും സംസാരിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്ന് യോഗം വ്യക്തമാക്കി.

വഖഫ് സ്വത്തുക്കൾ എന്നത് തീർത്തും മതപരമായ വിഷയമാണ്. ബിൽ ജെ.പി.സിക്ക് വിട്ട സാഹചര്യത്തിൽ തുടർ നടപടികൾ എന്തായിരിക്കണമെന്ന് പ്രതിപക്ഷ നേതാക്കളുമായും നിയമവിദഗ്ധരുമായും ആലോചിച്ച് തീരുമാനിക്കും. മതവിശ്വാസികളെയും മതേതരത്വത്തെയും ബാധിക്കുന്ന പൊതു പ്രശ്നം എന്ന നിലയിൽ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട് അഭിപ്രായരൂപീകരണം നടത്തി മുന്നോട്ട് പോകാനും യോഗം തീരുമാനിച്ചു.

വഖഫ് ഭേദഗതി ബില്ലിനെ ഒറ്റക്കെട്ടായി എതിർത്ത പ്രതിപക്ഷത്തെ യോഗം പ്രത്യേകം അഭിനന്ദിച്ചു. ഇന്ത്യ സഖ്യത്തിന് 19 എം.പിമാരുള്ള കേരളത്തിൽനിന്നോ രാജ്യസഭാംഗങ്ങളടക്കം അഞ്ച് എം.പിമാരുള്ള മുസ്‌ലിംലീഗിൽ നിന്നോ ജെ.പി.സിയിൽ ഒരു പ്രതിനിധിയെ പോലും ഉൾപ്പെടുത്താത്തതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

വയനാട് ദുരന്തത്തിന് ഇരയായവർക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയോടെയാണ് യോഗം ആരംഭിച്ചത്. സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ചു. അഡ്വ. പി.എം.എ സലാം സ്വാഗതം പറഞ്ഞു. പി.കെ കുഞ്ഞാലിക്കുട്ടി, ഇ.ടി മുഹമ്മദ് ബഷീർ എം.പി, പി.വി അബ്ദുൽ വഹാബ് എം.പി, ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി, ഡോ. എം.കെ മുനീർ എം. എൽ.എ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, എം.സി മായിൻ ഹാജി, സി. കെ സുബൈർ, കൊയ്യോട് ഉമർ മുസ്‌ലിയാർ, ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, ടി.പി അബ്ദുല്ലക്കോയ മദനി, ഡോ. ഹുസൈൻ മടവൂർ, പ്രൊഫ. എ. കെ അബ്ദുൽ ഹമീദ്, എ. അസ്ഗർ അലി, അഡ്വ. പി.എം ഹനീഫ, പി. മുജീബ് റഹ്മാൻ, ഷിഹാബ് പൂക്കോട്ടൂർ, പി. എൻ ലത്തീഫ് മൗലവി, ടി.കെ അഷ്റഫ്, ഇ.പി അഷ്റഫ് ബാഖവി, തൊടിയൂർ മുഹമ്മദ് കുഞ്ഞി മൗലവി, ഐ.പി അബ്ദുസ്സലാം, ഡോ. ഫസൽ ഗഫൂർ, വി.പി അബ്ദുറഹ്മാൻ, പി. ഉണ്ണീൻ, എഞ്ചിനീയർ പി. മമ്മദ് കോയ ചർച്ചയിൽ പങ്കെടുത്തു.



*വഖഫ് നിയമ ഭേദഗതി നീക്കത്തിന്റെ പശ്ചാത്തലത്തിൽ കോഴിക്കോട്ട് നടന്ന മുസ്‌ലിം സംഘടനാ നേതാക്കളുടെ യോഗത്തിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ച് സംസാരിക്കുന്നു*

## ചുരം കയറാത്ത സ്കൂട്ടറിന് വയനാട് ആർ.ടി.ഒയുടെ പിഴ

അത്തോളി: വയനാട് ജില്ലയിൽ ഇതുവരെ പ്രവേശിക്കാത്ത ഉള്ളിയേരി പുത്തഞ്ചേരി സ്വദേശിയുടെ ഇരുചക്ര വാഹനത്തിനു വയനാട് ആ ർ.ടി.ഒ എൻഫോഴ്സ്മെന്റിന്റെ പിഴ. കൊയിലാണ്ടി ആർ.ടി ഓഫീസിൽ കെ.എൽ 56 എൻ 7673 നമ്പറുള്ള തന്റെ സ്കൂട്ടറിന്റെ എൻ.ഒ.സി യുമായി ബന്ധപ്പെട്ട് പോയപ്പോഴാണ് ടി.ആർ. ബിജു ട്രാഫിക് നിയമലംഘനത്തിന് പിഴ അടക്കാനുണ്ടെന്ന വിവരം അറിയുന്നത്. 2024 ഏപ്രിൽ 12നാണ് വയനാട് ആർ.ടി.ഒ എൻഫോഴ്സ്മെന്റ് 2500 രൂപ ഫൈൻ അടക്കാനുണ്ടെന്നു കാണിച്ച് ഇ-ചലാൻ അയച്ചത്. പനമരം-കല്പറ്റ റോഡിൽ അമിത വേഗതയിലും ഹെൽമറ്റ് ധരിക്കാതെയും ഇൻഷുറൻസ് ഇല്ലാതെയും വാഹനം ഓടിച്ചു എന്നാണ് നോട്ടീസിലുള്ളത്. ചലാനിൽ ബസിനെ മറികടക്കുന്ന ബൈക്ക് യാത്രക്കാരുടെ ഫോട്ടോയും ഉണ്ട്.തകരാർ കാരണം ഏപ്രിൽ മാസം സ്കൂട്ടർ പുത്തഞ്ചേരി വീട്ടിൽ തന്നെയുണ്ടായിരുന്നുവെന്നും ജില്ലക്കു പുറത്തേക്ക് ഇതുവരെ സ്കൂട്ടർ കൊണ്ടുപോയിട്ടില്ലെന്നും ബിജു പറഞ്ഞു.

### 'കാഫിർ' കേസ്

## അന്വേഷണ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥനെ സ്ഥലംമാറ്റി

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചരണത്തിനിടെ വടകര മണ്ഡലത്തിൽ ഇടതുമുന്നണി പ്രവർത്തകർ ഷാഫി പറമ്പിലിനെതിരെ ഉ യോഗിച്ച കാഫിർ പ്രയോഗം ഇടതു പ്രൊഫൈലുകളിൽ നിന്നാണ് വന്നതെന്ന് പൊലീസ് കണ്ടെത്തിയതിന് പിന്നാലെ, കേസ് അന്വേഷണത്തിന് മേൽനോട്ടം നൽകിയ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റി സർക്കാരിന്റെ പ്രതികാരം. കാഫിർ കേസ് അന്വേഷിച്ച കോഴിക്കോട് റൂറൽ എസ്പി അരവിന്ദ് സുകുമാറിനെ ക്രൈം ബ്രാഞ്ചിലേക്കാണ് മാറ്റിയത്. കേസിന് മേൽനോട്ടം വഹിച്ചിരുന്ന കണ്ണൂർ റെയ്ഞ്ച് ഡിഐജി തോംസൺ ജോസിനെ നേരത്തെ സ്ഥലം മാറ്റിയിരുന്നു. തൃശൂർ റെയ്ഞ്ചിലേക്കായിരുന്നു മാറ്റം. കാഫിർ വിവാദത്തിൽ അന്വേഷണം ഇടതു ഗ്രൂപ്പുകളിൽ എത്തിനിൽക്കുന്നതായി പൊലീസ് ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. എൽഡിഎഫ് സ്ഥാനാർഥി കെ.കെ.ശൈലജയെ കാഫിർ എന്നു വിളിച്ചുകൊണ്ടുള്ള വ്യാജ സ്ക്രീൻഷോട്ട് പോളിങ്ങിന്റെ തലേദിവസമാണ് വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടത്.

ഇതിന് പുറമേ ഐപിഎസ് തലപ്പത്തെ മറ്റു ചില ഉദ്യോഗസ്ഥരുടെ പദവിയിലും സർക്കാർ അഴിച്ചുപണി നടത്തി. ഏഴ് എസ്പിമാരെയും രണ്ട് കമ്മിഷണർമാരെയും സ്ഥലം മാറ്റി. തിരുവനന്തപുരം ഡിസിപി പി. നിഥിൻരാജിനെ കോഴിക്കോട് റൂറൽ എസ്പിയാക്കി. കോഴിക്കോട് പൊലീസ് കമ്മിഷണർ രാജ്പാൽ മീണയെ കണ്ണൂരിലേക്കു മാറ്റി.

### ഷിരൂർ: കൂടുതൽ ലോഹഭാഗങ്ങൾ കണ്ടെടുത്തു

## ഗോവയിൽ നിന്ന് ഡ്രഡ്ജർ എത്തിക്കും

അങ്കോല: ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനു വേണ്ടി ഗംഗാവലി പുഴയിൽ ഇന്നലെ നടന്ന തിരച്ചിലിലും ലക്ഷ്യം കണ്ടില്ല. അതേസമയം ലോറിയുടേതെന്ന് കരുതുന്ന കൂടുതൽ ലോഹ ഭാഗങ്ങളും ലോറിയിലുണ്ടായിരുന്ന തടി കെട്ടാൻ ഉപയോഗിച്ചതെന്ന് കരുതുന്ന കയറും പുഴയിൽ നിന്ന് കണ്ടെടുത്തു. കഴിഞ്ഞ ദിവസം ലോറിയുടെ ഹൈഡ്രോളിക് ജാക്കി കണ്ടെടുത്തതിനു സമീപത്തുനിന്നു തന്നെയാണ് കൂടുതൽ ഭാഗങ്ങൾ കണ്ടെടുത്തത്. ഇതോടെ ലോറി ഈ ഭാഗത്തു തന്നെയുണ്ടാകാമെന്ന നിഗമനത്തിലാണ് ജില്ലാ ഭരണകൂടം. അതേസമയം പുഴയുടെ അടിത്തട്ടിൽ മണ്ണും മരത്തടികളും അടിഞ്ഞുകൂടിയതിനാൽ തിരച്ചിൽ ദുഷ്കരമാണെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി. ലോറി ചെളിയിൽ പുതഞ്ഞുപോയിട്ടുണ്ടെങ്കിൽ ഡ്രഡ്ജിങ് നടത്തി മാത്രമേ കണ്ടെത്താനാകൂ. ഇതിനായി ഗോവയിൽ നിന്ന് ഡ്രഡ്ജർ എത്തിച്ച് പരിശോധന നടത്താൻ ജില്ലാ ഭരണകൂടം തീരുമാനിച്ചു. ജലമാർഗമാണ് ഗോവയിൽ നിന്ന് ഡ്രഡ്ജർ ഷിരൂരിൽ എത്തിക്കുകയെന്ന് മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ് പറഞ്ഞു. ട്രാൻസ്പോർട്ടേഷനു മാത്രം 22 ലക്ഷത്തോളം രൂപ ചെലവു വരും. പാലങ്ങൾക്കു താഴെക്കൂടി കൊണ്ടുവരേണ്ടതിനാൽ പ്രത്യേക തയ്യാറെടുപ്പുകളും വേണം. പ്രതിദിനം നാലു ലക്ഷം രൂപയാണ് ഡ്രഡ്ജറിന് വാടക കണക്കാക്കുന്നത്. കടത്തുകൂലി, വാടക, അനുബന്ധ ചെലവുകൾ ചേർത്ത് 50 ലക്ഷത്തോളം രൂപയാണ് മൊത്തം ചെലവു കണക്കാക്കുന്നത്. ഈ ചെലവ് വഹിക്കാൻ ജില്ലാ ഭരണകൂടം സന്നദ്ധത അറിയിച്ചിട്ടുണ്ട്. തിങ്കളാഴ്ചയോടെ ഡ്രഡ്ജർ എത്തിക്കാനാകുമെന്നാണ് കണക്കുകൂട്ടൽ. തൃശൂരിൽ മണ്ണുത്തി സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള ഡ്രഡ്ജർ വിട്ടു നൽകാൻ കേരളം തയ്യാറാകുന്നില്ലെന്ന് നേരത്തെ കാർവാർ എം.എൽ.എ സതീഷ് കൃഷ്ണ സെയിൽ ആരോപിച്ചിരുന്നു. തുടർന്നാണ് ഗോവയിൽ സ്വകാര്യ കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഡ്രഡ്ജർ എത്തിക്കാൻ നീക്കം തുടങ്ങിയത്. കേരളത്തോട് വീണ്ടും ഡ്രഡ്ജർ ആവശ്യപ്പെട്ടെന്നും എന്നാൽ ഓപ്പറേറ്റർ ഇല്ലെന്ന മറുപടിയാണ് ലഭിച്ചതെന്നും സതീഷ് കൃഷ്ണ സെയിൽ ആരോപിച്ചു.

നാവിക സേനയുടേയും മാൽപ്പെ സംഘത്തിന്റെയും നേതൃത്വത്തിലാണ് ഇന്നലെ ഗംഗാവലി പുഴയിൽ അർജുനു വേണ്ടി തിരച്ചിൽ നടന്നത്.

## അപ്പീൽ തള്ളി; ഫോഗട്ടിന് മെഡലില്ല



പാരീസ്: ഒളിംപിക്സ് ഗുസ്തിയിൽ ഭാരക്കൂടുതലിന്റെ പേരിൽ അയോഗ്യയാക്കപ്പെട്ടതിനെതിരെ ഇന്ത്യൻ വനിതാ ഗുസ്തി താരം വിനേഷ് ഫോഗട്ട് നൽകിയ അപ്പീൽ അന്താരാഷ്ട്ര കായിക തർക്കപരിഹാര കോടതി തള്ളി. ഇതോടെ വെള്ളി മെഡലെങ്കിലും നേടാമെന്ന വിനേഷിന്റെയും ഇന്ത്യയുടെയും സ്വപ്നം പൊലിഞ്ഞു. കോടതിയുടെ വിശദമായ വിധി പിന്നീട് വരും.

## കേണൽ മൻപ്രീത് സിങ് അടക്കം നാലു സൈനികർക്ക് കീർത്തിചക്ര

ന്യൂഡൽഹി: സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ചുള്ള രാഷ്ട്രപതിയുടെ സൈനിക ബഹുമതികൾ പ്രഖ്യാപിച്ചു. ജമ്മുകശ്മീരിലെ അനന്ത്നാഗ് ജില്ലയിലുണ്ടായ ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച കേണൽ മൻപ്രീത് സിങ് അടക്കം നാലുപേർക്ക് കീർത്തി ചക്രയും 18 പേർക്ക് ശൗര്യ ചക്രയും സമ്മാനിക്കും.

കേണൽ മൻപ്രീത് സിങ്, റൈഫിൾ മാൻ രവികുമാർ, ജമ്മുകശ്മീർ മുൻ പൊലീസ് സൂപ്രണ്ട് മുസമ്മിൽ ഭട്ട് എന്നിവർക്ക് മരണാനന്തര ബഹുതിയായാണ് പുരസ്കാരം സമ്മാനിക്കുക. മേജർ മല്ലാ റാം ഗോപാൽ നായിഡു ആണ് മറ്റൊരു കീർത്തിചക്ര ജേതാവ്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 15 വ്യാഴം
ഗൾഫ് ചന്ദ്രിക



**കറൻസി മൂല്യം**

1 യു.എ.ഇ ദിർഹം 22.85 ₹
1 ഒമാനി റിയാൽ 218.09 ₹
1 സൗദി റിയാൽ 22.36 ₹
1 ഖത്തർ റിയാൽ 23.01 ₹
1 കുവൈത്ത് ദിനാർ 274.15 ₹
1 ബഹ്റൈൻ ദിനാർ 222.78 ₹




**സ്വർണവില**
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 299.50
22 കാരറ്റ് 277.25
21 കാരറ്റ് 268.25
18 കാരറ്റ് 230.00




**ഗൾഫ് വാർത്തകൾ**

## വയനാടിനൊപ്പം കൈകോർത്ത് അബുദാബി കെഎംസിസി ഫണ്ട് സമാഹരണം ഒരുകോടി കവിഞ്ഞു




അബുദാബി: വയനാടിന് കൈതാങ്ങാവാൻ പ്രത്യേകം തയാറാക്കിയ ആപ്പ് വഴി മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി തുടങ്ങിയ ഫണ്ട് സമാഹരണത്തിൽ അബുദാബി കെഎംസിസിയുടെ വിഹിതം ഒരു കോടി രൂപ കവിഞ്ഞു. നാട്ടിലെ വേദനക്കൊപ്പം നീറുന്ന മനസോടെയാണ് ഓരോ പ്രവാസിയും ഇതിൽ പങ്കാളിയായത്. കേരളമണ്ണിൽ നിന്നും വയനാട് എന്ന മലനാട് ഉരുൾപൊട്ടി പിളർന്നപ്പോൾ അകംപൊട്ടിയുള്ള പ്രവാസികളുടെ ഇടപെടൽ നിറഞ്ഞ മനസോടെയായിരുന്നു. ആഗസ്റ്റ് രണ്ടിന് മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പദ്ധതി പ്രഖ്യാപിച്ച അന്നുമുതൽ അബുദാബി കെഎംസിസി സംസ്ഥന കമ്മിറ്റിയുടെ നേതൃത്വത്തിൽ പതിനാലു ജില്ലാ കമ്മിറ്റികളുടെയും അതിനു കീഴിലുള്ള നിയോജക മണ്ഡലം,മുനിസിപ്പൽ,പഞ്ചായത്ത്തല കമ്മിറ്റികളുടെയും ചിട്ടയായ പ്രവത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിന്റെ പ്രതിഫലനമാണ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഒരു കോടിയിലേക്ക് എത്തിച്ചേരാൻ കമ്മിറ്റിക്ക് സാധിച്ചത്. ഓരോ ഘടകങ്ങളും പ്രത്യേകം സ്‌ക്വാഡ് രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. അതോടൊപ്പം ആപ്പ് വഴി വീടുകൾ നൽകാനുള്ള സൗകര്യം നടപ്പിലാക്കിയ അന്നു തന്നെ ആദ്യ നാലു വീടുകൾ നൽകാൻ മുന്നോട്ടുവന്നതും അബുദാബി കെഎംസിസിയുടെ കീഴിലുള്ള ഘടകമാണ് എന്നതും ശ്രദ്ധേയമാണ്. ദുരിത മേഖലയിൽ നൂറ് വീടുകളടക്കം ബൃഹത്തായ പദ്ധതികളാണ് മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി വിഭാവനം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരികയാണ്. ഫണ്ട് ശേഖരണം നീട്ടിയ സാഹചര്യത്തിൽ കൂടുതൽ പിന്തുണ നൽകാനാണ് സംസ്ഥാന കെഎംസിസിയുടെ തീരുമാനമെന്ന് ഭാരവാഹികൾ അറിയിച്ചു.

## നികുതി വെട്ടിപ്പ് തടയാൻ യുഎഇയിൽ ഫെഡറൽ അതോറിറ്റി പരിശോധന ശക്തമാക്കി



അബുദാബി: നികുതിവെട്ടിപ്പ് ചെറുക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഫെഡറൽ ടാക്സ് അതോറിറ്റി നാൽപതിനായിരത്തിൽപരം പരിശോധനകൾ നടത്തിയതായി അധികൃതർ വ്യക്തമാക്കി. ബന്ധപ്പെട്ട അധികാരികളുമായി സഹകരിച്ച് പ്രാദേശിക വിപണികളെ നിരീക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ഫെഡറൽ ടാക്സ് അതോറിറ്റി ശക്തമാക്കിയിട്ടുണ്ട്. എല്ലാ എമിറേറ്റുകളിലെയും മാർക്കറ്റുകളിലായി 109 കാമ്പയിനുകൾ വഴി ഈ വർഷം ആദ്യ ആറ് മാസങ്ങളിൽ നാൽപതിനായിരത്തിൽപരം പരിശോധനകൾ നടത്തിയതായി അതോറിറ്റി അറിയിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് പരിശോധന 134 ശതമാനം വർധിച്ചു. ബോധവത്കരണവും ശക്തമാക്കിയിട്ടുണ്ട്. നികുതിദായകർ നികുതി നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് ഈ പരിശോധനാ സന്ദർശനങ്ങൾ ലക്ഷ്യമിടുന്നതെന്ന് അധികൃതർ ചൂണ്ടിക്കാട്ടി.

പ്രത്യേകിച്ച് വിൽപ്പന നികുതി ഇൻവോയ്സുകൾ നൽകൽ, നികുതി ഉൾപ്പെടെയുള്ള വിലകൾ പ്രഖ്യാപിക്കൽ, വിപണിയിൽ വ്യാപാരം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ നികുതി അടയ്ക്കൽ ഉറപ്പാക്കൽ, നികുതി വെട്ടിപ്പ് കേസുകൾ നിയന്ത്രിക്കൽ തുടങ്ങിയ കാര്യങ്ങളിലാണ് പ്രധാനമായും പരിശോധന നടക്കുന്നത്. വിപണി നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും നികുതി നിയമനിർമ്മാണം ഉറപ്പാക്കുന്നതിനും രാജ്യത്തിന്റെ വിപണികളിലേക്ക് കള്ളക്കടത്ത് ഉൽപന്നങ്ങളുടെ നുഴഞ്ഞുകയറ്റം തടയുന്നതിനും അതോറിറ്റി തീവ്രമായ ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് ഫെഡറൽ ടാക്സ് അതോറിറ്റി ഡയറക്ടർ ജനറൽ ഹിസ് എക്സലൻസി ഖാലിദ് അലി അൽ ബുസ്താനി ഊന്നിപ്പറഞ്ഞു. ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിൽ പൂർണ ശ്രദ്ധ ചെലുത്തുന്നതോടൊപ്പം, അതോറിറ്റിയും നികുതിദായകരും തമ്മിലുള്ള എല്ലാ പരസ്പര ബാധ്യതകളും വ്യക്തമായി പാലിക്കുന്നത് ഉറപ്പ് വരുത്താൻ അതോറിറ്റി നിരന്തരം ശ്രമിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 'ഡിജിറ്റൽ ടാക്സ് സ്റ്റാമ്പുകൾ' പുകയില ഉൽപ്പന്ന പാക്കേജിംഗിൽ ഇൻസ്റ്റാൾ ചെയ്യുകയും അതോറിറ്റിയുടെ ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഈ ഉൽപ്പന്നങ്ങളുടെ നികുതി അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ അംഗീകൃത ഇൻസ്‌പെക്ടർമാർ ഉപയോഗിക്കുന്ന പ്രത്യേക ഉപകരണം ഉപയോഗിച്ച് വായിക്കാൻ കഴിയുന്ന ഇലക്ട്രോണിക് റെക്കോർഡ് ചെയ്ത വിവരങ്ങൾ ഓരോ സ്റ്റാമ്പിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ആദ്യ പകുതിയിൽ നടത്തിയ പരിശോധനാ സന്ദർശനങ്ങളിൽ 6.21 ആയിരം ലംഘനങ്ങൾ കണ്ടെത്തി.

## ദുബൈയിൽ രണ്ട് ടോൾ ഗേറ്റുകൾ കൂടി വരുന്നു

### സാലികിന് മികച്ച വളർച്ച




ദുബൈ: ദുബൈ നഗരത്തിൽ രണ്ട് ടോൾ ഗേറ്റുകൾ കൂടി സ്ഥാപിക്കുന്നതായി റിപ്പോർട്ട്. അൽ ഖയിൽ റോഡിലെ ബിസിനസ് ബേ ക്രോസിങ്ങിലും അൽ മെയ്ദാൻ സ്ട്രീറ്റിനും ഉമ്മു അൽ ഷീഫ് സ്ട്രീറ്റിനുമിടയിലെ ശൈഖ് സായിദ് റോഡിലെ അൽ സഫാ സൗത്തിലുമാണ് പുതിയ ഗേറ്റുകൾ വരുന്നത്. ഇതോടെ ആകെ സാലിക് ഗേറ്റുകളുടെ എണ്ണം എട്ടിൽ നിന്ന് പത്തായി മാറും. രണ്ടിടത്തേയും ഗേറ്റുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്.

ഈ വർഷം നവംബർ അവസാനത്തോടെ ഗേറ്റുകൾ പ്രവർത്തന സജ്ജമാകുമെന്ന് കരുതുന്നു. പുതിയ ടോൾ ഗേറ്റുകൾ പ്രധാന റോഡുകളിലെ തിരക്ക് ഗണ്യമായി കുറക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനെക്കുറിച്ച് വിശദമായ വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല. സാലിക് കമ്പനി മികച്ച വളർച്ച കൈവരിച്ചതായി കമ്പനിയുടെ നടപ്പു വർഷത്തെ ആദ്യപാദത്തിലെ കണക്കുകൾ വ്യക്തമാക്കുന്നു. നികുതിക്ക് ശേഷമുള്ള അറ്റാദായത്തിൽ 238.5 ദശലക്ഷം വരുമാനം ഉണ്ടാക്കിയതായി റിപ്പോർട്ടിൽ പറയുന്നു. ഇത് വർഷം തോറും 4.9 ശതമാനം വർധിച്ച് ആകെ വരുമാനം 1.1 ബില്യൻ ദിർഹമായി രേഖപ്പെടുത്തി.

ടോൾ ഉപയോഗത്തിൽ നിന്നുള്ള വരുമാനം മൊത്തം വരുമാനത്തിന്റെ 87.1 ശതമാനമാണ്. ഈ വർഷം 4.9 ശതമാനം ഉയർന്ന് 953.8 ദശലക്ഷം ദിർഹമായി. അതേസമയം, ശക്തമായ സാമ്പത്തിക ഫലങ്ങൾ കണക്കിലെടുത്ത് കമ്പനിയുടെ ഡയറക്ടർ ബോർഡ് 544.8 ദശലക്ഷം ദിർഹം ഇടക്കാല ഡിവിഡന്റ് വിതരണത്തിന് അംഗീകാരം നൽകി. ഇത് ഒരു ഓഹരിക്ക് 7.263 ഫിൽസിന് തുല്യമാണ്. മൊബിലിറ്റി സൊല്യൂഷനുകളിൽ ആഗോള നേതാവാകാനുള്ള ശ്രമഫലമായി 2024 ആദ്യ പകുതിയിൽ കമ്പനിയുടെ ശക്തമായ വരുമാന വളർച്ച 5.6% കൈവരിച്ചതിൽ ആർടിഎ ചെയർമാൻ മത്താർ അൽ തായർ സംതൃപ്തി രേഖപ്പെടുത്തി. സാലിക്കിന്റെ 2024 ആദ്യ പാദത്തിലെ മികച്ച പ്രകടനം കൂടുതൽ മുന്നോട്ടുപോകാനുള്ള പ്രചോദനം നൽകുന്നു.

ആഗോള ടൂറിസം കേന്ദ്രമെന്ന നിലയിൽ ദുബൈയുടെ സ്ഥാനം രാജ്യാന്തര സന്ദർശകരെയും താമസക്കാരെയും ബിസിനസുകാരെയും ആകർഷിക്കുന്നത് തുടരുന്നു. ആഗോളതലത്തിൽ ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാവുന്ന നഗരങ്ങളിലൊന്നായി ദുബൈയെ മാറ്റുന്നുവെന്ന് സാലിക് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ഇബ്രാഹിം സുൽത്താൻ അൽ ഹദ്ദാദ് അഭിപ്രായപ്പെട്ടു.

## അജ്മാൻ അബ്രയിൽ യാത്രക്കാരുടെ എണ്ണം വർധിച്ചു




അജ്മാൻ: അജ്മാൻ അബ്രയിൽ യാത്രക്കാരുടെ എണ്ണം വർധിച്ചതായി അജ്മാൻ ട്രാൻസ്പോർട്ട് അതോറിറ്റി അറിയിച്ചു. 2024ന്റെ ആദ്യ പകുതിയിൽ 3,437 ട്രിപ്പുകളിലായി 29,440 ഉപയോക്താക്കൾ മറൈൻ ട്രാൻസ്പോർട്ട് സർവീസ് (അബ്ര) പ്രയോജനപ്പെടുത്തിയതായി ഇതുസംബന്ധിച്ച കണക്കുകൾ വ്യക്തമാക്കി. പൈതൃക സ്വഭാവമുള്ള ലോജിസ്റ്റിക് സേവനങ്ങളിലൊന്നാണ് മറൈൻ ട്രാൻസ്പോർട്ട് സർവീസെന്ന് പബ്ലിക് ട്രാൻസ്പോർട്ട് ആൻഡ് ലൈസൻസിംഗ് ഏജൻസി സിഇഒ എഞ്ചിനീയർ സമി അലി അൽ ജലാഫ് വിശദീകരിച്ചു. അജ്മാൻ അബ്രയും പരിസരവും കടലുമായി ബന്ധപ്പെട്ട പുരാതന എമിറാത്തി പൈതൃകത്തെ പ്രതിഫലിപ്പിക്കുന്നതായി ട്രാൻസ്പോർട്ട് വിഭാഗം അറിയിച്ചു. മറൈൻ ട്രാൻസ്പോർട്ട് സർവീസ് (അബ്ര) മുഴുവൻ ദിവസങ്ങളിലും ലഭ്യമാണ്. അജ്മാനിലെ മത്സ്യ മാർക്കറ്റിന് സമീപമുള്ള അൽ സോറ, അൽ റാഷിദിയ സ്റ്റേഷനുകൾ, അജ്മാൻ കോർണിഷിനടുത്തുള്ള മറീന സ്റ്റേഷൻ. (അജ്മാൻ മറീന) എന്നീ മൂന്നുസ്റ്റേഷനുകളിലൂടെ ഉപയോക്താക്കൾക്ക് സഞ്ചരിക്കാൻ സൗകര്യമുണ്ട്.

## ഇത്തിഹാദ് റെയിൽ ഗ്രീൻ ബോണ്ടുകൾ പുറത്തിറക്കുന്നു



അബുദാബി: യുഎഇയുടെ റെയിൽ ശൃംഖലയുടെ ഡെവലപ്പറും ഓപ്പറേറ്ററുമായ എത്തിഹാദ് റെയിൽ, കുറഞ്ഞ കാർബൺ ഇൻഫ്രാസ്ട്രക്ചറിന് ധനസഹായം നൽകുന്നതിന് ഗ്രീൻ ബോണ്ടുകൾ ഇഷ്യു ചെയ്യുന്നതിനുള്ള സാധ്യമായ ചുവടുവയ്പ്പായി ഒരു സുസ്ഥിര സാമ്പത്തിക ചട്ടക്കൂട് ആരംഭിച്ചതായി അറിയിച്ചു. ഇത്തിഹാദ് റെയിൽ രാജ്യത്തെ വ്യാവസായിക വാണിജ്യ കേന്ദ്രങ്ങളെ ടെർമിനലുകളുമായും പ്രധാന തുറമുഖങ്ങളുമായും ബന്ധിപ്പിക്കുന്നു. റെയിൽ പദ്ധതി പൂർത്തിയാകുമ്പോൾ യാത്രാ സേവനങ്ങളും സജീവമാകും. ചരക്ക് സേവനങ്ങളും പ്രവർത്തന സജ്ജമാവുകയും ഗൾഫിൽ വ്യാപകമായ റെയിൽവേ ശൃംഖലയുടെ ഭാഗമാകുകയും ചെയ്യും. പൂർത്തീകരണ തീയതി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. ബോണ്ട് തത്വങ്ങൾ, വരുമാനത്തിന്റെ ഉപയോഗം, പ്രോജക്റ്റ് മൂല്യനിർണ്ണയം, തിരഞ്ഞെടുക്കൽ, വരുമാന മാനേജ്മെന്റ്, റിപ്പോർട്ടിംഗ് എന്നിവയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് ഇത്തിഹാദ് റെയിൽ പ്രസ്താവിച്ചു. വൃത്തിയുള്ള ഗതാഗതം, ഹരിത കെട്ടിടങ്ങൾ, മലിനീകരണം തടയൽ, നിയന്ത്രണം തുടങ്ങിയ മേഖലകളിലെ നിക്ഷേപങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ചട്ടക്കൂട് അതിന്റെ പരിസ്ഥിതി, സാമൂഹിക, ഭരണ തന്ത്രവുമായി ഭാവി ധനസഹായത്തെ ബന്ധിപ്പിക്കും. കഴിഞ്ഞ വർഷം യുഎൻ കാലാവസ്ഥാ ചർച്ചകൾക്ക് ആതിഥേയത്വം വഹിച്ച യുഎഇ, 2030 ഓടെ 54 ബില്യൺ ഡോളർ ഊർജ്ജത്തിലും പുനരുപയോഗിക്കാവുന്ന സ്രോതസ്സുകളിലും നിക്ഷേപിക്കാൻ പദ്ധതിയിട്ടിട്ടുണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. 2050 ഓടെ നെറ്റ് സീറോ എമിഷൻ എന്ന ലക്ഷ്യത്തിലെത്താനാണ് രാജ്യം ലക്ഷ്യമിടുന്നത്.

## ഗൾഫ് മലയാള പത്ര ഗവേഷണം അബ്ദുറബ്ബിന് ഡോക്ടറേറ്റ്



ദുബൈ/ കോഴിക്കോട്: ചേന്ദമംഗല്ലൂർ സ്വദേശി കെ.ടി. അബ്ദുറബ്ബിന് ഡോക്ടറേറ്റ്. യുഎഇയിലെ കേരളീയ സമൂഹത്തിലെ മലയാള പത്രങ്ങളെയും പ്രവാസി സ്വരങ്ങളെയും കുറിച്ചുള്ള സമഗ്ര പഠനത്തിനാണ് രാജസ്ഥാനിലെ ബനസ്ഥലി യൂണിവേഴ്സിറ്റിയുടെ ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്സ് വിഭാഗത്തിനു കീഴിലുള്ള ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചത്. പ്രൊഫ. ഉമങ് ഗുപ്തയുടെ കീഴിലായിരുന്നു ഗവേഷണം. കഴിഞ്ഞ മുപ്പത്തഞ്ചു വർഷമായി യുഎഇയിലെ മാധ്യമ രംഗത് സജീവമാണ്. ഗൾഫിലെ ആദ്യ മലയാളം റേഡിയോക്ക് തുടക്കമിട്ട അബ്ദുറബ്ബ് ഖലീജ് ടൈംസ്, ഗൾഫ് ടുഡേ എന്നീ പത്രങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഗൾഫിൽ നിന്നുള്ള ആദ്യ മലയാള പത്രമായ മലയാളം ന്യൂസിന്റെ യുഎഇ മാനേജിങ് എഡിറ്ററായിരുന്നു. എട്ടു വർഷത്തോളം അറബ് ന്യൂസ് ഇംഗ്ലീഷ് പത്രത്തിന്റെ യുഎ ഇ എഡിറ്ററും. 'സലാം ഫുട്ബോൾ', 'യാദോം ക സഫർ' എന്നീ പുസ്തകങ്ങളുടെ എഡിറ്ററാണ്. ഇപ്പോൾ ലാർസൺ ആന്റ് ട്രൂബ്രോയുടെ മദ്ധ്യ പൂർവദേശത്തെ മീഡിയ റിലേഷൻ മേധാവിയാണ്. മലയാള ദിനപത്രങ്ങൾക്ക് പുറമെ അന്താരാഷ്ട്ര അക്കാഡമിക് ജേർണലുകളിൽ ഗവേഷണ ലേഖനങ്ങളും എഴുതാറുണ്ട്. ജൂൺ മാസത്തിൽ നേപ്പാളിലെ കാഠ്മണ്ഡുവിൽ നടന്ന ഇൻഡോ ഗ്ലോബൽ മൾട്ടിഡിസിപ്ലിനറി കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധത്തിന് ബെസ്റ്റ് പ്രസന്റേഷൻ അവാർഡ് ലഭിച്ചിരുന്നു. ഡോ. സറീന മൂർക്കനാണ് ഭാര്യ. മക്കൾ നിഹ (കാനഡ) ഫൈഹ (അമേരിക്കൻ യൂണിവേഴ്സിറ്റി ഷാർജ). ചേന്ദമംഗലൂരിലെ പരേതനായ കെ.ടി.സി റഹിമിന്റെയും ഇയ്യാത്തുമ്മയുടെയും പുത്രനാണ്.

## ഹൈടെക് ട്രാം സർവീസ് സജീവമാക്കി അബുദാബി




അബുദാബി: ഹൈടെക് ട്രാം ഗതാഗത സംവിധാനം അബുദാബിയിൽ കൂടുതൽ വിപുലമാക്കുന്നു. റെയിലില്ലാതെ സഞ്ചരിക്കുന്ന ഓട്ടോമേറ്റഡ് റാപിഡ് ട്രാൻസിറ്റ് (എആർടി) റെയിൽലെസ് ഹൈടെക് ട്രാം സർവീസ് കൂടുതൽ വ്യാപിപ്പിക്കും. പ്രവൃത്തിദിവസങ്ങളിൽ കൂടുതൽ മണിക്കൂറുകളിൽ ട്രാം പോലെയുള്ള ഈ പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനം നിരത്തിലിറക്കും. യാത്രക്കാർക്കിടയിൽ പുതിയ ട്രാം സംവിധാനം ഏറെ ഇഷ്ടപ്പെട്ട സാഹചര്യത്തിലാണ് സർവീസ് വികസിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ഒക്ടോബറിലാണ് ഈ നൂതന ഗതാഗത സംവിധാനം അബുദാബി സിറ്റിയിൽ നടപ്പാക്കിയത്. പരീക്ഷണ ഘട്ടത്തിൽ റീം മാളിനെയും മറീന മാളിനെയും ബന്ധിപ്പിച്ചുള്ള സർവീസായിരുന്നു. തുടക്കത്തിൽ വെള്ളിയാഴ്ച മുതൽ ഞായർ വരെ രാവിലെ 10 നും ഉച്ചകഴിഞ്ഞ് 3 നുമിടയിലാണ് ഇത് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ പ്രവൃത്തിദിവസങ്ങളിൽ സേവനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ എആർടികൾ തിങ്കൾ മുതൽ വെള്ളി വരെയാണ് പ്രവർത്തിക്കുന്നത്. കൂടാതെ, അവസാന സർവീസ് രാത്രി 8 വരെ നീട്ടുകയും ചെയ്തു.



പഞ്ചവാദ്യ സംഘം ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ

## മസ്കത്ത് പൂരം ആഗസ്റ്റ് 23 ന്

മസ്കത്ത്: പഞ്ചവാദ്യ സംഘത്തിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് ആഗസ്റ്റ് 23 വെള്ളിയാഴ്ച അൽ ഫലജ് ഹോട്ടലിൽ നടക്കുന്ന മസ്കത്ത് പൂരത്തിന് അരങ്ങൊരുങ്ങി. ഇന്ത്യൻ അംബാസിഡർ അമിത് നാരംഗ് ഉദ്ഘാടനം ചെയ്യും നാട്ടിൽ നിന്നും വരുന്ന പ്രശസ്ത കലാകാരന്മാർ കുട്ടനെല്ലൂർ രാജൻ മാരാർ നയിക്കുന്ന മേജർസെറ്റ് പഞ്ചവാദ്യവും ചൊവ്വല്ലൂർ മോഹന വാര്യരും പനങ്ങാട്ടിരി മോഹനനും നയിക്കുന്ന അറുപതിൽ പരം കലാകാരന്മാർ അണിനിരക്കുന്ന പഞ്ചാരിമേളവും അരങ്ങേറും. നൂറിൽ പരം കലാകാരന്മാർ അണിനിരക്കുന്ന ഇന്ത്യയിലെ വിവിധ കലാരൂപങ്ങളും ഒമാനിലെ തദ്ദേശീയ നൃത്ത സംഗീതവും നടക്കും.

ലോകപ്രശസ്തനായ ഡ്രമ്മർ ശിവമണി അവതരിപ്പിക്കുന്ന മാജിക്കൽ പെർഫോമൻസ് എന്നിവയാണ് പ്രധാന പരിപാടികൾ. 3 മണിമുതൽ തുടങ്ങുന്ന മസ്കത്ത് പൂരത്തിനു പ്രവേശനം സൗജന്യമാണു. അനന്തപുരി ഹോട്ടലിൽ നടന്ന വാർത്താ സമ്മേളനത്തിൽ മസ്കത്ത് പഞ്ചവാദ്യസംഘം ആശാൻ തിച്ചൂർ സുരേന്ദ്രൻ കോഓഡിനേറ്റർ മനോഹരൻ ഗുരുവായൂർ, രതീഷ് പട്യാത്ത്, വാസുദേവൻ തളിയറ തുടങ്ങിയാർ സംസാരിച്ചു. രവി പാലിശ്ശേരി, സുരേഷ് ഹരിപ്പാട്, ചന്തു മിറോഷ്, രാജേഷ് കായംകുളം, അജിത്കുമാർ, വിജി സുരേന്ദ്രൻ, അനിത രാജൻ പങ്കെടുത്തു.

## ദുബൈയിൽ നിക്ഷേപത്തിൽ ഇന്ത്യൻ കമ്പനികൾ മുന്നിൽ

ദുബൈ: ആഗോള നഗരമായി മാറിയ ദുബൈയിൽ നിക്ഷേപമിറക്കാൻ ഇന്ത്യൻ കമ്പനികൾ കൂടുതലായി എത്തുന്നു. 2024 ന്റെ ആദ്യ പകുതിയിൽ ചേംബറിൽ അംഗമാകുന്ന പുതിയ ഇമാറാത്തി ഇതര കമ്പനികളുടെ പട്ടികയിൽ ഇന്ത്യ ഒന്നാമത്. 7,860 പുതിയ കമ്പനികളുമായി ഇന്ത്യൻ നിക്ഷേപകർ ഒന്നാമതെത്തിയതായി ദുബൈ ചേംബർ ഓഫ് കൊമേഴ്സ് അറിയിച്ചു. ഇന്ത്യൻ കമ്പനികളെ ആകർഷിക്കാനും നിക്ഷേപം നടത്താനുമുള്ള ദുബൈയുടെ ശ്രമങ്ങളെ ഇത് സൂചിപ്പിക്കുന്നു. മാത്രമല്ല സുരക്ഷിതമായ നിക്ഷേപ മേഖലയെന്ന നിലയിലും കമ്പനികൾ ദുബൈയിലേക്ക് വരുന്നു. ദുബൈ രാജ്യാന്തരഹബ്ബായി മാറിയതിന്റെ ഗുണഫലവും കമ്പനികളെ ആകർഷിക്കാൻ പ്രചോദനമായി. പാക്കിസ്ഥാൻ, ഈജിപ്ത്, സിറിയ, യുകെ, ബംഗ്ലാദേശ്, ഇറാഖ്, ചൈന, സുഡാൻ, ജോർദാൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളും ദുബൈ ചേംബറിലെപുതിയ അംഗ കമ്പനികളുടെ മുൻനിരയിൽ ഇടം നേടി.

റിയൽ എസ്റ്റേറ്റ്, വാടക, ബിസിനസ് സേവനങ്ങൾ, നിർമാണം, ഗതാഗതം, സംഭരണം, ആശയവിനിമയം, സാമൂഹികവും വ്യക്തിഗതവുമായ സേവനങ്ങൾ എന്നിവയ്ക്ക് തൊട്ടുപിന്നാലെ ആകെ 41.5% വ്യാപാരവും റിപയറിങ് സേവന മേഖലയും ഒന്നാം സ്ഥാനത്താണ്. 2023നെ അപേക്ഷിച്ച് 23.5% വളർച്ചാ നിരക്കോടെ മികച്ച അഞ്ച് മേഖലകളിൽ ഏറ്റവും ശക്തമായ വളർച്ചയാണ് നിർമാണ മേഖല കൈവരിച്ചത്. ഗതാഗതം, സംഭരണം, വാർത്താവിനിമയ മേഖലകൾ 13.6% വളർച്ചാ നിരക്ക് കൈവരിച്ചു. റിയൽ എസ്റ്റേറ്റ്, വാടകയ്ക്ക് നൽകൽ, ബിസിനസ് സേവനങ്ങൾ എന്നിവ വർഷാവർഷം 9.5% വർധനവോടെ മൂന്നാം സ്ഥാനത്താണ്.

## ഷാർജ ഇന്ത്യൻ അസോസിയേഷനിൽ ഇന്ന് സ്വാതന്ത്ര്യ ദിനാഘോഷം

ഷാർജ: ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷ ഭാഗമായി വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഇന്ത്യൻ അസോസിയേഷൻ ഷാർജ പ്രസിഡന്റ് നിസാർ തളങ്കരയും ജനറൽ സെക്രട്ടറി പി ശ്രീപ്രകാശും അറിയിച്ചു. ഇന്നു രാവിലെ 8 മണിക്ക് ഷാർജ അൽ മനാക്ക് ഏരിയയിലെ ഇന്ത്യൻ അസോസിയേഷൻ ഷാർജ ആസ്ഥാനത്ത് ദേശീയ പതാക ഉയർത്തുന്നതോടെ പരിപാടികൾക്ക് തുടക്കമാവും. വൈകുന്നേരം നാല് മണി മുതൽ രക്ത ദാന ക്യാമ്പ് നടക്കും. തുടർന്ന് 7 മണി മുതൽ ഇന്ത്യൻ അസോസിയേഷൻ കമ്മ്യൂണിറ്റി ഹാളിൽ സ്വാതന്ത്ര്യ ദിന സാംസ്കാരിക സമ്മേളനവും രാജ്യ വളർച്ചയും പാരമ്പര്യവും പ്രതിഫലിപ്പിക്കുന്ന വൈവിധ്യമാർന്ന കലാപരിപാടികളും അരങ്ങേറുമെന്നും ഭാരവാഹികൾ അറിയിച്ചു.

## സുഡാനിലേക്ക് കുവൈത്ത് സഹായം

കുവൈത്ത് സിറ്റി: ദുരിതാശ്വാസ സാധനങ്ങളുമായി കുവൈറ്റ് റെഡ് ക്രസന്റ് വിമാനം സുഡാനിലേക്ക് പുറപ്പെട്ടു. റെഡ് ക്രസന്റ് സൊസൈറ്റി സജ്ജമാക്കിയ ആദ്യ വിമാനത്തിൽ 10 ടൺ സംരക്ഷണ സാമഗ്രികളും, ടെന്റുകളുമാണുള്ളത്. സുഡാനിലെ പ്രയാസം അനുഭവിക്കുന്ന ജനതയുടെ ദുരിതം ലഘൂകരിക്കുകയെന്നതാണ് റെഡ് ക്രസന്റ് ലക്ഷ്യമിടുന്നത്.

K.R.C.S
جمعية الهلال الأحمر الكويتي
Kuwait Red Crescent Society






**വെസ്റ്റ്ബാങ്കിലും അരുംകൊല തുടരുന്നു**

# ഗസ്സ വംശഹത്യ: മരണം 40,000ലേക്ക്

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിൽ 24 മണിക്കൂറിനിടെ 36 ഫലസ്തീനികളെക്കൂടി കൊലപ്പെടുത്തി ഇസ്രാഈൽ ആക്രമണം തുടരുന്നു. ഇന്നലെ രാവിലെ മാത്രം 20 പേർ കൊല്ലപ്പെട്ടു. അന്താരാഷ്ട്ര സമൂഹത്തിന്റെ മൗനം മുതലെടുത്ത് ഇസ്രാഈൽ തുടരുന്ന കൂട്ടക്കുരുതിയിൽ മരണനിരക്ക് അതിവേഗം ഉയരുകയാണ്. ഒക്ടോബർ ഏഴിനുശേഷം 39,965 പേർ കൊല്ലപ്പെട്ടതായി കണക്കുകൾ വ്യക്തമാക്കുന്നു. ബത്നുസ്സമീനിൽ ഒരു പാർപ്പിട സമുച്ചയത്തിനുനേരെയുണ്ടായ വ്യോമാക്രമണത്തിൽ രണ്ടു പേർ കൊല്ലപ്പെടുകയും അനവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇന്നലെ ഖാൻ യൂനിസിൽ കൊല്ലപ്പെട്ട അഞ്ചു പേരിൽ മൂന്നുപേർ കുട്ടികളാണ്.

അതേസമയം അധിനിവേശ വെസ്റ്റ്ബാങ്കിലും ഇസ്രാഈൽ അരുംകൊലകൾ തുടരുകയാണ്. തൂബാസ്, തമ്മൂൻ നഗരങ്ങളിൽ അഞ്ച് ഫലസ്തീനികൾ കൊല്ലപ്പെട്ടു. റെയ്ഡിനെത്തിയ ഇസ്രാഈൽ സേനയുമായി ഫലസ്തീനികൾ ഏറ്റുമുട്ടി. തൂബാസിൽ ഒരാൾ വെടിവെപ്പിലും തമ്മൂനിൽ നാലു പേർ ഡ്രോണാക്രമണത്തിലുമാണ് കൊല്ലപ്പെട്ടത്. ഇവരിലൊരാൾ തങ്ങളുടെ പോരാളിയാണെന്ന് ഹമാസിന്റെ സായുധ വിഭാഗമായ ഖസ്സാം ബ്രിഗേഡ് അറിയിച്ചു. ഇസ്രാഈൽ സേനയുടെ വെടിവെപ്പിൽ അമേരിക്കൻ പൗരന് പരിക്കേറ്റ സംഭവത്തിൽ യു.എസ് സ്റ്റേറ്റ് ഡിപ്പാർട്മെന്റ് ആശങ്ക പ്രകടിപ്പിച്ചു. ഫലസ്തീനികൾക്ക് പിന്തുണ പ്രഖ്യാപിച്ച് അധിനിവേശ വെസ്റ്റ്ബാങ്കിലെത്തിയ അദ്ദേഹത്തിന്റെ കാലിനാണ് വെടിയേറ്റത്.



ഗസ്സയിലെ ഖാൻ യൂനിസിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത വീടിന്റെ അവശിഷ്ടങ്ങളിൽനിന്ന് പുറത്തെടുത്ത മൃതദേഹം ആശുപത്രിയിലേക്ക് മാറ്റുന്നു

## ലോക പൈതൃക ഭൂമിയിലും ഇസ്രാഈൽ അധിനിവേശം

റാമല്ല: അധിനിവേശ വെസ്റ്റ് ബാങ്കിൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലുൾപ്പെട്ട പ്രദേശത്ത് പുതിയ ജൂത കുടിയേറ്റ ഭവനങ്ങൾക്ക് അനുമതി നൽകി ഇസ്രാഈൽ. ജറൂസലമിന് തെക്ക് ഗഷ് എത്സിയണിൽ നഹാൽ ഹെലെറ്റ്സ് കുടിയേറ്റ പദ്ധതിക്കുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയതായി ഇസ്രാഈൽ പ്രതിരോധ മന്ത്രി ബെസലേൽ സ്മോട്രിച്ച് പറഞ്ഞു.
വെസ്റ്റ്ബാങ്കിലെ കുടിയേറ്റ നിർമാണ പ്രവർത്തന ങ്ങൾ ഇസ്രാഈലിന്റെ അനുമതിയോടെ ആണെങ്കിലും അല്ലെങ്കിലും അന്താരാഷ്ട്ര നിയമത്തിന് വിരുദ്ധമാണ്.
എന്നാൽ കുടിയേറ്റ പദ്ധതികളുടെ വ്യാപനം ആർ ക്കും തടയാൻ സാധിക്കില്ലെന്ന് സ്മോട്രിച്ച് വ്യക്തമാക്കി. ഫലസ്തീൻ രാഷ്ട്ര രൂപീകരണ പദ്ധതിക്കെതിരെ തങ്ങൾ പോരാട്ടം തുടരുമെന്നും അദ്ദേഹം പറഞ്ഞു. കിഴക്കൻ ജറൂസലമുൾപ്പെടുന്ന അധിനിവേശ വെസ്റ്റ്ബാങ്കിൽ നിലവിൽ ഏഴ് ലക്ഷത്തോളം ഇസ്രാഈലി കുടിയേറ്റക്കാർ താമസിക്കുന്നുണ്ട്.
ഫലസ്തീൻ-ഇസ്രാഈൽ പ്രശ്ന പരിഹാരത്തിനുള്ള പ്രധാന തടസ്സം അനധികൃത കുടിയേറ്റ പ്രവർത്തനങ്ങളാണ്. ഗസ്സ വംശഹത്യുടെ മറവിൽ ഫലസ്തീൻ പ്രദേശങ്ങൾ പൂർണമായും വിഴുങ്ങാനുള്ള പദ്ധതിയുമായാണ് ഇസ്രാഈൽ മുന്നോട്ടുപോകുന്നത്.

# റഷ്യയെ ഞെട്ടിച്ച് കുർസ്കിൽ യുക്രെയ്ൻ പിടിമുറുക്കുന്നു

മോസ്കോ: റഷ്യയുടെ അതിർത്തി കടന്ന് യുക്രെയ്ൻ സേന മുന്നേറ്റം തുടരുകയാണെന്ന് പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കി അവകാശപ്പെടുമ്പോൾ കുർസ്കിലെ അഞ്ച് പ്രദേശങ്ങളിലേക്ക് നുഴഞ്ഞുകയറാനുള്ള ശത്രുസേനയുടെ ശ്രമം പരാജയപ്പെടുത്തിയതായി റഷ്യയും വ്യക്തമാക്കി. അതിർത്തിയിൽനിന്ന് വിവിധ ദിശകളിലൂടെ പുതുതായി രണ്ടു കിലോമീറ്ററോളം ഉള്ളിലേക്ക് യുക്രെയ്ൻ സേന മുന്നേറിയതായും നൂറിലേറെ റഷ്യൻ സൈനികരെ പിടികൂടിയതായും സെലൻസ്കി പറയുന്നു. യുക്രെയ്ൻ നടത്തിയ അപ്രതീക്ഷിത ആക്രമണത്തെ തുടർന്ന് ബെൽഗറോദിൽ റഷ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. കുർസ്കിന്റെ ആയിരം ചതുരശ്ര പ്രദേശം പിടിച്ചെടുത്തതായി യുക്രെയ്ൻ സൈനിക മേധാവി പറയുന്നു. അതിർത്തിയിൽനിന്ന് 30 കിലോമീറ്ററോളം യുക്രെയ്ൻ എത്തിയതായി റഷ്യ സമ്മതിക്കുന്നുണ്ട്.
കുർസ്കിലെ 28 ഗ്രാമങ്ങൾ യുക്രെയ്ന്റെ നിയന്ത്രണത്തിലാണെന്ന് മേഖലാ ഗവർണർ അറിയിച്ചു. അതേസമയം കുർസ്കിലേക്കുള്ള യുക്രെയ്ൻ കടന്നുകയറ്റം റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെ സംബന്ധിച്ചിടത്തോളം വൻ പ്രതിസന്ധിയാണെന്ന് യു.എസ് പ്രസിഡന്റ് ജോ ബൈഡൻ വ്യക്തമാക്കി.
യുക്രെയ്ന്റെ സൈനിക നീക്കങ്ങളെക്കുറിച്ച് തങ്ങൾക്ക് അറിയില്ലെന്നും അദ്ദേഹം പറഞ്ഞു. കുർസ്കിലെ യുക്രെയ്ൻ സൈനിക നീക്കങ്ങൾക്ക് ഫിൻലൻഡ് പിന്തുണ പ്രഖ്യാപിച്ചു. ആത്മരക്ഷാ നടപടികളെടുക്കാൻ യുക്രെയ്ന് അവകാശമുണ്ടെന്ന് ഫിന്നിഷ് പ്രധാനമന്ത്രി പെറ്റെറി ഓർപോ പറഞ്ഞു. അതിനിടെ ബാൾട്ടിക് കടലിന് അടിയിലൂടെ റഷ്യയിൽനിന്ന് ജർമനിയിലേക്ക് പ്രകൃതി വാതകം എത്തിക്കുന്ന നോർഡ് സ്ട്രീം വാതക പൈപ്പ്ലൈൻ തകർത്തതുമായി ബന്ധപ്പെട്ട് ഒരു യുക്രെയ്ൻ മുങ്ങൽ വിദഗ്ധനെ അറസ്റ്റ് ചെയ്യാൻ ജർമനി പോളണ്ടിനോട് ആവശ്യപ്പെട്ടു. രണ്ട് വർഷം മുമ്പാണ് പൈപ്പ് ലൈനുകൾ തകർത്തത്. ജർമനിയിൽനിന്ന് അറസ്റ്റ് വാറന്റ് ലഭിച്ചെങ്കിലും കുറ്റാരോപിതനായ വ്യക്തി ജൂലൈ ആദ്യം രാജ്യം വിട്ടതിനാൽ അറസ്റ്റ് നടക്കില്ലെന്ന് പോളിഷ് പ്രോസിക്യൂഷൻ അറിയിച്ചു.



യുക്രെയ്ന്റെ യുദ്ധ മുന്നണി ലക്ഷ്യമിട്ട് നിങ്ങുന്ന റഷ്യൻ സൈനികർ



അബുദാബി മലപ്പുറം ജില്ലാ കെഎംസിസിയും താനൂർ മണ്ഡലം കെഎംസിസിയും സംയുക്തമായി സംഘടിപ്പിച്ച കുട്ടി അഹമ്മദ്കുട്ടി അനുസ്മരണവും പ്രാർഥനാ സദസും അബുദാബി കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഷുകൂർ അലി കല്ലുങ്ങൽ ഉദ്ഘാടനം ചെയ്യുന്നു

## കുട്ടി അഹമ്മദ്കുട്ടി അനുസ്മരണവും പ്രാർഥനാ സദസ്സും

അബുദാബി: മുസ്ലിംലീഗിന്റെ സമുന്നത നേതാവും മുൻ മന്ത്രിയുമായിരുന്ന കുട്ടി അഹമ്മദ്കുട്ടിയുടെ നിര്യാണത്തിൽ അബുദാബി മലപ്പുറം ജില്ലാ കെഎംസിസിയും താനൂർ മണ്ഡലം കെഎംസിസിയും സംയുക്തമായി അനുസ്മരണയും പ്രാർഥനാ സദസും സംഘടിപ്പിച്ചു. ഇന്ത്യൻ ഇസ്ലാമിക് സെന്ററിൽ മയ്യത്ത് നമസ്കാരാനന്തരം അനുസ്മരണ സംഗമം നടന്നു. അബുദാബി കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഷുകൂർ അലി കല്ലുങ്ങൽ ഉദ്ഘാടനം ചെയ്തു. അബ്ദുല്ല ഫൈസി പ്രാർഥനക്ക് നേതൃത്വം നൽകി. ജില്ലാ പ്രസിഡന്റ് അസീസ് കളിയാടാൻ അധ്യക്ഷനായി. നാസർ വൈലത്തൂർ സ്വാഗതവും സമീർ പുറത്തൂർ നന്ദിയും പറഞ്ഞു. ഇന്ത്യൻ ഇസ്ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടി.ഹിദായത്തുല്ല പറപ്പൂർ,താനൂർ മണ്ഡലം പ്രസിഡന്റ് ഉസ്മാൻ നെച്ചിക്കാട്ട്, സംസ്ഥാന ഭാരവാഹികളായ അഷ്റഫ് പൊന്നാനി, റഷീദ് പട്ടാമ്പി, ഹംസ നടുവിൽ, മുൻ സംസ്ഥാന ഭാരവാഹി റഷീദലി മമ്പാട് പ്രസംഗിച്ചു. മലപ്പുറം ജില്ലാ ഭാരവാഹികളും താനൂർ മണ്ഡലം ഭാരവാഹികളും മറ്റു കെഎംസിസി പ്രവർത്തകരും പങ്കെടുത്തു.

## തായ്ലൻഡ് പ്രധാനമന്ത്രിയെ ഭരണഘടനാ കോടതി പുറത്താക്കി

ബാങ്കോക്ക്: ക്രിമിനൽ പശ്ചാത്തലമുള്ള അഭിഭാഷകനെ മന്ത്രിസഭയിലുൾപ്പെടുത്തിയതിന് പ്രധാനമന്ത്രി ശ്രേത്ത തവിസിനെ തായ്ലൻഡ് ഭരണഘടനാ കോടതി പുറത്താക്കി.

2008ൽ കോടതിയലക്ഷ്യത്തിന് ആറു മാസം തടവ് അനുഭവിച്ച ഒരാളെ മന്ത്രിയാക്കിയത് ധാർമിക സദാചാര മാനദണ്ഡങ്ങളുടെ ലംഘനമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. ശ്രേത്തയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് 40 സെനറ്റർമാർ നൽകിയ ഹർജി പരിഗണിച്ചാണ് കോടതി നടപടി. വിവാദ നായകനായ മന്ത്രി രാജിവെച്ച് ശ്രേത്തയെ സംരക്ഷിക്കാൻ ശ്രമിച്ചിരുന്നു. തായ്ലൻഡിൽ ഇത്തരം അട്ടിമറികൾ പുതിയതല്ല. സൈന്യവും സർക്കാരും തമ്മിലുള്ള പകപോക്കൽ പലപ്പോഴും അട്ടിമറികളിലാണ് അവസാനിക്കാറുള്ളത്. തായ്ലൻഡിൽ 16 വർഷത്തിനിടെ പുറത്താക്കപ്പെടുന്ന നാലാമത്തെ പ്രധാനമന്ത്രിയാണ് ശ്രേത്ത. ഇനി പുതിയ പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കാൻ പാർലമെന്റ് സമ്മേളിക്കേണ്ടിവരും.

ഭരണഘടനാകോടതി വിധിയിൽ ശ്രേത്ത അത്ഭുതം പ്രകടിപ്പിച്ചു.

### പെൻഷനേഴ്സ് ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം

മലപ്പുറം: കേരള സർവീസ് പെൻഷനേഴ്സ് ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം 17ന് രാവിലെ 11 മണിക്ക് കോഴിക്കോട് ലീഗ് ഹൗസിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി എ.കെ സൈനുദ്ദീൻ അറിയിച്ചു.

# ഇസ്രാഈലിനെതിരെയുള്ള പ്രതികാര നടപടിയിൽനിന്ന് പിന്മാറില്ല: ഖാംനഇ

തെഹറാൻ: ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയെ കൊലപ്പെടുത്തിയതിന് ഇസ്രാഈലിനെതിരെ പ്രതികാര നടപടിയുണ്ടാകുമെന്ന് ആവർത്തിച്ച് വ്യക്തമാക്കി ഇറാൻ പരമോന്നത നേതാവ് അലി ഖാംനഇ.

ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദങ്ങൾക്കു വഴങ്ങി പദ്ധതിയിൽനിന്ന് പിന്മാറുന്ന പ്രശ്നമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

സൈനിക ഉദ്യോഗസ്ഥരും മത നേതാക്കളും ഉൾപ്പെടുന്ന സംഘത്തോട് സംസാരിക്കുകയായിരുന്നു ഖാംനഇ.
യുദ്ധത്തിൽനിന്നുള്ള തന്ത്രപരമല്ലാത്ത പിൻവാങ്ങൽ ദൈവീക കോപത്തിനിടയാക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മന:ശാസ്ത്രപരമായ യുദ്ധ തന്ത്രങ്ങളിലൂടെ ഭീതി സൃഷ്ടിച്ച് ഇറാനെ പിന്തിരിപ്പിക്കാനാണ് ശത്രു ശ്രമിക്കുന്നത്. 'നിങ്ങൾ അമേരിക്കയേയും ബ്രിട്ടനെയും സയണിസ്റ്റുകളെയും പേടിക്കണമെന്നാണ് ഇസ്ലാമിക വിപ്ലവത്തിന്റെ വിജയം മുതൽ ശത്രുക്കൾ ഞങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്നത്.' പക്ഷേ അത്തരം പേടിപ്പെടുത്തലുകൾക്ക് ഇറാൻ വഴങ്ങില്ലെന്ന് ഖാംനഇ പറഞ്ഞു.
ഗസ്സയിൽ വെടിനിർത്തൽ പ്രഖ്യാപിച്ചാൽ ഇറാൻ ആക്രമണത്തിൽനിന്ന് പിന്മാറിയേക്കുമെന്ന് യു.എസ് പ്രസിഡന്റ് ജോ ബൈഡൻ അഭിപ്രായപ്പെട്ടിരുന്നു.




അജ്മാൻ കെഎംസിസി ഉദുമ മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകിയവരെ ആദരിക്കുന്നു

## ഉദുമ മണ്ഡലം അജ്മാൻ കെഎംസിസി മെഡിക്കൽ ക്യാമ്പ്

അജ്മാൻ: അജ്മാൻ കെ എം സി സി ഉദുമ മണ്ഡലം കമ്മിറ്റി മോഡേൺ മെഡിക്കൽ സെന്ററിന്റെ സഹകരണത്തോടെ നടത്തിയ മെഡിക്കൽ ക്യാമ്പ് സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി അഷറഫ് നീർച്ചാൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എ.വൈ മുഹമ്മദ് അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റ് ഹസൈനാർ കാഞ്ഞങ്ങാട്, മോഡേൺ മെഡിക്കൽ സെന്റർ മാനേജർ സോജി ജോർജ്, ഡോക്ടർമാരായ മൻഷാദ് മുഹമ്മദ്,രവി കുമാർ,സൈനബ് ബീഗം, കെഎംസിസി ഉദുമ മണ്ഡലം ജനറൽ സെക്രട്ടറി ഇഖ്ബാൽ ആലൂർ,ട്രഷറർ കെ. എസ് അബ്ദുല്ല, പെട്രോക്യുയർ മാനേജിങ് പാർട്ണർ മത്തിയുറഹ്മാൻ , സൈബർ വിങ് സംസ്ഥാനപ്രസിഡന്റ് എൻ.എം അബ്ദുല്ല ഹാജി, അജ്മാൻ കെഎം സിസി കാസർകോട് ജില്ലാ ആക്ടിങ് പ്രസിഡന്റ് ഇല്യാസ് പള്ളങ്കോഡ്, മണ്ഡലം വൈസ് പ്രസിഡന്റ് യൂനുസ് ബോവിക്കാനം,സെക്രട്ടറി ഹമീദ് ദേലംപാടി, ഉനൈസ് മയിനാടി , ഇഖ്ബാൽ കളനാട് പങ്കെടുത്തു.

## ദേശീയ ഉർദു സെമിനാർ ഇന്ന്

കോഴിക്കോട്: ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഉർദു ഭാഷയുടെ പങ്ക് എന്ന വിഷയത്തിൽ കേരള ഉർദു ടീച്ചേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന ദേശീയ ഉർദു സെമിനാർ ഇന്ന് ഉച്ചക്ക് രണ്ടുമണിക്ക് കോഴിക്കോട് കെ.പി കേശവമേനോൻ ഹാളിൽ നടക്കും. കോഴിക്കോട് കോർപറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. എഴുത്തുകാരനും നോവലിസ്റ്റുമായ കെ.പി രാമനുണ്ണി മുഖ്യ പ്രഭാഷണം നടത്തും. സാഹിത്യ നഗരം പുരസ്കാരം നേടിയ കോഴിക്കോടുള്ള ഉപഹാരം അദ്ദേഹം മേയർക്ക് സമർപ്പിക്കും. ബാംഗ്ലൂർ യൂണിവേഴ്സിറ്റി ഉർദു വിഭാഗം മേധാവി ഡോ.അനുപമ പോൾ വിശിഷ്ടാതിഥിയായിരിക്കും. ഉർദു ഗവേഷകനും എഴുത്തുകാരനും കെ.യുടി.എ സംസ്ഥാന പ്രസിഡണ്ടുമായ ഡോ. കെ.പി ഷംസുദ്ദീൻ തിരൂർക്കാട് മോഡറേറ്ററായിരിക്കും. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഉർദുവിഭാഗം തലവൻ ഡോ. കെ.വി നകുലൻ ആമുഖ വിഷയാവതരണം നടത്തും.




മുസ്ലിംലീഗ് വയനാട് ഫണ്ടിലേക്ക് പേരാമ്പ്ര മണ്ഡലം വനിതാ കെഎംസിസിയുടെ വിഹിതം ദുബൈ കോഴിക്കോട് ജില്ലാ കെഎംസിസി ഭാരവാഹികൾക്ക് കൈമാറുന്നു

## വയനാടിനെ ചേർത്തു പിടിച്ചു മാതൃകയായി വനിതാ കെഎംസിസി

ദുബൈ: മുസ്ലിംലീഗ് വയനാട് ദുരിതാശ്വാസ പുനരധിവാസ ഫണ്ടിലേക്ക് ദുബൈ കെഎംസിസി കോഴിക്കോട് ജില്ലാ കമ്മറ്റി പ്രഖ്യാപിച്ച ഫണ്ട് ശേഖരണത്തിൽ പേരാമ്പ്ര മണ്ഡലം വനിതാ കെഎംസിസിയും പങ്കാളികളായി. വനിതാ പ്രവർത്തകരിൽ നിന്നും സ്വരൂപിച്ച ഫണ്ട് പ്രസിഡന്റ് നാദിയ നൂറുദ്ദീൻ, ജനറൽ സെക്രട്ടറി നിദ ഫാത്തിമ,ട്രഷറർ ഹഫ്സത്ത് സമീർ എന്നിവരിൽ നിന്നും ദുബൈ കെഎംസിസി ആക്ടിങ് പ്രസിഡന്റ് തെക്കയിൽ മുഹമ്മദിന്റെ നേതൃത്വത്തിൽ ജില്ലാ ഭാരവാഹികൾ ഏറ്റുവാങ്ങി. ചടങ്ങിൽ ജില്ലാ ജനറൽ സെക്രട്ടറി ജലീൽ മശ്ഹൂർ തങ്ങൾ, ജില്ലാ ഭാരവാഹികളായ ഇസ്മയിൽ ചെരുപ്പേരി,കെ.പിഅബ്ദുൽ വഹാബ്,ജസീൽ കായണ്ണ, പേരാമ്പ്ര മണ്ഡലം കെഎംസിസി ആക്ടിങ് പ്രസിഡന്റ് അസീസ് വി.സി,ജനറൽ സെക്രട്ടറി നജ്മൽ കെ.കെ, ട്രഷറർ സി.കെ.സി ജമാൽ,സെക്രട്ടറി സമീർ പി.വി അരിക്കുളം, മേപ്പയ്യൂർ പഞ്ചായത്ത് പ്രസിഡന്റ് ഇസ്മായിൽ എന്നിവർ പങ്കെടുത്തു.



അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെന്റർ സ്പോർട്സ് വിങ് സംഘടിപ്പിക്കുന്ന 'ഇൻഡിപെൻഡൻസ് കപ്പ്' ഇൻഡോർ നാനോ ഫുട്ബോൾ ടൂർണമെന്റിന്റെ പോസ്റ്റർ പ്രകാശനം ജനറൽ സെക്രട്ടറി ടി. ഹിദായത്തുല്ല പറപ്പൂർ നിർവഹിക്കുന്നു

## എസ്.കെ.എസ്.ബി.വി 'സ്വാതന്ത്ര്യദിന പുലരി' ഇന്ന്

ചേളാരി: ഇന്ത്യയുടെ 77-ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 15 ന് സമസ്ത കേരള സുന്നി ബാലവേദി സമസ്തയുടെ 10,817 അംഗീകൃത മദ്രസതലങ്ങളിൽ രാവിലെ 7 30ന് 'സ്വാതന്ത്ര്യ ദിന പുലരി' എന്ന പേരിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. പതാക ഉയർത്തൽ, ദേശീയ പതാക നിർമാണ മത്സരം, ദേശസ്നേഹ ഗാനാലാപന മത്സരം, കൊളാഷ് മേക്കിങ് മത്സരം, സ്വാതന്ത്ര്യദിന സന്ദേശ പ്രഭാഷണം, മധുര വിതരണം തുടങ്ങിയവയാണ് പ്രധാന പരിപാടികൾ.

## ഇന്ത്യൻ ഇസ്ലാമിക് സെന്റർ നാനോ ഫുട്ബോൾ ടൂർണമെന്റ് ശനിയാഴ്ച

അബുദാബി: ഇന്ത്യൻ ഇസ്ലാമിക് സെന്റർ സ്പോർട്സ് വങ് സംഘടിപ്പിക്കുന്ന 'ഇൻഡിപെൻഡൻസ് കപ്പ്' ഇൻഡോർ പ്രഥമ നാനോ ഫുട്ബോൾ ടൂർണമെന്റ് ആഗസ്ത് 17ന് ശനിയാഴ്ച രാത്രി 7 മണി മുതൽ ഇന്ത്യൻ ഇസ്ലാമിക് സെന്ററിൽ നടക്കും. യുഎഇയിലെ 16 പ്രമുഖ ടീമുകൾ മാറ്റുരക്കുന്ന നാനോ സോക്കർ ടൂർണമെന്റിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0507902965,026424488

## വയനാട് ദുരന്തം: മലബാർ ഗ്രൂപ്പ് മൂന്നു കോടിയുടെ സഹായമെത്തിക്കും

കോഴിക്കോട്: വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിൽപെട്ടവരെ സഹായിക്കുന്നതിന് മലബാർ ഗ്രൂപ്പ് മൂന്നു കോടി രൂപയുടെ സഹായമെത്തിക്കുമെന്ന് ചെയർമാൻ എം.പി അഹമ്മദ് അറിയിച്ചു. ഭക്ഷണം, മരുന്ന്, വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കാനുള്ള സഹായം എന്നിവ മലബാർ ഗ്രൂപ്പ് അടിയന്തരമായി ലഭ്യമാക്കും.

കേരളം കണ്ട ഏറ്റവും ദാരുണമായ ദുരന്തത്തിന് ഇരയായവരെ സഹായിക്കാൻ മനുഷ്യസ്നേഹികളായ എല്ലാവരും മുന്നോട്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു. വയനാട്ടിലെ പുത്തുമല ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 15 കുടുംബങ്ങൾക്ക് മലബാർ ഗ്രൂപ്പ് വീട് വെച്ച് നൽകിയിരുന്നു.

## പ്രവാസം ഓർത്തെടുക്കുന്ന റിയാദ് റീ യൂണിയൻ 17ന്

കോഴിക്കോട്: സഊദി അറേബ്യയുടെ തലസ്ഥാനമായ റിയാദ് നഗരത്തിലും നഗരത്തോട് ചേർന്നുള്ള ചെറു പട്ടണങ്ങളിലും ഗ്രാമങ്ങളിലും പ്രവാസ ജീവിതം നയിച്ച മലയാളികളുടെ കൂട്ടായ്മയായ 'റിയാദ് ഡയസ്പോറ' സംഘടിപ്പിക്കുന്ന 'റിയാദ് റൂട്ട്സ് റി-യൂണിയൻ' ആഗോള സംഗമം 17 ന് കോഴിക്കോട് റാവിസ് കടവ് റിസോട്ടിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംഘടനയുടെ പ്രഥമ റീ യൂണിയനാണിത്.

പൊതുമരാമത്ത് വകുപ്പ്, ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യും. എം.പി അബ്ദുസ്സമദ് സമദാനി എം.പി, എം.കെ മുനീർ എം.എൽ.എ, ടി. സിദ്ദീഖ് എം.എൽ.എ എന്നിവർ വിശിഷ്ടാതിഥികളാകും. റിയാദ് പ്രവാസി സമൂഹത്തിൽ വ്യത്യസ്ത മേഖലകളിൽ അടയാളപ്പെടുത്തിയവരെ സൗഹൃദത്തിന്റെ വിശാലമായ കുടക്കീഴിൽ കൊണ്ട്വരികയാണ് സംഗമം ലക്ഷ്യം വെക്കുന്നതെന്ന് ചെയർമാൻ ഷക്കീബ് കൊളക്കാടൻ പറഞ്ഞു.

പരിപാടിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് riyadhdiaspora@gmail.com എന്ന വിലാസത്തിലോ +91-8592882356, +91-8606442228, എന്ന നമ്പറുകളിലോ ബന്ധപ്പെടാമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അഡ്വൈസറി ബോഡ് ചെയർമാൻ അഷ്റഫ് വേങ്ങാട്ട്, ജനറൽ കൺവീനർ നാസർ കാരന്തൂർ എന്നിവരും വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.






gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 സഫർ 11 • 1199 കർക്കിടകം 31

# നിരീക്ഷണം

ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങൾ സ്ഥാപിക്കുകയും, അളവ് നിർണയിക്കപ്പെട്ട എല്ലാ വസ്തുക്കളും അതിൽ നാം മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.

( വിശുദ്ധ ഖുർആൻ: 15: 19 )

## സ്വാതന്ത്ര്യം @ 78

രാജ്യം സ്വാതന്ത്ര്യത്തിന്റെ 78 ാം വർഷത്തിലേക്ക് കാലെടുത്തുവെക്കുകയാണ്. മതങ്ങളുടെ മാതാവും സംസ്കാരങ്ങളുടെ പ്രഭവ കേന്ദ്രവുമായ നമ്മുടെ രാജ്യത്തിന്റെ ഓരോ സ്വാതന്ത്ര്യ ദിനവും ലോകത്തിനു തന്നെ വലിയ സന്ദേശമാണ് നൽകിക്കൊണ്ടിരുന്നത്. ജനാധിപത്യം, മതേതരത്വം, ഫെഡറലിസം തുടങ്ങിയ ആധുനിക രാഷ്ട്ര സങ്കൽപങ്ങൾ തകർക്കപ്പെടുന്നതിന്റെ ആർത്ത നാദങ്ങൾ വിവിധ ദിക്കുകളിൽ നിന്ന് മുഴങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് മതങ്ങളും ജാതികളും ഉപജാതികളുമെല്ലാം കെട്ടുപിണഞ്ഞുകിടക്കുന്ന ഇന്ത്യ അത്ഭുതകരമായി ഈ സങ്കൽപങ്ങളെ ഹൃദയത്തോട് ചേർത്തുവെച്ച് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. 1947 ൽ ഇവിടെനിന്ന് കെട്ടുകെട്ടുമ്പോഴും തിരിച്ചുവരവിന്റെ അതി വിദൂരമായ സാധ്യത ബ്രിട്ടീഷുകാർ അവശേഷിപ്പിച്ചിരുന്നു. തങ്ങൾ വിതറിയിട്ട ഭിന്നിപ്പിന്റെ വിത്തുകൾ വീണ്ടും മുളച്ചുപൊന്തുന്നതിലും അതുവഴി രാജ്യം അരാജകത്വത്തിലേക്ക് കൂപ്പുകുത്തുന്നതിലുമായിരുന്നു സാമ്രാജ്യത്വത്തിന്റെ കഴുകക്കണ്ണുകൾ നോട്ടമിട്ടിരുന്നത്. എന്നാൽ പാരസ്പര്യത്തിന്റെയും ഉൾക്കൊള്ളലിന്റെയും മഹാമാതൃകയിലൂടെ വൈജാത്യങ്ങളെ അലങ്കാരവും ആഭരണവുമാക്കി മാറ്റുകയായിരുന്നു മഹത്തായ നമ്മുടെ നാട്. ധിഷണാശാലികളായിരുന്ന നമ്മുടെ പൂർവസൂരികൾ സ്വാതന്ത്ര്യ ലബ്ധിയെന്ന മഹത്തായ ലക്ഷ്യം കൈവരിച്ചതിനു ശേഷം അതിൽ അഭിരമിച്ചു കഴിയുന്നതിനു പകരം പുതിയൊരു ഇന്ത്യയെ കെട്ടിപ്പടുക്കുകയെന്ന അതി തീക്ഷ്ണമായ ഉത്തരവാദിത്തം സ്വയം ചുമലിലേറ്റുകയായിരുന്നു. ഗാന്ധി നേടിത്തന്ന സ്വാതന്ത്ര്യത്തെ നെഹ്റുവും അംബേദ്കറും അബുൽ കലാം ആസാദുമെല്ലാം ചേർന്ന് അതിന്റെ പൂർണതയിലേക്ക് നയിച്ചുകൊണ്ടേയിരുന്നു. മുൻഗാമികൾ ഒരുക്കിവെച്ച അടിത്തറ അത്രമേൽ ഭദ്രമായിരുന്നതിനാൽ ലോകത്തിന്റെ നെറുകയിലേക്ക് നമ്മൾ അതിവേഗം കുതിച്ചുകൊണ്ടിരുന്നു. വെല്ലുവിളികളുടെയും പ്രതിബന്ധങ്ങളുടെയും കാറ്റും കോളും രൂപപ്പെട്ടപ്പോഴെല്ലാം മഹത്തായ ഭരണഘടനയും ഉജ്ജ്വലമായ പൈതൃകവും നമുക്ക് ആത്മവിശ്വാസവും ആത്മ ധൈര്യവും പകർന്നു. സ്വാതന്ത്ര്യത്തിന്റെ 78 ാം പൊൻപുലരിയും പ്രതീക്ഷകളുടേത് തന്നെയാണ്. തലമുറകൾ കൈമാറി നമ്മിലേക്കെത്തിയ മഹത്തായ മൂല്യങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നുവോയെന്ന ആശങ്കകൾക്ക് വിരാമമിട്ട, തെളിഞ്ഞ ആകാശത്തിലേക്കാണ് ഇന്ന് നമ്മൾ ത്രിവർണ പതാകയെ ഉയർത്തുന്നത്. രാജ്യത്തെ ധ്രുവീകരിക്കാനോ അപരവൽക്കരിക്കാനോ ഒരു ശക്തിക്കും സാധ്യമല്ലെന്ന് ഇന്ത്യയിലെ പൗരന്മാർ ഒന്നടങ്കം വിളിച്ചു പറഞ്ഞിരിക്കുകയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ പാർലമെന്റിൽ എതിർ ശബ്ദങ്ങളും വിയോജിപ്പുകളും ഉച്ചത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ചർച്ചകളോ സംവാദങ്ങളോ ഇല്ലാതെ ദോശചുട്ടെടുക്കുന്നതുപോലെ ബില്ലുകൾ പാസാക്കിയെടുത്തു നിന്ന് പാർലമെന്റിന്റെ സംയുക്ത സമിതികൾ വീണ്ടും സജീവമായിത്തീർന്നിരിക്കുന്നു. മതേതരത്വം ജീവശ്വാസവും ജനാധിപത്യം ഹൃദയമിടിപ്പുമായ ഈ രാജ്യം ആ വഴിയിൽ തന്നെ മുന്നോട്ടുപോകുമെന്ന് പുതിയ കാലവും വിളിച്ചുപറയുമ്പോൾ മഹത്തായ ആ സങ്കൽപങ്ങൾക്ക് കരുത്തുപകർന്ന് നമുക്ക് മുന്നോട്ടുപോകാം.

### ചരിത്രത്തിൽ ഇന്ന്

1877 തോമസ് ആൽവാ എഡിസൺ താൻ കണ്ടുപിടിച്ച ഗ്രാമഫോണിലൂടെ ചരിത്രത്തിലാദ്യത്തെ ശബ്ദലേഖനം നടത്തി.

1944 രണ്ടാം ലോക മഹായുദ്ധത്തിന്റെ അന്ത്യത്തിൽ ജപ്പാൻ കീഴടങ്ങിയതിനെ തുടർന്ന് , കൊറിയ മോചിപ്പിക്കപ്പെടുന്നു.

1947 ഇന്ത്യ ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം നേടി. ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായി.

1960 കോംഗോ റിപ്പബ്ലിക്ക് , ഫ്രാൻസിൽ നിന്നും സ്വാതന്ത്ര്യം നേടുന്നു.

1975 ബംഗ്ളാദേശിൽ പട്ടാള അട്ടിമറി. ഷേക്ക് മുജീബ് റഹ്മാനെയും കുടുംബത്തെയും വധിച്ച് സിയ റഹ്മാൻ അധികാരം പിടിച്ചെടുത്തു

# ഈ ലീഗ് വിരുദ്ധതക്ക് മരുന്നില്ല



ഷെരീഫ് സാഗർ

മുസ്ലിംലീഗ് എന്ത് ചെയ്തു എന്ന ചോദ്യം പുതിയതല്ല. ഒന്നും ചെയ്യാത്തവരും എന്തെല്ലാമോ ചെയ്തുവെന്ന് വരുത്തി തീർക്കുന്നവരും 1948 മുതൽ ചോദിക്കുന്നതാണ്. പതിറ്റാണ്ടുകൾക്ക് മുമ്പ് ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് അതിന് മറുപടി കൊടുത്തിട്ടുണ്ട്. അതിങ്ങനെയാണ്: ഇവർ ചോദിക്കുന്നു, മുസ്ലിംലീഗ് എന്തിനാണ്, ലീഗ് എന്താണ് ഇത് വരെ ചെയ്തത് എന്നൊക്കെ. ഒരു രാജ്യത്ത് ഒരു രാഷ്ട്രീയ പാർട്ടി പ്രവർത്തിക്കുന്നത് ഒരു തുണിക്കട നടത്തുന്നത് പോലെയല്ല. ഇന്നെത്ര കച്ചവടം, മുതലെന്ത്, ലാഭമെന്ത് എന്നൊക്കെ ചോദിക്കുന്നത് പോലെ ഒരു നാടൻ കച്ചവടമല്ല രാഷ്ട്രീയം. അന്നന്ന് കൂട്ടിക്കിഴിച്ച് കണക്ക് നോക്കുന്ന വരവ് ചെലവ് കാര്യവുമല്ല അത്."

രാജ്യത്തോടുള്ള കൂറ് ചോദിച്ചവരോട് കെ.എം സീതി സാഹിബ് പറഞ്ഞത് പറയാൻ മനസ്സില്ല എന്നാണ്. അതായത് നിങ്ങൾ ചോദിക്കുന്നതിനൊക്കെ മറുപടി പറയാൻ പേനയും കടലാസുമെടുത്ത് കാത്തിരിക്കലല്ല മുസ്ലിംലീഗുകാരുടെ പണി. മുസ്ലിംലീഗ് എന്ത് ചെയ്തു എന്നും എന്ത് ചെയ്യുന്നു എന്നും ഇന്നാട്ടിലെ പൊതുസമൂഹത്തിനും സമുദായത്തിനും നന്നായറിയാം. സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ച വയനാട് പുനരധിവാസ ഫണ്ടിലേക്ക് ജനം കോടികൾ നിക്ഷേപിക്കുന്നത് ആ വിശ്വാസ്യത കൊണ്ടാണ്.

പ്രളയഫണ്ട് മുസ്ലിംലീഗ് എന്ത് ചെയ്തു എന്നാണ് കെ.ടി ജലീലിന്റെ ചോദ്യം. അങ്ങനെ കുറെ ചോദ്യങ്ങൾ ഇടക്കിടെ ചോദിച്ച് കൊണ്ടിരിക്കലാണ് അദ്ദേഹത്തിന്റെ പ്രധാന ജോലി. ഒരു പാർട്ടിയിലും മെമ്പർഷിപ്പെടുക്കാത്തത് കൊണ്ട് ഈ കണക്കുകളൊക്കെ കണ്ട് ബോധ്യപ്പെട്ട് മുസ്ലിംലീഗിന്റെ പഴയ മെമ്പർഷിപ്പ് പുതുക്കാനാണ് കെ.ടി ജലീൽ ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കുന്നത് എന്ന് ആരും വിചാരിക്കേണ്ട. പുട്ടിന് തേങ്ങ പോലെ ഇടക്കിടെ ലീഗ് വിരുദ്ധത പ്രക്ഷേപണം ചെയ്തില്ലെങ്കിൽ തന്റെ കുത്തിത്തിരിപ്പ് നിലയം പൂട്ടിപ്പോകുമെന്ന് അദ്ദേഹത്തിന് നല്ല നിശ്ചയമുണ്ട്. നിൽക്കുന്നിടത്ത് പിടിച്ചുനിൽക്കാനുള്ള ഒരു ട്രപ്പീസ് കളി മാത്രമാണിത്.

ചോദിച്ച സ്ഥിതിക്ക് പ്രളയകാലത്തെ കണക്ക് നിരത്താം. പ്രളയകാലത്ത് അഞ്ച് കോടി 11 ലക്ഷം രൂപയാണ് (5,11,64,091) മുസ്ലിംലീഗ് സംസ്ഥാന കമ്മിറ്റി സമാഹരിച്ചത്. അഞ്ച് കോടി 20 ലക്ഷം (5,20,63,519) രൂപയാണ് പ്രളയ ദുരിതാശ്വാസത്തിന് വേണ്ടി മുസ്ലിംലീഗ് ചെലവഴിച്ചത്. അതായത് പിരിച്ചതിനേക്കാൾ കൂടുതൽ. കണ്ണൂർ (7,99,510), വയനാട് (84,00,000), കോഴിക്കോട് (5734009), മലപ്പുറം (2,09,50000), തൃശൂർ (15,75,000), എറണാകുളം (53,00,000), ഇടുക്കി (12,00,000), കോട്ടയം (29,25,000), ആലപ്പുഴ (16,60,000), പത്തനംതിട്ട (11,25,000), കൊടക് (10,00,000), കെ.എം.സി.സി നിർദേശിച്ച 13 വീടുകളുടെ പുനർ നിർമാണം (13,95,000) തുടങ്ങി വിവിധ ജില്ലകളിൽ പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി. പ്രളയത്തിൽ തകർന്ന വീടുകളും ആരാധനാലയങ്ങളും പുനർ നിർമ്മിച്ചു. നൂറുകണക്കിനാളുകൾക്ക് ജീവിതോപാധികൾ നൽകി. പ്രളയത്തിൽ ബോട്ടുകൾ തകർന്ന താനൂരിലെ മത്സ്യ തൊഴിലാളികൾക്ക് പുതിയ ബോട്ടുകൾ തയ്യാറാക്കുന്നതിന് 54 ലക്ഷം രൂപ നൽകി. പ്രളയ ദുരിതാശ്വാസ ഫണ്ടിൽനിന്ന് നിലമ്പൂരിലെ പൂളപ്പാടത്ത് മുസ്ലിംലീഗ് സംസ്ഥാന കമ്മിറ്റി 10 വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഇതിന് പുറമെ ജില്ലാ കമ്മിറ്റികളും പ്രാദേശിക ഘടകങ്ങളും കോടിക്കണക്കിന് രൂപ ക്യാമ്പുകളിലും മറ്റുമായി ചെലവഴിച്ചിട്ടുമുണ്ട്. ഈ കണക്കുകളെല്ലാം അതാത് സമയങ്ങളിൽ ചന്ദ്രികയിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

സഖാക്കളും ജലീലും കവളപ്പാറയെക്കുറിച്ചും വ്യാജ പ്രചാരണം നടത്തുന്നുണ്ട്. കവളപ്പാറയുടെ പേരിൽ മുസ്ലിംലീഗ് പണപ്പിരിവ് നടത്തി എന്നാണ് ആരോപണം. കവളപ്പാറയുടെ പേര് പറഞ്ഞ് ഒരു രൂപ മുസ്ലിംലീഗ് ആരിൽനിന്നും പിരിച്ചിട്ടില്ല. എന്നാൽ കവളപ്പാറയിലും പാതാറിലും കരിഞ്ചോല മലയിലുമുണ്ടായ ഉരുൾപൊട്ടലിന്റെ ആഘാതം അനുഭവിച്ചവരെ സഹായിച്ചിട്ടുണ്ട്. പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി 50 കുടുംബങ്ങൾക്ക് വേണ്ടി മുസ്ലിംലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി മൂന്നേക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ഈ കണക്കൊന്നും ജലീലിനെ ബോധിപ്പിക്കാനുള്ളതല്ല. അദ്ദേഹത്തിന് ഇതൊന്നും ബോധിക്കുകയുമില്ല. ഇനി അഥവാ ബോധിച്ചാൽത്തന്നെ അടുത്ത കണക്ക് ചോദിച്ച് വരും. 1948 മുതൽ 2024 വരെയുള്ള കണക്ക് ബോധിപ്പിച്ചാലും ജലീലിനെപ്പോലുള്ളവരുടെ ചൊറിച്ചിലിന് പരിഹാരമാകില്ല. അങ്ങനെയുള്ളവരോട് പോയി പണി നോക്ക് എന്ന് മാത്രമേ മാന്യമായി പറയേണ്ടതുള്ളൂ. എന്നും ദുരിതബാധിത പ്രദേശങ്ങളിൽ ആദ്യം ഓടിയെത്തി ആശ്വാസ പ്രവർത്തനങ്ങളിൽ സജീവമാകുന്ന സംഘടനയാണ് മുസ്ലിംലീഗ്. മുസ്ലിം യൂത്ത് ലീഗിന്റെ വളണ്ടിയർ വിഭാഗമായ വൈറ്റ് ഗാർഡ് പ്രളയ കാലത്ത് വിവിധ പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ദുരന്തം പെയ്തിറങ്ങിയ വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും വൈറ്റ് ഗാർഡ് നടത്തിയ സേവന പ്രവർത്തനങ്ങളെ ദേശീയ മാധ്യമങ്ങൾ വരെ ഏറെ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്.

> പ്രളയകാലത്ത് അഞ്ച് കോടി 11 ലക്ഷം രൂപയാണ് (5,11,64,091) മുസ്ലിംലീഗ് സംസ്ഥാന കമ്മിറ്റി സമാഹരിച്ചത്. അഞ്ച് കോടി 20 ലക്ഷം (5,20,63,519) രൂപയാണ് പ്രളയ ദുരിതാശ്വാസത്തിന് വേണ്ടി മുസ്ലിംലീഗ് ചെലവഴിച്ചത്. അതായത് പിരിച്ചതിനേക്കാൾ കൂടുതൽ. കണ്ണൂർ (7,99,510), വയനാട് (84,00,000), കോഴിക്കോട് (5734009), മലപ്പുറം (2,09,50000), തൃശൂർ (15,75,000), എറണാകുളം (53,00,000), ഇടുക്കി (12,00,000), കോട്ടയം (29,25,000), ആലപ്പുഴ (16,60,000), പത്തനംതിട്ട (11,25,000), കൊടക് (10,00,000), കെ.എം.സി.സി നിർദേശിച്ച 13 വീടുകളുടെ പുനർ നിർമാണം (13,95,000) തുടങ്ങി വിവിധ ജില്ലകളിൽ പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി.

വയനാടിന് വേണ്ടി സമഗ്രമായ പുനരധിവാസ പാക്കേജാണ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചത്. കിടപ്പാടം നഷ്ടപ്പെട്ടവർക്ക് മുസ്ലിംലീഗ് 100 വീടുകൾ നിർമ്മിച്ചു നൽകും. പാർപ്പിട, ആരോഗ്യ, തൊഴിൽ, വിദ്യാഭ്യാസ മേഖലകളെയെല്ലാം സ്പർശിക്കുന്ന സമഗ്രപദ്ധതിയാണ് സംസ്ഥാന കമ്മിറ്റി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലേക്ക് കോടിക്കണക്കിന് രൂപയാണ് വന്നുകൊണ്ടിരിക്കുന്നത്. ഇത് കണ്ട് സഹിക്കാൻ പറ്റാത്തതിന്റെ ചൊറിച്ചിലാണ് പലരിൽനിന്നും പലരൂപത്തിൽ വന്നുകൊണ്ടിരിക്കുന്നത്.

സ്ഥിരമായി മുസ്ലിംലീഗിന് ക്ലാസ്സെടുക്കാൻ മാത്രം വാതുറക്കുന്ന ജലീൽ ഇങ്ങോട്ട് മാത്രം കണക്ക് ചോദിച്ചാൽ പോരല്ലോ. അങ്ങോട്ടും ചിലത് ചോദിക്കട്ടെ? സർക്കാരല്ല, സി.പി.എമ്മുകാർ കവളപ്പാറയിൽ എത്ര വീട് വെച്ചു? പ്രളയ ദുരിതാശ്വാസത്തിന് വേണ്ടി എന്ത് ചെയ്തു? റീബിൽഡ് കേരള എന്തായി? അഭിമന്യു രക്തസാക്ഷി ഫണ്ടെവിടെ? ഡൽഹി കലാപത്തിന് പിരിച്ച ലക്ഷങ്ങളെവിടെ? പയ്യന്നൂരിലും വഞ്ചിയൂരിലും സി.പി.എം പിരിച്ച രക്തസാക്ഷി ഫണ്ടിന്റെ കണക്കെവിടെ? ഇന്നേവരെ ദേശാഭിമാനിയിൽ ഈ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? പ്രസിദ്ധീകരിച്ച കണക്കിലെ തിരിമറിയും തട്ടിപ്പും വാർത്തയായത് ജലീൽ കണ്ടിട്ടുണ്ടോ? ഈ ലിസ്റ്റിന് നീളം കൂടുതലായത് കൊണ്ട് കൂടുതൽ ചോദിക്കുന്നില്ല. തൽക്കാലം ഈ കണക്കുകൾ നാളത്തെ ദേശാഭിമാനിയിൽ പ്രസിദ്ധീകരിക്കുമല്ലോ. അതിന് ശേഷം അടുത്തത് ചോദിക്കാം.

കോടിക്കണക്കിന് രൂപ ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ചെടുത്ത സർക്കാർ കവളപ്പാറയിൽ എന്താണ് ചെയ്തത്? 32 വീടുകൾ മാത്രമാണ് സർക്കാർ നിർമ്മിച്ച് കൊടുത്തത്. അതും ആ പാവപ്പെട്ട കുടുംബങ്ങളെ നാല് വർഷം ഒരു ഓഡിറ്റോറിയത്തിലെ ഹാളിൽ താമസിപ്പിച്ച ശേഷം. ഹൈക്കോടതി ഇടപെട്ടിട്ടാണ് ഈ വീടുകൾ തന്നെ കിട്ടിയത്. ബാക്കി 124 കുടുംബങ്ങൾക്ക് സന്നദ്ധ സംഘടനകളും വ്യക്തികളും സ്ഥാപനങ്ങളുമാണ് വീടൊരുക്കിയത്. ഉരുൾപൊട്ടി കൃഷി നശിച്ച നൂറുകണക്കിന് കർഷകർക്ക് ഇതുവരെ ഒരു സഹായവും കിട്ടിയിട്ടുമില്ല. 156 കുടുംബങ്ങളെ ആറ് മാസം കൊണ്ട് പുനരധിവസിപ്പിക്കും എന്നായിരുന്നു സർക്കാർ വാഗ്ദാനം. എല്ലാം ജലരേഖയായി. കൂടുതൽ പറയിപ്പിക്കരുത് എന്ന് മാത്രമേ പറയാനുള്ളൂ.

സി.എച്ച് സെന്ററുകളിലൂടെയും ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്ററുകളിലൂടെയും ഒട്ടനേകം ജീവകാരുണ്യ സംരംഭങ്ങളിലൂടെയും കെ.എം.സി.സി വഴിയും ദിനേന ലക്ഷക്കണക്കിന് രൂപ പാവപ്പെട്ടവർക്കായി ചെലവഴിക്കുന്ന മുസ്ലിംലീഗിന് ആരെയെങ്കിലും ബോധിപ്പിക്കാനായി കണക്ക് പുസ്തകം നെഞ്ചിൽ തൂക്കി നടക്കേണ്ട ഗതികേടില്ല. ലീഗ് ചെയ്യുന്നതെന്ത് എന്ന് ഇവിടെയുള്ള സാധാരണക്കാർക്ക് നന്നായറിയാം. സി.എച്ച് സെന്ററുകൾക്ക് പണം തരുന്നവരെ ആ കണക്ക് ബോധിപ്പിക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് കമ്മിഷനടക്കം ബോധിപ്പിക്കേണ്ടവരെ പാർട്ടിയുടെ കണക്കുകളും ബോധിപ്പിക്കുന്നുണ്ട്.

കെ.ടി ജലീലിന്റെ ചൊറിച്ചിലിന് മരുന്നില്ല. തേച്ചാലും ഉരച്ചാലും തീരാത്ത ഈ ലീഗ് വിരുദ്ധ ചൊറിച്ചിൽ മാറാനും പോകുന്നില്ല. ഷുക്കൂർ വക്കീലിന്റെ ചൊറിച്ചിൽ ഫൈനടക്കം തീർത്ത് കൊടുത്തത് ഹൈക്കോടതിയാണ്. ജലീലിന്റെ ചൊറിച്ചിലിന് അന്താരാഷ്ട്ര കോടതി വിചാരിച്ചാലും പരിഹാരമാകില്ല. അധികാര ദുർവിനിയോഗവും അഴിമതിയും നടത്തിയതിന് ലോകായുക്ത മന്ത്രിസ്ഥാനം തെറിപ്പിച്ച അന്ന് മുതൽ ജലീൽ ഹാലൂസിനേഷനിലാണ്. ഒരുതരം മനോവിഭ്രാന്തി. ലീഗിനെതിരെ രണ്ടുവരി എഴുതിയില്ലെങ്കിൽ രാത്രിയായാൽ ഉറക്കം വരില്ല. താങ്കളുടെ രോഗശമനത്തിനായി പ്രാർത്ഥിക്കുകയല്ലാതെ ഞങ്ങൾക്ക് മുമ്പിൽ മറ്റുവഴികളില്ല.


# വി.എം അബൂബക്കർ ഓർമയാകുമ്പോൾ

സ്വതന്ത്ര കർഷകസംഘം സംസ്ഥാന വൈസ് പ്രസിഡണ്ടും എറണാകുളം ജില്ലയിലെ മുസ്ലിം ലീഗ് നേതാവുമായിരുന്ന വി.എം അബൂബക്കർ സാഹിബും നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. പൊതുവേ കർമ്മ കുശലനും സ്ഥിരോൽസാഹിയുമായിരുന്നു അദ്ദേഹം. രോഗബാധിതനായി ശയ്യാവലമ്പൻ ആയിട്ട് പോലും കാര്യങ്ങൾ തിരക്കുകയും അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ രോഗശയ്യ പോലും കർമ്മതലമാക്കിയ ഒരാൾ. മധ്യകേരളത്തിൽ സ്വതന്ത്ര കർഷക സംഘത്തിൻറെ വളർച്ചയിൽ വലിയ പങ്കുവഹിച്ചിട്ടുള്ള ഒരാളാണ് അദ്ദേഹം. നിസ്വാർത്ഥനും ക്രിയാത്മക വിമർശകനുമായിരുന്നു അദ്ദേഹം. കാര്യങ്ങൾ തുറന്നു പറയാൻ ഒരു മടിയും കാണിച്ചില്ല. എന്നാൽ പാർട്ടി അച്ചടക്കവും സംഘടനാ മര്യാദകളും പാലിക്കുന്നതിൽ കണിശക്കാരനായിരുന്നു. പ്രാദേശിക മുസ്ലിംലീഗ് നേതാവായിരുന്ന പിതാവ് വി.എം മൊയ്തീൻ സാഹിബിന്റെ വഴിയിലൂടെ തന്നെ കടന്നുവന്ന കർമ്മനിരതനായിരുന്നു അദ്ദേഹം. നല്ല കർഷകനും കാർഷിക പ്രശ്നങ്ങളിൽ നല്ല അവബോധമുള്ള വ്യക്തിയുമായിരുന്നു. സ്വതന്ത്ര കർഷസംഘം അദ്ദേഹത്തിന് ജീവനായിരുന്നു. ചന്ദ്രികയെ അതിരറ്റ് സ്നേഹിച്ച ഒരാൾ. ചന്ദ്രിക എറണാകുളം യൂണിറ്റിലെ മുൻ ജീവനക്കാരനും ആയിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ അദ്ദേഹത്തെ ചിലർ ചന്ദ്രിക അബൂബക്കർ എന്നായിരുന്നു അഭിസംബോധന ചെയ്തത്. തന്റെ സഹപ്രവർത്തകരെയും കൂട്ടുകാരെയും ഏറെയും സ്നേഹിച്ചും തൻറെ രോഗം മറന്നു പ്രശ്നങ്ങളിൽ ഇടപെട്ടും കൂട്ടുകാരുമായി വാചാലമായി തന്നെ തർക്കിച്ചും സംസാരിച്ചും വിളിച്ച് കുശലന്വേഷണം നടത്തി ജീവിച്ച ഒരാൾ. സ്ഥാനമാനങ്ങൾക്ക് വേണ്ടി വാശിപിടിക്കാതെ മറ്റുള്ളവർക്ക് വേണ്ടി തനിക്ക് ലഭ്യമായ സ്ഥാനം വിട്ടുകൊടുത്ത് മാതൃകയായ പ്രവർത്തകനും കൂടിയായിരുന്നു അദ്ദേഹം. തെക്കൻ കേരളത്തിൽ സ്വതന്ത്ര കർഷക സംഘത്തിന് മേൽവിലാസവും അടിവേരുമുണ്ടാക്കിയ മുസ്ലിംലീഗ് നേതാവായിരുന്ന ടി.പി അബൂബക്കർ ഹാജിയുടെ കീഴിൽ പ്രവർത്തിച്ച് അദ്ദേഹത്തിൻറെ പിൻഗാമിയായി ഉയർന്ന, അദ്ദേഹത്തിൻറെ പിൻഗാമിയായി വളർന്ന ഒരാളായിരുന്നു നമ്മുടെ പ്രിയങ്കരനായ വി എം അബൂബക്കർ സാഹിബ്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. നല്ല സംഘടനാ പാഠവം കാണിച്ച , എടത്തല പഞ്ചായത്ത് വൈസ് പ്രസിഡൻറ് എന്ന നിലയിൽ ഭരണനൈപുണ്യവും പ്രകടിപ്പിച്ച, നമ്മുടെ ഒരു പ്രിയങ്കരൻ യാത്രയായിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് മർഹമത്തും പ്രധാനം ചെയ്യുമാറാകട്ടെ.

കുറുക്കോളി മൊയ്തീൻ

### പി.ടി.എച്ച് അഞ്ചാം വർഷത്തിലേക്ക്

# പൂക്കോയ തങ്ങൾ വീണ്ടും വായിക്കപ്പെടുന്നു



ഡോ. എം.എ അമീറലി

മുസ്ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ കീഴിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി 2020 ആഗസ്ത് 15ന് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ തൃക്കരങ്ങളാൽ പ്രവർത്തനമാരംഭിച്ച സംവിധാനമാണ് പൂക്കോയ തങ്ങൾ ഹോസ്പിസ്. ജീവിതം വെറും നോവനുഭവങ്ങളായി മാറിയൊരു സമൂഹത്തിന് ആശയും ആശ്രയവുമായിരുന്ന, തലമുറകളുടെ പ്രചോദന പുരുഷൻ പാണക്കാട് പി.എം.എസ്.എ പൂക്കോയ തങ്ങളുടെ പേരിൽ ആരംഭിച്ച ഈ പദ്ധതി, ഇന്ന് ആയിരക്കണക്കിന് മനുഷ്യരുടെ വേദനകൾക്കുള്ള ആശ്വാസമായി മാറിക്കഴിഞ്ഞിരിക്കുന്നു. പൂക്കോയ തങ്ങൾ ഹോസ്പിസ് ,അതൊരു പ്രതീക്ഷയാണ്. ഒരു സ്വപ്നമാണ്. തലമുറകളോടുള്ള നമ്മുടെ കടപ്പാടാണ്.

ഒറ്റനോട്ടത്തിൽ കാണുന്നത്ര സുന്ദരമല്ല ഈ ലോകം. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും നേർത്ത പടലങ്ങൾക്കപ്പുറത്ത് പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാനാവാതെ വിറങ്ങലിച്ചു നിൽക്കുന്ന ഒരു സമൂഹവും അവരുടെ ദൈന്യതയാർന്ന ജീവിത സാഹചര്യങ്ങളും നമുക്ക് ചുറ്റിലുമുണ്ട്. ഇവർക്ക് സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും കാരുണ്യ സ്പർശനമേകുകയാണ് പൂക്കോയ തങ്ങൾ ഹോസ്പിസ്. വ്യത്യസ്ത പ്രയാസങ്ങളെ അഭിമുഖീകരിക്കുന്ന, ദീർഘകാല പരിചരണം ആവശ്യമുള്ള രോഗികളുടെയും കുടുംബത്തിന്റെയും ജീവിത ഗുണനിലവാരം ഉയർത്തുക, ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവും ആത്മീയവുമായ അവരുടെ പ്രശ്നങ്ങളിൽ പിന്തുണയും സഹായവും നൽകുക തുടങ്ങിയ പാലിയേറ്റീവ് കെയർ ആശയങ്ങളെയാണ് പൂക്കോയ തങ്ങൾ ഹോസ്പിസ് യാഥാർത്ഥ്യമാക്കുന്നത്.

കാൻസർ, നട്ടെല്ലിന്റെ ക്ഷതം, ഹൃദയശ്വാസകോശകിഡ്നികരൾ രോഗങ്ങൾ, പ്രായാധിക്യം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, എയ്ഡ്സ്, പക്ഷാഘാതം, നാഡീ സംബന്ധമായ രോഗങ്ങൾ, മാനസിക രോഗങ്ങൾ, ജീവിത ശൈലി രോഗങ്ങൾ തുടങ്ങിയവ മൂലം പ്രയാസമനുഭവിക്കുന്നവരെ ചേർത്തുനിർത്താനുള്ളതാണീ സംരംഭം. 2020 ആഗസ്റ്റ് 15 ന്റെ സന്ധ്യയിൽ പാണക്കാട് നിന്ന് നിശബ്ദ സാമൂഹ്യ വിപ്ലവത്തിന്റെ ഒരു കൈത്തിരി കൂടിയാണ് കൈമാറപ്പെട്ടത്. സാന്ത്വന പരിചരണ രംഗത്ത് കഴിഞ്ഞ നാല് വർഷം കൊണ്ട് സ്വന്തമായ ഒരിടം ഉണ്ടാക്കിയെടുത്ത പൂക്കോയ തങ്ങൾ ഹോസ്പിസിന്റെ തുടക്കമായിരുന്നു അത്. ലോകം മുഴുവൻ കോവിഡ് മഹാമാരിക്ക് മുന്നിൽ പകച്ച് നിന്നപ്പോൾ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിക്കുകയായിരുന്നു പി ടി എച്ച് . ഏറ്റവും അനുയോജ്യമായ പേരിലൂടെയുള്ള ഈ സംവിധാനത്തിലൂടെ തന്റെ വിയോഗത്തിന്റെ അൻപതാമാണ്ടിലും പൂക്കോയ തങ്ങൾ വീണ്ടും വായിക്കപ്പെടുകയാണ്. സമർപ്പണവും സാന്ത്വനവുമാണ് പാലിയേറ്റീവ് കെയർ സംസ്കാരത്തിന്റെ കാതലായ വശങ്ങൾ. ഈ രണ്ടു ഗുണങ്ങളും പൂക്കോയ തങ്ങളിൽ നിറഞ്ഞു നിന്നിരുന്നു. തന്റെ അടുത്തെത്തുന്ന രോഗികളുടെ ആശ്വാസത്തിനായി അവരുടെ രോഗ ശമനത്തിനായി പ്രാർത്ഥിക്കുകയും ചികിത്സ നിർദ്ദേശിക്കുകയും ചെയ്യാറുണ്ടായിരുന്നു. തന്റെ സുഹൃത്തായിരുന്ന കുരിക്കൾ രോഗം കാരണം മരണാസന്നനായി കിടപ്പിലായപ്പോൾ രണ്ടു രാത്രിയും മൂന്നു പകലും ആ വേദനകൾക്ക് കൂട്ടിരുന്നത് പൂക്കോയ തങ്ങളായിരുന്നു. സാന്ത്വനത്തിന്റെ അസാധ്യ പാഠങ്ങളെ തലമുറകൾക്ക് പോലും പഠിക്കാൻ വേണ്ടി തുറന്നു വെച്ചായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. കേവലം 58 വർഷത്തെ ആയുസിൽ ഏറിയ പങ്കും നിർവഹിച്ചത് ഇന്ന് പാലിയേറ്റീവ് കെയർ എന്ന് പറയുന്ന ഈ പ്രവർത്തനത്തിനായിരുന്നു.

ഒട്ടേറെ സവിശേഷതകളോടെയാണ് പി.ടി.എച്ച് അഞ്ചാം വർഷത്തി ലേക്ക് കടക്കുന്നത്. മേൽനോട്ടത്തിനും ഏകോപനത്തിനുമായി സംസ്ഥാന കമ്മിറ്റി ഡോ സി പി ബാവ ഹാജി ചെയർമാനായി ഉപസമിതിയെ തിരഞ്ഞെടുത്തിരിക്കുകയാണ്. രോഗീ പരിചരണവുമായി ബന്ധപ്പെട്ട് പാർട്ടി തുടക്കം കുറിച്ച സംവിധാനത്തിന് നൽകിയ പേരാണ് ഇതിന്റെ ഗൗരവം വർധിപ്പിക്കുന്നത്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഇക്കഴിഞ്ഞ മാസാവസാനം വരെ 30 സെന്ററുകളിലൂടെ 32695 രോഗികളെ 139991 തവണ സന്ദർശിക്കുകയും 146894 തരം സേവനങ്ങൾ അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ മരണപ്പെട്ടു പോയ 4250 പേരിൽ കേവലം 540 പേർ മാത്രമാണ് മരണസമയത്ത് ഏതെങ്കിലും തരത്തിൽ ആശുപത്രി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ടി വന്നവർ. പി.ടി.എച്ചിന്റെ സേവനത്തിന്റെ ഗുണനിലവാര സൂചിക അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന ഏകകം കൂടിയാണിത്. പരിചരണത്തിന്റെയും പ്രായോഗിക പരിശീലനത്തിന്റെയും ശാസ്ത്രീയ മാനങ്ങൾ ഉൾക്കൊണ്ട് വിവിധ പദ്ധതികൾ ഇതിനോടകം തന്നെ പി.ടി.എച്ച് വിഭാവനം ചെയ്ത് കഴിഞ്ഞു. കൂത്തുപറമ്പ് മണ്ഡലത്തിലെ കല്ലിക്കണ്ടിയിൽ എട്ട് ഏക്കർ ഭൂമിയിൽ ഉയരുന്ന പാക്കഞ്ഞി കുഞ്ഞബ്ദുല്ല ഹാജി മെമ്മോറിയൽ സ്റ്റീംസ് വില്ലേജ്, അടുത്ത ദിവസം നിർമാണം ആരംഭിക്കുന്ന പി.ടി.എച്ച് സെന്റർ മട്ടന്നൂർ, ചേളന്നൂർ, കൊടുവള്ളിയിലെ ഐ.പി യൂണിറ്റ്, തൃക്കരിപ്പൂരിലെ അക്കര പി.ടി.എച്ച് മിനിയോൺസ് സെന്റർ, വിവിധ കേന്ദ്രങ്ങളിലെ എമർജൻസി നൈറ്റ് റഗുലർ ഹോം കെയർ യൂണിറ്റുകൾ, സൈക്യാട്രി ഹോം കെയർ യൂണിറ്റ്, സൈക്കോ സോഷ്യൽ ഹോം കെയർ യൂണിറ്റ് തുടങ്ങിയവയെല്ലാം ആ സന്ദേശത്തെ പ്രസരിപ്പിക്കുകയാണ്.

2019 ൽ ബെംഗളൂരുവിൽ എ.ഐ.കെ.എംസിസിക്ക് കീഴിൽ തുടക്കം കുറിച്ച ശിഹാബ് തങ്ങൾ സെന്റർ ഫോർ ഹ്യൂമാനിറ്റിക്ക് കീഴിൽ കർണാക, തമിഴ്നാട് സംസ്ഥാനങ്ങളിലും പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ വളരെ ഭംഗിയായി പ്രവർത്തിച്ച് വരുന്നു. ഗോവ , പോണ്ടിച്ചേരി സംസ്ഥാനങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി കഴിഞ്ഞു. വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനിരിക്കുകയാണ്. തമിഴ്നാട്ടിൽ ഖാഇദെ മില്ലത്ത് സെന്റർ ഫോർ ഹ്യുമാനിറ്റിക്ക് കീഴിലും പാലിയേറ്റീവ് ഹോം കെയർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതെല്ലാം ചേർത്ത് വെക്കുമ്പോൾ നിലവിൽ ദക്ഷിണേന്ത്യ മുഴുവനും വ്യാപിച്ച് കിടക്കുന്ന ഒരു പാലിയേറ്റീവ് കെയർ ശൃംഖല തന്നെ മുസ്ലിം ലീഗിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ലേഖകൻ കോർഡിനേറ്റർ ആന്റ് സി.എഫ്.ഒ, പി.ടി.എച്ച് കേരള)

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 124 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com




## ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

**ഇ.പി ജയരാജൻ വധശ്രമം; സർക്കാർ സുപ്രീം കോടതിയിൽ**

ന്യൂഡൽഹി: ഇ.പി ജയരാജൻ വധശ്രമക്കേസിൽ കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരനെ കുറ്റവിമുക്തനാക്കിയ ഹൈക്കോടതി ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ. സുധാകരന് വിശാല ഗൂഢാലോചനയിൽ പങ്കുണ്ടെന്നാരോപിച്ചാണ് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചത്. സംസ്ഥാനത്തിനായി സ്റ്റാൻഡിംഗ് കൗൺസൽ ഹർഷദ് വി ഹമീദാണ് അപ്പീൽ സമർപ്പിച്ചത്. 1995 ഏപ്രിൽ 12നാണ് ഇ പി ജയരാജനെതിരേ വധശ്രമം നടന്നത്. ചണ്ഡിഗഢിൽ നിന്ന് പാർട്ടി കോൺഗ്രസ് കഴിഞ്ഞ് തീവണ്ടിയിൽ കേരളത്തിലേക്ക് മടങ്ങവെയായിരുന്നു ആക്രമണം.

**ഗോവയിൽ ടൂറിസ്റ്റിനെ മോഷ്ടാക്കൾ കുത്തിക്കൊന്നു**

പനാജി: ഗോവയിലെ ബാഗ ബീച്ചിൽ കവർച്ചശ്രമം ചെറുക്കുന്നതിനിടെ മോഷ്ടാക്കളുടെ കുത്തേറ്റ് വിനോദസഞ്ചാരി കൊല്ലപ്പെട്ടു. ഡൽഹി സ്വദേശിയായ ഹരീഷ് തൻവാർ (20) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ മൂന്നു പേരെ അറസ്റ്റ് ചെയ്തു. വടക്കൻ ഗോവ ജില്ലയിലെ ബാഗ ബീച്ചിൽ ആളൊഴിഞ്ഞ സ്ഥലത്ത് ഇരിക്കുമ്പോൾ മൂന്ന് പേർ ബാഗ് കൊള്ളയടിക്കാൻ ശ്രമിച്ചെന്നും ഹരീഷ് തൻവാർ ഇത് ചെറുത്തതോടെ പ്രതികളിലൊരാൾ കത്തികൊണ്ട് കുത്തുകയായിരുന്നെന്നും കലംഗുട്ട് പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ പറഞ്ഞു. ഞായറാഴ്ച രാത്രിയാണ് സംഭവം നടന്നത്. തിങ്കളാഴ്ച രാവിലെ ബീച്ചിൽ മൃതദേഹം കണ്ടെത്തുകയായിരുന്നു. സാഹിൽ കുമാർ, സുനിൽ വിശ്വകർമ, നൂർ ഖാൻ എന്നിവരാണ് പിടിയിലായത്. ഇവർ കുറ്റം സമ്മതിച്ചു. ഉത്തരാഖണ്ഡ് സ്വദേശിയായ സാഹിൽ കുമാറും നേപ്പാൾ സ്വദേശിയായ വിശ്വകർമയും മുമ്പ് ചെറിയ മോഷണങ്ങളിൽ ഏർപ്പെട്ടിരുന്നതായി പൊലീസ് പറഞ്ഞു. ഉത്തർപ്രദേശ് സ്വദേശിയായ നൂർ, ഗോവയിലെ ലാൻഗുട്ടെ ഗ്രാമത്തിൽ തയ്യൽക്കാരനായി ജോലി ചെയ്യുകയാണ്. പരാ പ്രദേശത്താണ് ഇയാൾ താമസിക്കുന്നത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

**രാജസ്ഥാനിൽ 11 കാരിയെ പീഡിപ്പിച്ച നേപ്പാൾ സ്വദേശി അറസ്റ്റിൽ**

ജയ്പൂർ: രാജസ്ഥാനിലെ ജോധ്പൂരിൽ 11 വയസ്സുകാരിയെ ബലാത്സംഗം ചെയ്ത സംഭവത്തിൽ നേപ്പാൾ സ്വദേശി പിടിയിൽ. കുട്ടിയുടെ മാതാപിതാക്കൾക്കൊപ്പം കൂലിപ്പണി ചെയ്തിരുന്ന ഇയാൾ ഇവരുടെ വീടിനടുത്ത് തന്നെയായിരുന്നു താമസം. തിങ്കളാഴ്ച ജോലിക്ക് പോകാതിരുന്ന ഇയാൾ പെൺകുട്ടിയുടെ വീട്ടിലെത്തി ഒന്നിലധികം തവണ ബലാത്സംഗം ചെയ്യുകയായിരുന്നു. ഈ സമയം കുട്ടിയുടെ മാതാപിതാക്കൾ ജോലി സ്ഥലത്തായിരുന്നു. വൈകീട്ട് വിട്ടിലെത്തിയ ഇവർ കുട്ടിയെ അവശനിലയിൽ കണ്ടതോടെ സമീപത്തെ ആശുപത്രിയിലെത്തിച്ചു. ആരോഗ്യനില വഷളായതിനാൽ പിന്നീട് ജോധ്പൂരിലെ എയിംസിലേക്ക് മാറ്റി. പെൺകുട്ടിയുടെ സ്ഥിതി ഗുരുതരമാണെന്നും മൊഴി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നും പൊലീസ് അറിയിച്ചു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2022ൽ രാജ്യത്ത് ഏറ്റവും കൂടുതൽ ബലാത്സംഗക്കേസുകളിൽ ഒന്നാണ് രാജസ്ഥാൻ. 2023 ഡിസംബറിൽ ബി.ജെ.പി സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർധിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. ബി.ജെ.പി ഭരണത്തിൽ പിഞ്ചുകുഞ്ഞുങ്ങൾ പോലും സുരക്ഷിതരല്ലെന്ന് കോൺഗ്രസ് പ്രതികരിച്ചു.

# കർഷകർ ഇന്ത്യയെ സ്വയംപര്യാപ്തമാക്കി

## സ്വാതന്ത്ര്യദിന സന്ദേശത്തിൽ രാഷ്ട്രപതി



ന്യൂഡൽഹി: കർഷകർ രാജ്യത്തെ സ്വയംപര്യാപ്തമാക്കിയെന്നും നാരീശക്തി ഏറ്റവും വലിയ ശക്തിയായി മാറിക്കൊണ്ടിരിക്കുകയാണെന്നും രാഷ്ട്രപതി ദ്രൗപതി മുർമു. 78ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് ടെലിവിഷനിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

സ്വാതന്ത്ര്യത്തിനായി ജീവൻ ബലിയർപ്പിച്ചവരോട് രാജ്യം എന്നും കടപ്പെട്ടിരിക്കും. ഏറ്റവും വലിയ ജനാധിപത്യശക്തിയായ ഇന്ത്യ, ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി വളർന്നു കൊണ്ടിരിക്കുകയാണ്. അസംഖ്യം മനുഷ്യരുടെ കഠിന പ്രയത്നം ഈ നേട്ടത്തിനു പിന്നിലുണ്ട്. കർഷകർ ഇന്ത്യയെ സ്വയം പര്യാപ്തമാക്കി. നാരീശക്തി ഇന്ത്യയുടെ സമ്പത്താണെന്നും പ്രധാനമന്ത്രിയുടെ വികസന പദ്ധതികൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തുകയാണെന്നും അവർ പറഞ്ഞു. എല്ലാ മേഖലകളിലും വികസനമുണ്ടാകുന്നു. ഒളിംപിക്സ് വേദിയിൽ ഇന്ത്യ തിളങ്ങി. താരങ്ങളുടെ സമർപ്പണത്തെ അഭിനന്ദിക്കുന്നു. കായിക മേഖലയിലും ഇന്ത്യ അനിഷേധ്യ ശക്തിയായി. സ്വാതന്ത്ര്യസമര പോരാട്ടത്തെ ഓർമിപ്പിച്ച രാഷ്ട്രപതി ഇത് സ്വാതന്ത്ര്യസമര പോരാളികൾക്ക് ആദരമർപ്പിക്കാനുള്ള ദിവസമാണെന്നും പറഞ്ഞു. വിഭജന സമയത്ത് രാജ്യം ഏറെ പ്രതിസന്ധികൾ അനുഭവിച്ചു. എല്ലാ വിഭാഗം ആളുകളും സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ഭാഗമായി. എഴുപത്തിയെട്ടാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ എല്ലാവരും പങ്കാളികളാകണമെന്നും ദ്രൗപദി മുർമു ആഹ്വാനം ചെയ്തു.

രാജ്യത്തുടനീളം നടപ്പാക്കിയ പുതിയ ക്രിമിനൽ നിയമങ്ങൾ സ്വാതന്ത്ര്യസമര സേനാനികളോടുള്ള ആദരവാണെന്നും അവർ പറഞ്ഞു. ഈ വർഷം ജൂലായ് മുതൽ ഭാരതീയ ന്യായസംഹിത സ്വീകരിച്ചുകൊണ്ട്, കൊളോണിയൽ കാലഘട്ടത്തിന്റെ ഒരു ശേഷിപ്പുകൂടി നാം നീക്കംചെയ്തു എന്നകാര്യം സൂചിപ്പിക്കട്ടെ. ശിക്ഷയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം കുറ്റകൃത്യത്തിന്റെ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനാണ് പുതിയ നിയമാവലി ലക്ഷ്യമിടുന്നത്. സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള ആദരവായിട്ടാണ് ഈ മാറ്റത്തെ കാണുന്നത് ദ്രൗപദി മുർമു കൂട്ടിച്ചേർത്തു. യുവമനസ്സുകളെ വളർത്തിയെടുക്കുകയും പാരമ്പര്യവും സമകാലീകവുമായ അറിവുകൾ ഉൾക്കൊള്ളുന്ന പുതിയ മാനസികാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുകയാണ് സർക്കാരിന്റെ മുൻഗണന. ഇതിനായി 2020ൽ ആരംഭിച്ച ദേശീയ വിദ്യാഭ്യാസ നയം ഇതിനകം ഫലം കണ്ടെന്നും അവർ പറഞ്ഞു.

കഴിഞ്ഞ ദശകത്തിൽ രാജ്യം വലിയ പുരോഗതി കൈവരിച്ച മറ്റൊരു മേഖലയാണ് കായികലോകം. കായിക അടിസ്ഥാനസൗകര്യ വികസനത്തിന് ഗവൺമെന്റ് നൽകിയ ശരിയായ മുൻഗണന അതിന്റെ ഫലം കാണിക്കുന്നു. ഈയിടെ സമാപിച്ച പാരിസ് ഒളിമ്പിക്സിൽ ഇന്ത്യൻ സംഘം മികച്ച പ്രയത്നമാണ് നടത്തിയതെന്നും താരങ്ങളുടെ അർപ്പണബോധത്തെയും കഠിനാധ്വാനത്തെയും അഭിനന്ദിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. 78-ാം സ്വാതന്ത്ര്യദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ചെങ്കോട്ടയിൽ ദേശീയപതാക ഉയർത്തി രാജ്യത്തെ അഭിസംബോധനചെയ്യും. ചെങ്കോട്ടയിലെത്തുന്ന പ്രധാനമന്ത്രിയെ ഡൽഹി ഏരിയ ജനറൽ ഓഫിസർ കമാൻഡിങ് സല്യൂട്ടിങ് ബേസിലേക്ക് കൊണ്ടുപോകും. അവിടെ സംയുക്ത സേനാ വിഭാഗവും ഡൽഹി പൊലീസ് ഗാർഡും ചേർന്നു പ്രധാനമന്ത്രിക്ക് സല്യൂട്ട് നൽകും. തുടർന്ന് പ്രധാനമന്ത്രി ഗാർഡ് ഓഫ് ഓണർ പരിശോധിക്കും. കരസേന, നാവികസേന, വ്യോമസേന, ഡൽഹി പൊലീസ് എന്നിവിടങ്ങളിൽ നിന്നുള്ള ഒരു ഓഫിസറും 24 പേരും വീതം അടങ്ങുന്ന സംഘമാണ് പ്രധാനമന്ത്രിക്കുള്ള ഗാർഡ് ഓഫ് ഓണർ നൽകുന്നത്. ഇന്ത്യൻ നാവിക സേനയാണ് ഈ വർഷത്തെ ഏകോപനം നിർവഹിക്കുന്നത്. കമാൻഡർ അരുൺ കുമാർ മേത്തയുടെ നേതൃത്വത്തിലാണ് ഗാർഡ് ഓഫ് ഓണർ നൽകുക. കരസേനാ സംഘത്തെ മേജർ അർജുൻ സിങ്, നാവിക സേനാ സംഘത്തെ ലെഫ്റ്റനന്റ് കമാൻഡർ ഗുലിയ ഭാവേഷ് എൻ.കെ., വ്യോമസേനാ സംഘത്തെ സ്ക്വാഡ്രൺ ലീഡർ അക്ഷര ഉനിയാൽ എന്നിവർ നയിക്കും.

അഡിഷനൽ ഡിസിപി അനുരാഗ് ദ്വിവേദിയാണ് ഡൽഹി പൊലീസ് സംഘത്തെ നയിക്കുക. പ്രധാനമന്ത്രി ദേശീയ പതാക ഉയർത്തുന്ന സമയത്ത് കര, നാവിക, വ്യോമ സേനകളിൽ നിന്നുള്ള ഓരോ ഓഫിസർമാരും 32 മറ്റ് റാങ്കുകാരും, ഡൽഹി പൊലീസിലെ 128 ഉദ്യോഗസ്ഥരും അടങ്ങുന്ന ദേശീയ പതാക ഗാർഡ് രാഷ്ട്രീയ സല്യൂട്ട് സമർപ്പിക്കും.



സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി പതാക ഉയർത്തുന്ന ചെങ്കോട്ട പരിസരത്ത് കാവൽ നിൽക്കുന്ന സുരക്ഷാ ഉദ്യോഗസ്ഥർ

# കശ്മീരിൽ ഏറ്റുമുട്ടൽ: ക്യാപ്റ്റന് വീരമൃത്യു

### ഒരു ഭീകരനെ സൈന്യം വധിച്ചു



ക്യാപ്റ്റൻ ദീപക് സിങ്

ശ്രീനഗർ: ജമ്മു കശ്മീരിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ സൈനിക ക്യാപ്റ്റന് വീരമൃത്യു. 48 രാഷ്ട്രീയ റൈഫിൾസ് ക്യാപ്റ്റൻ ദീപക് സിങാണ് കൊല്ലപ്പെട്ടത്. ഒരു ഭീകരനെ സൈന്യം വധിച്ചു. വെടിവെപ്പിൽ ഒരു സാധാരണക്കാരനും പരിക്കേറ്റു.

ഇന്നലെ രാവിലെ ദോഡ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രമായ പട്നിടോപ്പിന് സമീപമുള്ള അസർ മേഖലയിലായിരുന്നു ഏറ്റുമുട്ടൽ. നാല് ഭീകരർ അടങ്ങുന്ന സംഘം സുരക്ഷാ സേനക്കു നേരെ വെടിയുതിർക്കുകയായിരുന്നു. ശിവ്ഗഢ്- അസർ മേഖലയിലെ ഒളിച്ചിരിക്കുന്ന ഭീകരരെ കണ്ടെത്താനായി സംയുക്ത സുരക്ഷാ സേന നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ഏറ്റുമുട്ടൽ നടന്ന സ്ഥലത്തുനിന്ന് അമേരിക്കൻ നിർമിത എം-4 തോക്കും ചോരപ്പാടുകളുള്ള ബാഗുകളും കണ്ടെത്തിയിട്ടുണ്ട്. മേഖലയിൽ ഭീകരർ ഒളിച്ചിരിക്കുന്നുവെന്ന വിവരത്തെത്തുടർന്ന് ചൊവ്വാഴ്ച വൈകിട്ടോടെയാണ് സുരക്ഷാ സേന തിരച്ചിൽ തുടങ്ങിയത്. കൊടുംവനങ്ങൾ നിറഞ്ഞ ചെങ്കുത്തായ പിർ പഞ്ചൽ പർവതനിരയുടെ തെക്കൻ ഭാഗങ്ങളിൽ അടുത്തിടെ ഭീകരർ തമ്പടിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടുകളുണ്ട്. ഞായറാഴ്ച അനന്ത്നാഗ് ജില്ലയിലുണ്ടായ ഏറ്റമുട്ടലിൽ രണ്ട് സൈനികർ വീരമൃത്യു വരിച്ചിരുന്നു.

കൊക്കർനാഗിലെ വനങ്ങളിൽ പട്രോളിംഗ് നടത്തുന്ന സൈന്യത്തെ ലക്ഷ്യമിട്ട് ഭീകരർ നടത്തിയ വെടിവെപ്പിൽ രണ്ട് സാധാരണക്കാർക്കും പരിക്കേറ്റിട്ടുണ്ട്.

# ‘ഇരക്ക് നീതി നൽകുന്നതിന് പകരം കുറ്റവാളിയെ സംരക്ഷിക്കാൻ ശ്രമിച്ചു’

## പ്രതികരണവുമായി രാഹുൽ ഗാന്ധി

ന്യൂഡൽഹി: കൊൽക്കത്ത ആർ.ജി കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ യുവ ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ രാജ്യവ്യാപക പ്രതിഷേധം കത്തിപ്പടരുന്നതിനിടെ, പ്രതികരണവുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഇരക്ക് നീതി നൽകുന്നതിനു പകരം കുറ്റവാളിയെ സംരക്ഷിക്കാനാണ് ശ്രമം നടന്നതെന്ന് രാഹുൽ ആരോപിച്ചു. പ്രാദേശിക ഭരണകൂടത്തിനും ആശുപത്രി അധികൃതർക്കും ഇതിൽ പങ്കുണ്ടെന്ന് സംശയിക്കുന്നതായും രാഹുൽ എക്സ് പ്ലാറ്റ് ഫോമിൽ പങ്കുവെച്ചു.

കൊൽക്കത്ത സംഭവത്തെ ഇന്ത്യാ സഖ്യത്തിനെതിരെ മൊത്തത്തിൽ വഴി തിരിച്ചുവിടാൻ ബി.ജെ. പി ശ്രമിക്കുന്നതിനിടെയാണ് രാഹുൽ പ്രതികരണവുമായി രംഗത്തെത്തിയത്. കുറ്റകൃത്യത്തേയും കുറ്റവാളികളെ സംരക്ഷിക്കാനുള്ള നീക്കത്തേയും തള്ളിപ്പറഞ്ഞ് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയും കഴിഞ്ഞ ദിവസം രംഗത്തെത്തിയിരുന്നു. സ്വന്തം നാട്ടിലെ മെഡിക്കൽ കോളജുകളിൽ പോലും ഡോക്ടർമാർ സുരക്ഷിതമല്ലാത്ത സാഹചര്യമാണെങ്കിൽ പിന്നെ എങ്ങനെ മാതാപിതാക്കൾ മക്കളെ പുറത്ത് പഠിക്കാൻ വിടുമെന്ന് രാഹുൽ ചോദിച്ചു. നിർഭയ സംഭവത്തിനു ശേഷം നമ്മൾ ശക്തമായ നിയമമുണ്ടാക്കിയിരുന്നു. എന്നാൽ അതിനും ഇത്തരം സംഭവങ്ങൾ തടയാൻ കഴിയുന്നില്ലെന്ന് തെളിയിക്കുന്നതാണ് കൊൽക്കത്ത സംഭവം. ഹാഥ്റസ് മുതൽ ഉന്നാവോ വരെ, കത്വ മുതൽ കൊൽക്കത്ത വരെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമം വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഓരോ പാർട്ടിയും, സമൂഹത്തിലെ ഓരോ വിഭാഗവും ഇതേക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ട സമയമായിരിക്കുന്നുവെന്നും രാഹുൽ എക്സിൽ കുറിച്ചു. നിർഭയ സംഭവത്തിനു ശേഷം 10 വർഷം പിന്നിട്ടിട്ടും സ്ത്രീകൾക്കെതിരായ ക്രൂരവും മനുഷ്യത്വ രഹിതവുമായ ആക്രമണങ്ങൾക്ക് ഒരു മാറ്റവും വരുന്നില്ല എന്നത് ഡോക്ടർമാരുടേയും സ്ത്രീകളുടേയും സുരക്ഷ സംബന്ധിച്ച വലിയ ചോദ്യമുയർത്തുന്നുണ്ടെന്നും രാഹുൽ പ്രതികരിച്ചു.

അതേസമയം പ്രതി സഞ്ജോയ് റോയിക്കെതിരെ രണ്ടുതവണ ഇയാളുടെ ഭാര്യ ഗാർഹിക പീഡന പരാതി നൽകിയിരുന്നതായി റിപ്പോർട്ട്. എന്നാൽ രണ്ടു തവണയും നടപടിയെടുക്കാതെ പൊലീസ് പരാതി മുക്കിയെന്ന റിപ്പോർട്ടാണ് പുറത്തുവന്നത്. ഡോക്ടറുടെ മരണവുമായി ബന്ധപ്പെട്ട് ഇയാളെ അറസ്റ്റു ചെയ്തതിനു പിന്നാലെയാണ് പഴയ കേസുകളുടെ വിവരം പുറത്തുവന്നത്. സിവിക് വളണ്ടിയർ എന്ന നിലയിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുമായുള്ള ബന്ധം ഉപയോഗപ്പെടുത്തിയാണ് പ്രതി കേസ് അട്ടിമറിച്ചത്.

### കൊൽക്കത്തയിലെ പി.ജി ഡോക്ടറുടെ കൊലപാതകം

# കൂട്ടബലാത്സംഗം നടന്നതിന് തെളിവുണ്ടെന്ന് കുടുംബം

കൊൽക്കത്ത: ആർ.ജി കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ കൊല്ലപ്പെട്ട യുവ വനിതാ ഡോക്ടർ കൂട്ടബലാത്സംഗത്തിന് ഇരയായെന്ന് സംശയിക്കുന്നതായി കുടുംബം. കൽക്കട്ട ഹൈക്കോടതിയിൽ നൽകിയ ഹർജിയിലാണ് കുടുംബം ഇത്തരമൊരു ആരോപണം ഉന്നയിച്ചത്.

മൃതദേഹത്തിൽ കണ്ടെത്തിയ മുറിവുകളുടെ വ്യാപ്തി, ആഴം, സ്വഭാവം എന്നിവയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ ചില കണ്ടെത്തലുകളും ഇത്തരമൊരു സംശയം ജനിപ്പിക്കുന്നതാണെന്നും കേസിൽ അറസ്റ്റിലായ സിവിക് വളണ്ടിയർ സഞ്ജോയ് റോയിൽ മാത്രം അന്വേഷണം ഒതുക്കാൻ ശ്രമം നടന്നെന്നും കുടുംബം ആരോപിച്ചു. ശ്വാസം മുട്ടിയാണ് മരണം സംഭവിച്ചതെന്നാണ് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. ലൈംഗികാതിക്രമം നടന്നതിനും തെളിവുണ്ട്. മകളുടെ ദേഹത്തിൽ ഒട്ടേറെ മുറിവുകളുണ്ട്. അതിക്രൂരമായ ആക്രമണത്തിന് വിധേയായെന്ന് തെളിയിക്കുന്നതാണിത്. തലയുടെ പ ഭാഗങ്ങളിലും കടുത്ത ക്ഷതമേറ്റിട്ടുണ്ട്. ഇരു ചെവികളിലും മുറിവുണ്ടായിരുന്നു. ചുണ്ടിലും മുറിവേറ്റു. ശക്തമായ മൽപ്പിടുത്തം നടന്നതിന്റെയും വാ പൊത്തിപ്പിടിക്കാൻ ശ്രമിച്ചതിന്റെയും സൂചനകളുണ്ട്. കഴുത്തിൽ കടിച്ചു പരിക്കേൽപ്പിച്ചതിന്റെ പാടുകളുണ്ട്. മൃതദേഹത്തിൽ നിന്ന് 150 മില്ലി ഗ്രാം ശുക്ലം ലഭിച്ചെന്നാണ് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. ഇത്രയധികം ശുക്ലം കണ്ടെത്തണമെങ്കിൽ ഒന്നിലധികം ആളുകൾ പീഡനത്തിന് ഇരയാക്കിയിട്ടുണ്ടെന്നാണ് സംശയിക്കുന്നതെന്നും മാതാപിതാക്കൾ അഭിഭാഷകൻ മുഖേന കോടതിയിൽ നൽകിയ ഹർജിയിൽ ആരോപിക്കുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ കൂട്ടബലാത്സംഗം നടന്നതിന്റെ സൂചനകളുണ്ടെന്ന് ഓൾ ഇന്ത്യാ ഫെഡറേഷൻ ഓഫ് ഗവൺമെന്റ് ഡോക്ടേഴ്സ് അസോസിയേഷൻ അഡീഷണൽ ജനറൽ സെക്രട്ടറി ഡോ. സുബർണ ഗോസ്വാമിയും ആരോപിച്ചു. മുറിവുകളുടെ ആഴവും വ്യാപ്തിയും കുറ്റകൃത്യത്തിൽ ഒന്നിലധികം വ്യക്തികൾക്ക് പങ്കുണ്ട് എന്നതിന്റെ സൂചന നൽകുന്നതാണെന്നും ഗോസ്വാമി ചൂണ്ടിക്കാട്ടി.

## സി.ബി.ഐ അന്വേഷണം തുടങ്ങി

കൊൽക്കത്ത: വനിതാ ഡോക്ടറുടെ കൊലപാതകത്തിൽ സി.ബി.ഐ അന്വേഷണം ആരംഭിച്ചു. അന്വേഷണം കേന്ദ്ര ഏജൻസിക്ക് കൈമാറിക്കൊണ്ടുള്ള കൊൽക്കത്ത ഹൈക്കോടതി ഉത്തരവ് വന്ന് 24 മണിക്കൂറിനകമാണ് സി.ബി.ഐ സംഘം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേണഷം ആരംഭിച്ചത്. കൃത്യം നടന്ന ആശുപത്രിയിൽ ഉൾപ്പെടെ സി.ബി .ഐ സംഘം തെളിവെടുപ്പ് നടത്തി.

കേസിൽ അറസ്റ്റിലായ സിവിക് വളണ്ടിയർ സഞ്ജയ് റോയിയെ സി.ബി.ഐ കസ്റ്റഡിയിൽ വാങ്ങി മെഡിക്കൽ പരിശോധനക്ക് വിധേയനാക്കി. മൂന്ന് സംഘങ്ങളായി തിരിഞ്ഞാണ് അന്വേഷണം പുരോഗമിക്കുന്നത്. ഇതിൽ ഒരു സംഘമാണ് പ്രതിയെ കസ്റ്റഡിയിൽ എടുത്തതും ചോദ്യം ചെയ്തതും. രണ്ടാമത്തെ സംഘം ആശുപത്രിയിലും മൃതദേഹം കണ്ടെത്തിയ സെമിനാർ ഹാളിലും തെളിവെടുപ്പ് നടത്തി.

മൂന്നാമത്തെ സംഘം കേസ് ഇതുവരെ അന്വേഷിച്ച കൊൽക്കത്ത പൊലീസ് ഓഫീസർമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ആറ് പോയിന്റുകളിൽ കേന്ദ്രീകരിച്ചാണ് സി.ബി.ഐ അന്വേഷണം പുരോഗമിക്കുന്നത്. ഇതിൽ ഒന്ന് കൂട്ട ബലാത്സംഗത്തിന് ഇരയായെന്ന ഡോക്ടറുടെ കുടുബംത്തിന്റെ ആരോപണമാണ്. മറ്റൊന്ന് കുറ്റകൃത്യത്തിലോ ഇതിനു ശേഷമോ പ്രതിക്ക് മറ്റാരുടേയെങ്കിലും സഹായം ലഭിച്ചോ എന്നതാണ്. കൃത്യത്തിനു ശേഷം തെളിവു നശിപ്പിക്കാൻ ശ്രമിച്ചോ, കൊലപാതകം എന്തുകൊണ്ട് ആത്മഹത്യയാണെന്ന് വരുത്തിത്തീർക്കാൻ കുടുംബം ആദ്യം ശ്രമിച്ചു, ഇതിൽ ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്ന് ഇടപെടലോ സമ്മർദ്ദമോ ഉണ്ടായിട്ടുണ്ടോ എന്നിവയാണ് അന്വേഷണ സംഘം ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് മേഖലകൾ.

കൂടാതെ സി.ബി.ഐയിലെ തന്നെ സ്പെഷ്യൽ ക്രൈം യൂണിറ്റിന്റെ നേതൃത്വത്തിൽ വിരലടയാളം, സംഭവസ്ഥലത്തെ കാൽപാദത്തിന്റെ അടയാളം, ഡോക്ടറുടെ ശരീരത്തിൽ കണ്ടെത്തിയ ശുക്ലം തുടങ്ങിയവ അറസ്റ്റിലായ സഞ്ജയ് റോയിയുടേത് തന്നെയാണോ എന്ന് സ്ഥിരികരിക്കുന്നതിനുള്ള ശാസ്ത്രീയ പരിശോധനകളും നടത്തുന്നുണ്ട്.

**രാഹുൽ നവീൻ ഇ.ഡി ഡയരക്ടർ**



ന്യൂഡൽഹി: എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റിന്റെ(ഇ.ഡി) ആക്ടിങ് ചീഫ് രാഹുൽ നവീനിനെ മുഴുസമയ മേധാവിയായി നിയമിച്ചു. രാഹുൽ നവീനിനെ ഇ.ഡി ഡയരക്ടറായി നിയമിച്ചുകൊണ്ടുള്ള തീരുമാനത്തിന് കേന്ദ്ര മന്ത്രിസഭയുടെ അപ്പോയിന്റ്മെന്റ് കമ്മിറ്റി അംഗീകാരം നൽകി. 1993 ബാച്ച് ഇന്ത്യൻ റവന്യൂ സർവീസ് (ഐ.ആർ.എസ്) ഉദ്യോഗസ്ഥനായ നവീൻ 2019 നവംബറിലാണ് ഇ.ഡി സ്പെഷ്യൽ ഡയരക്ടറായി ചുമതലയേറ്റത്. ഇ.ഡി ഡയരക്ടറായിരുന്ന സഞ്ജയ് കുമാർ മിശ്രയുടെ കാലാവധി അവസാനിച്ചതിനെതുടർന്ന് കഴിഞ്ഞ സെപ്തംബറിൽ ആക്ടിങ് ഡയരക്ടറായി സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ എന്നിവരെ ഇ.ഡി അറസ്റ്റ് ചെയ്യുന്നത് നവീൻ ആക്ടിങ് ഡയരക്ടർ പദവി വഹിക്കുന്ന സമയത്താണ്.

**മനു അഭിഷേക് സിങ്‌വി രാജ്യസഭയിലേക്ക്**



ന്യൂഡൽഹി: തെലങ്കാനയിൽ നിന്ന് ഒഴിവുവന്ന രാജ്യസഭാ സീറ്റിലേക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ മുതിർന്ന കോൺഗ്രസ് നേതാവ് മനു അഭിഷേക് സിങ്‌വിയെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ച് കോൺഗ്രസ്. സിങ്‌വിയുടെ സ്ഥാനാർത്ഥിത്വത്തിന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെ അംഗീകാരം നൽകിയതായി കോൺഗ്രസ് സംഘടനാ കാര്യ ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ വാർത്താക്കുറിപ്പിൽ അറിയിച്ചു. മുതിർന്ന അംഗം കെ കേശവ റാവുവിന്റെ രാജിയെതുടർന്നാണ് രാജ്യസഭാ സീറ്റിലേക്ക് ഉപതിരഞ്ഞെടുപ്പ് അനിവാര്യമായത്. 11 വർഷത്തെ ബി.ആർ.എസ് ബന്ധം ഉപേക്ഷിച്ച് കോൺഗ്രസിൽ തിരിച്ചെത്തിയതിനു പിന്നാലെയാണ് കേശവ റാവു രാജ്യസഭാംഗത്വം രാജിവെച്ചത്. റാവുവിനെ പിന്നീട് തെലങ്കാനയിലെ കോൺഗ്രസ് സർക്കാരിന്റെ അഡ്വൈസറായി നിയമിച്ചിരുന്നു.



എം.എസ്.എഫ് റാഞ്ചി യൂണിവേഴ്സിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തക കൺവെൻഷനു ശേഷം വിദ്യാർഥികൾ ഒത്തുചേർന്നപ്പോൾ

# റാഞ്ചി യൂണിവേഴ്സിറ്റി എം.എസ്.എഫ് കൺവൻഷൻ ‘ഫോർ വയനാട്’ ഫണ്ട് ശേഖരണവുമായി വിദ്യാർത്ഥികൾ

ജാർഖണ്ഡ്: റാഞ്ചി യൂണിവേഴ്സിറ്റി എം.എസ്.എഫ് പ്രവർത്തക കൺവെൻഷൻ ഉജ്ജ്വലമായി. മുൻ വർഷങ്ങളിലെ യൂണിവേഴ്സിറ്റി യൂണിയൻ തിരഞ്ഞെടുപ്പുകളിൽ നേരിയ വോട്ടുകൾക്കാണ് എം.എസ്.എഫ് സ്ഥാനാർത്ഥികൾ പരാജയപ്പെട്ടിരുന്നത്. ഇത്തവണ മുഴുവൻ സീറ്റുകളിലും വിജയം ലക്ഷ്യമിട്ട് മികച്ച പ്രവർത്തനങ്ങൾക്കാണ് ഈ അദ്ധ്യയന വർഷം ആരംഭിച്ചത് മുതൽ എം.എസ്.എഫ് നേതൃത്വം നൽകുന്നത്. വയനാട് ദുരിത ബാധിതർക്കായി മുസ്‌ലിംലീഗ് പ്രഖ്യാപിച്ച പുനരധിവാസ ഫണ്ട് ശേഖരണത്തിൽ കൺവൻഷനിൽ വെച്ച് മുഴുവൻ പ്രവർത്തകരും പങ്കാളികളായി. എം.എസ്.എഫ് റാഞ്ചി യൂണിവേഴ്സിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തക കൺവെൻഷൻ ദേശീയ വൈസ് പ്രസിഡന്റ് ഖാസിം ഈനോളി ഉദ്ഘാടനം ചെയ്തു. ദേശീയ സെക്രട്ടറി ഷഹബാസ് ഹുസൈൻ മുഖ്യാതിഥിയായി. റാഞ്ചി യൂണിവേഴ്സിറ്റി യൂണിറ്റ് ഭാരവാഹികളായ ഇസ്റാഖ് മാലിക്ക്, ആഷിഖ് അൻസാരി, ആസിഫ് മാലിക്, ശംസെ ആലം, സിറാജ് അക്തർ, ഗുൽസാർ അൻസാരി, മുഹമ്മദ് വകീൽ എന്നിവർ നേതൃത്വം നൽകി.

# യു.പിയിൽ മുസ്‌ലിം- യാദവ ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നൊഴിവാക്കി

ലക്നൗ: ഉത്തർപ്രദേശിൽ പത്ത് നിയമസഭാ സീറ്റുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടക്കാനിരിക്കെ അട്ടിമറി നീക്കവുമായി യോഗി ആദിത്യനാഥ് സർക്കാർ.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ മുസ്‌ലിം - യാദവ വിഭാഗങ്ങളിൽപെട്ട ഉദ്യോഗസ്ഥരെ ഫീൽഡ് ഡ്യൂട്ടിയിൽ നിന്ന് മാറ്റി. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ മുസ്‌ലിം, യാദവ സമുദായത്തിൽപ്പെട്ട ഉദ്യോഗസ്ഥർ പലയിടത്തും പാർട്ടി സ്ഥാനാർത്ഥികൾക്കെതിരെ പ്രവർത്തിച്ചെന്ന് ബി.ജെ.പിയുടെ മുതിർന്ന നേതാക്കൾ ആരോപിച്ചിരുന്നു. ഈ ഉദ്യോഗസ്ഥരെ നീക്കം ചെയ്യണമെന്ന ആവശ്യവും ഇവർ ഉന്നയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ബി.ജെ.പി സംസ്ഥാന നേതാക്കൾ കേന്ദ്ര നേതൃത്വത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാജയപ്പെട്ട സ്ഥാനാർത്ഥികളുടെയും നേതാക്കളുടെയും ആരോപണങ്ങളും നിർദേശങ്ങളുമാണ് റിപ്പോർട്ടിലുള്ളത്.

ഇതിന് പിന്നാലെയാണ് ഉദ്യോഗസ്ഥരെ മാറ്റിയത്. സംസ്ഥാനത്തെ 80 ലോക്സഭാ സീറ്റുകളിൽ 33 എണ്ണത്തിൽ മാത്രമാണ് ഇത്തവണ ബി.ജെ.പി ജയിച്ചത്.




## ട്രംപ്-കമല സംവാദം സെപ്തംബർ 10ന്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമല ഹാരിസും തമ്മിലുള്ള ആദ്യ സംവാദം സെപ്തംബർ 10ന് നടക്കും. സംവാദം നടത്തേണ്ടത് വളരെ അനിവാര്യമാണെന്നും ഏറെ പ്രതീക്ഷയോടെയാണ് താൻ അതിനെ ഉറ്റുനോക്കുന്നതെന്നും ട്രംപ് പറഞ്ഞു. കമല ഹാരിസും സംവാദത്തിന് സന്നദ്ധത അറിയിച്ചു.

**കേരള വാർത്തകൾ**

## സംസ്ഥാന കർഷക അവാർഡുകൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: ഈ വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾ പ്രഖ്യാപിച്ചു. 2023 ലെ സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡിന് ഇടുക്കി വണ്ടൻമേട് ചെമ്പകശ്ശേരിൽ സി ഡി രവീന്ദ്രൻ നായരും കർഷകതിലകം അവാർഡിന് കണ്ണൂർ പട്ടുവം സ്വദേശി ബിന്ദു കെയും അർഹരായി. ഈ വർഷം പുതുതായി ഏർപ്പെടുത്തിയ സി. അച്യുതമേനോൻ അവാർഡിന് വൈക്കം ബ്ലോക്ക് പഞ്ചായത്തും എംഎസ് സ്വാമിനാഥൻ അവാർഡിന് ഡോ. എ ലതയും കൃഷി ഭവനുകൾക്കുള്ള അവാർഡിന് പുതൂർ കൃഷി ഭവനും ട്രാൻസ് ജൻഡർ അവാർഡിന് ശ്രാവന്തിക എസ് പിയും അർഹരായി. വി.വി. രാഘവൻ സ്മാരക അവാർഡിന് കൃഷി ഭവൻ മീനങ്ങാടിയും പത്മശ്രീ കെ വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡിന് മാതകോട് നെല്ലുൽപാദക പാടശേഖര സമിതിയും അർഹരായി.

ജൈവകൃഷി നടത്തുന്ന ആദിവാസി ക്ലസ്റ്ററിനുള്ള അവാർഡിൽ ചേകോടി ഊര് ഒന്നാം സ്ഥാനവും മേമാരി ഊര് രണ്ടാംസ്ഥാനവും നേടി. കേര കേസരി അവാർഡിന് മലപ്പുറം താനാളൂർ സ്വദേശി സുഷമ പി ടിയും പൈതൃക കൃഷി നടത്തുന്ന ആദിവാസി ഊരിനും വ്യക്തിക്കുമുള്ള അവാർഡിന് വയനാട് നെല്ലാറ പട്ടികവർഗ കർഷക സംഘവും ജൈവകർഷക അവാർഡിന് കോട്ടയം മരങ്ങാട്ടുപള്ളി രശ്മി മാത്യുവും യുവകർഷക അവാർഡിന് പാലക്കാട് കൊഴിഞ്ഞാമ്പാറയിലെ ഹരിവരതരാജ്ജിയും ഹരിതമിത്ര അവാർഡിന് ആലപ്പുഴ ചേർത്തല തെക്ക് സ്വദേശി സുജിത്ത് എസ്.പിയും ഹൈടെക് കർഷകനുള്ള അവാർഡിന് തിരുവനന്തപുരം സ്വദേശി തൻവീർ അഹമ്മദ് ജെയും അർഹരായി. ചിങ്ങം ഒന്ന് ആഗസ്റ്റ് 17 ന് ശനിയാഴ്ച വൈകിട്ട് 3 ന് ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന കർഷക ദിനാഘോഷം ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും.

## അധ്യാപക ഒഴിവ്

തിരുവനന്തപുരം: പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ശ്രീ അയ്യങ്കാളി മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകളിലെ നിലവിലുള്ള അധ്യാപക ഒഴിവുകൾ സ്ഥലംമാറ്റം മുഖേന നികത്തുന്നതിന് സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന താൽപര്യമുള്ള അധ്യാപകർക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ആഗസ്റ്റ് 24ന് കൂടിക്കാഴ്ച നടത്തുന്നു. കൂടിക്കാഴ്ചയിൽ പങ്കെടുക്കാൻ താൽപ്പര്യപ്പെടുന്ന അധ്യാപകർ അന്നേ ദിവസം രാവിലെ 8 മണിക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിച്ചേരണം. ഇതുമായി ബന്ധപ്പെട്ട സർക്കുലറും വിശദവിവരങ്ങളും, അപേക്ഷാഫോമും, വേക്കൻസി റിപ്പോർട്ടും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്.

### കോടതി വിധിയും നടപ്പാക്കുന്നില്ല, നൽകാനുള്ളത് 97 കോടി രൂപ

# ചിങ്ങം ഒന്നിന് കർഷകർ കരിദിനമായി ആചരിക്കും

പാലക്കാട്: ഇടതു സർക്കാരിന്റെ കർഷകരോടുള്ള കൊടും വഞ്ചനയിൽ പ്രതിഷേധിച്ച് ചിങ്ങം ഒന്നിന് കരിദിനമായി ആചരിക്കാനൊരുങ്ങി കർഷകർ. കർഷകസംഘടനകൾ സംയുക്തമായാണ് പ്രതിഷേധം സംഘടിപ്പിക്കുന്നത്. സംഭരിച്ച നെല്ലിന്റെ വില നൽകണമെന്ന ഹൈക്കോടതി ഉത്തരവുപോലും നടപ്പാക്കാൻ സർക്കാർ തയ്യാറാകുന്നില്ല. 97കോടി രൂപയോളമാണ് കർഷകർക്ക് നൽകാനുള്ളത്. രണ്ടാംവിളയിൽ 62225 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 49845 കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ 7കോടിയോളം രൂപ നൽകാനുണ്ട്. ദിവസങ്ങൾക്കം നെല്ലറയിലും കുട്ടനാടുമായി കൊയ്ത്ത് തുടങ്ങാനിരിക്കെ നെല്ല് വിലയുടെ കാര്യത്തിലോ രജിസ്ട്രേഷൻ നടപടികളിലോ മുന്നൊരുക്കമുണ്ടായിട്ടില്ല.

രണ്ടാം വിളയുടെ തുക മാത്രമെ ബാക്കിനിൽക്കുന്നുള്ളൂവെന്നാണിപ്പോൾ പറയുന്നത്. ബാങ്കിനെ സമീപിക്കാത്തവർക്കും സ്ഥലത്ത് ഇല്ലാത്തവർക്കുമാണ് തുക കൊടുക്കാൻ ബാക്കിയുള്ളതെന്നുമാണ് സപ്ലൈകോയുടെ അവകാശവാദം. എന്നാലിത് തീർത്തും അടിസ്ഥാനരഹിതമാണെന്ന് വിവിധ കർഷക സംഘടനകൾ വ്യക്തമാക്കുന്നുണ്ട്. പി.ആർ.എസ് കിട്ടി 30ദിവസങ്ങൾക്കകം വായ്പ വേണ്ടാത്തവർക്ക് പണം നൽകണമെന്നാണ് കോടതി വിധി. എന്നാൽ ഇത് സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. തങ്ങൾ ഉത്പാദിപ്പിച്ച് നെല്ല് സംഭരിച്ച ശേഷം അതിൽ നിന്നും കടംവാങ്ങേണ്ട ഗതികേട് ഉണ്ടായെങ്കിലും ഇനി അതിന് മുതിരില്ലെന്ന് കർഷക സംഘടനകൾ പറയുന്നു. ഇതിന് പുറമെ 2020മുതൽ ചുമട്ടുകൂലിയിനത്തിലും കോടിക്കണക്കിന് രൂപ നൽകാനുണ്ട്. ഈകേസും ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വന്യമൃഗശല്യം അതിരൂക്ഷമായി തുടരുമ്പോഴും സർക്കാരിന് മിണ്ടാട്ടമില്ല. ദിനംപ്രതി വ്യാപക നഷ്ടമാണ് കർഷകർക്കുണ്ടാകുന്നത്. നഷ്ടപരിഹാരം നൽകുന്നതിലും അധികൃതർക്ക് താൽപര്യമില്ലെന്ന് കർഷകർ പറയുന്നു. അഞ്ച് ഡാമുകളുള്ള പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ പോലും ജലക്ഷാമം രൂക്ഷമാണ്.

ഇതിന് പരിഹാരം കാണാൻ ആളിയാർ-പറമ്പിക്കുളം കരാർ പുതുക്കി നിശ്ചയിക്കണമെന്നും കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പാക്കണമെന്നാണ് കർഷകരുടെ ആവശ്യം. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ചിങ്ങം ഒന്നിന് പാലക്കാട് കലക്ടറേറ്റിന് മുന്നിൽ നടക്കുന്ന റിലേസമരത്തിൽ വിവിധ ജില്ലകളിൽ നിന്നും കർഷകപ്രതിനിധികൾ പങ്കെടുക്കും.

## ബി.എഡ്. കൊമേഴ്സ് പ്രവേശനം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല 2024 അധ്യയന വർഷത്തിലേക്കുള്ള ബി.എഡ്. കൊമേഴ്സ് ഓപ്ഷന്റെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. (http://admission.uoc. ac.in) അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി ആഗസ്റ്റ് 20. അപേക്ഷാ ഫീസ് SC/ST 225/ രൂപ, മറ്റുള്ളവർ 720/ രൂപ. ഓൺലൈൻ അപേക്ഷാ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP ID-യും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ http://admission. uoc. ac.in/B.Ed. 2024/ >Apply Now എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ നമ്പർ ശരിയായി നൽകാത്തതിനാൽ CAP ID, സെക്യൂരിറ്റി കീ എന്നിവ ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി മൊബൈൽ നമ്പർ ഒ.ടി. പി. വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്നവർ അവരുടെതോ അല്ലെങ്കിൽ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിച്ച CAP ID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം നിർബന്ധമായും പ്രിന്റ്ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. പ്രിന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണമാകുകയുള്ളൂ. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് യൂണിവേഴ്സിറ്റിയിലേക്കോ കോളേജുകളിലേക്കോ അയക്കേണ്ടതില്ല. എന്നാൽ അഡ്മിഷൻ ലഭിക്കുന്ന അവസരത്തിൽ അപേക്ഷയുടെ പ്രിന്റ്ഔട്ട് മറ്റു അനുബന്ധ രേഖകളോടൊപ്പം അതത് കോളജുകളിൽ സമർപ്പിക്കേണ്ടതാണ്.

### ഓൺലൈനിൽ വാങ്ങിയ സ്മാർട്ട് വാച്ചിന്റെ നിറംമാറി;

# 30,000 രൂപ നഷ്ടപരിഹാരം വിധിച്ച് ഉപഭോക്തൃ കോടതി

കൊച്ചി: വിൽപന വർധിപ്പിക്കുന്നതിനും, അമിത ലാഭത്തിനും വേണ്ടി ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ച് ഉൽപ്പന്നങ്ങൾ വിൽക്കുന്നത് സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി. ഉപഭോക്താവിനെ കബളിപ്പിച്ച ഓൺലൈൻ വ്യാപാരി മുപ്പതിനായിരം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കോടതി വ്യക്തമാക്കി. എറണാകുളം, തൃപ്പൂണിത്തുറ സ്വദേശി ദേവേഷ് ഹരിദാസ്, ബാഗ്ലൂരിലെ സംഗീത മൊബൈൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. ബന്ധുവിന്റെ വിവാഹ ചടങ്ങിന് അണിയാൻ കറുത്ത സ്മാർട്ട് വാച്ച് ആണ് ഓൺലൈനിൽ പരാതിക്കാരൻ ഓർഡർ ചെയ്തത്. 3999 രൂപ ഗൂഗിൾ പേ വഴി നൽകുകയും ചെയ്തു. എതിർകക്ഷി വാഗ്ദാനം ചെയ്ത പ്രകാരം കൊറിയറിൽ വാച്ച് ലഭിച്ചു, എന്നാൽ ബോക്സ് തുറന്നപ്പോൾ കറുത്ത വാച്ചിന് പകരം പിങ്ക് നിറത്തിലുള്ള സ്മാർട്ട് വാച്ചാണ് ഉപഭോക്താവിന് ലഭിച്ചത്.

ബോക്സ് തുറക്കുന്നതിന്റെ വീഡിയോ സഹിതം എതിർകക്ഷിക്ക് പരാതി നൽകി . പക്ഷേ യാതൊരു നടപടിയും ഉണ്ടായില്ല.തുടർന്ന് എതിർകക്ഷിയുടെ ഇൻസ്റ്റഗ്രാം പേജ് വഴി പരാതി പറഞ്ഞപ്പോൾ 24 മണിക്കൂറിനകം പരാതി പരിഹരിക്കാമെന്ന് മറുപടി ലഭിച്ചു. പക്ഷേ ഒന്നും സംഭവിച്ചില്ല. ഈ സാഹചര്യത്തിൽ, നഷ്ടപരിഹാരവും കോടതിചെലവും ആവശ്യപ്പെട്ടാണ് പരാതിക്കാരൻ കോടതിയെ സമീപിച്ചത്. ബന്ധുവിന്റെ വളരെ പ്രധാനപ്പെട്ട വിവാഹ ചടങ്ങിൽ പങ്കെടുക്കുന്നതിന് വേണ്ടി പ്രത്യേക നിറമുള്ള വാച്ച് അണിയാൻ ഉപഭോക്താവ് തീരുമാനിക്കുകയും അതനുസരിച്ച് ഓർഡർ നൽകുകയും ചെയ്തു. എതിർകക്ഷിയുടെ വാഗ്ദാന ലംഘനം മൂലം പരാതിക്കാരൻ ഏറെ നിരാശനാവുകയും ചെയ്തു. കൂടാതെ, അശ്രദ്ധയും കബളിപ്പിക്കൽ മൂലവും പരാതിക്കാരന് ഏറെ മനഃ ക്ലേശവും ബുദ്ധിമുട്ടുകളും ഉണ്ടാക്കിയ എതിർകക്ഷി ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണമെന്ന് ഡി.ബി ബിനു അധ്യക്ഷനും മെമ്പർമാരായ വി. രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളായ ബെഞ്ച് എതിർകക്ഷിക്ക് നിർദേശം നൽകി. ഇരുപതിനായിരം രൂപ നഷ്ടപരിഹാരവും പതിനായിരം രൂപ കോടതി ചെലവും 45 ദിവസത്തിനകം പരാതിക്കാരന് നൽകാൻ കോടതി എതിർകക്ഷിക്ക് നിർദേശം നൽകി. പരാതിക്കാരനു വേണ്ടി അഡ്വ. മിഷേൽ എം.ദാസൻ ഹാജരായി.

## മദ്യവ്യാപനത്തിന് സർക്കാർ അറുതി വരുത്തണം



മദ്യനിരോധന സമിതിയുടെ മലപ്പുറം കലക്ടറേറ്റ് ഗേറ്റിലെ അനിശ്ചിതകാല സത്യഗ്രഹത്തിന്റെ 365 ാം ദിന സമ്മേളനം, മദ്യവിരുദ്ധ ജനകീയ മുന്നണി സംസ്ഥാന ചെയർമാൻ ബിഷപ്പ് ജ്യോഷാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു.

മലപ്പുറം: അമ്മമാരുടെ കണ്ണീരും കഷ്ടപ്പാടും കണ്ടിട്ടെങ്കിലും, മദ്യവ്യാപനത്തിന് അറുതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് മദ്യവിരുദ്ധ ജനകീയ മുന്നണി സംസ്ഥാന ചെയർമാൻ ബിഷപ്പ് ജ്യോഷാ മാർ ഇഗ്നാത്തിയോസ്. മദ്യനിരോധന സമിതി സംസ്ഥാന കമ്മിറ്റി, മലപ്പുറം കലക്ടറേറ്റിന് മുന്നിൽ നടത്തിവരുന്ന അനിശ്ചിതകാല സത്യഗ്രഹത്തിന്റെ 365-ാം ദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വലിയൊരു പങ്ക് കുടുംബനാഥന്മാരും ആൺമക്കളും ജോലി ചെയ്തുണ്ടാക്കുന്ന പണം മുഴുവൻ മദ്യത്തിനായി ചെലവഴിക്കുകയാണ്.

മദ്യപിച്ച് ബോധം നശിച്ചെത്തുന്ന ഇവരുടെ ക്രൂരതകൾക്ക് അധികവും ഇരയാകേണ്ടി വരുന്നത് വിടുകളിലെ സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. ബാറുകളുടെയും വിൽപനശാലകളുടെയും എണ്ണം വർധിപ്പിച്ചതോടെ, മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണവും സാരമായി വർധിച്ചു. കുടുംബം തകർക്കുന്ന മദ്യനയം സർക്കാർ തിരുത്തണം. 'മദ്യം വിറ്റുണ്ടാക്കുന്ന പണമില്ലാതെ ഞങ്ങൾക്ക് ഭരിക്കാനാവില്ല' എന്ന് പറയുന്നത്, ഒരു പരിഷ്കൃത ഭരണകൂടത്തിനും ഭൂഷണമല്ല. നാടിന് ദോഷമുണ്ടാക്കുന്ന നയങ്ങൾ സർക്കാർ തിരുത്തണമെന്ന് ഞങ്ങളേപ്പോലുള്ളവർ പറയുമ്പോൾ അതിനെ മത നേതൃത്വത്തിന്റെ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഇടപെടലായി ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയല്ല. മദ്യ ലഭ്യത കുറയ്ക്കും എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി, തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനമാണ്. അത് പാലിക്കാൻ തയ്യാറാകണം. മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വിൻസെന്റ് മാളിയേക്കൽ, പ്രഫ. ടി.എം. രവീന്ദ്രൻ, ബഷീർ അരിമ്പ്ര, ഇയ്യച്ചേരി പത്മിനി, മജീദ് മാടമ്പാട്ട് . അഡ്വ. എൻ.കെ.മജീദ്, ജംശീൽ അബൂബക്കർ, മാർട്ടിൻ പേരേക്കാടൻ, നിസാമുദ്ദീൻ കാളമ്പാടി, ഫസലുദ്ദീൻ വാരണാക്കര പ്രസംഗിച്ചു. സമ്മേളന ശേഷം നടന്ന പ്രകടനത്തിന് ഫാ.മാത്യൂസ് വട്ടിയാനിക്കൽ, ഖദീജ നർഗീസ്, ടി. ചന്ദ്രൻ, വി.ജി.ശശി, പി.എം. ഹബീബുല്ല, ആന്റണി പത്തല്ലൂക്കാരൻ, എ.കെ.സുൽത്താൻ, ജമീല ഇസുദ്ദീൻ, സുമ ബാലകൃഷ്ണൻ, സൗദ ചക്കരപ്പറമ്പ്, റജീന വളാഞ്ചേരി നേതൃത്വം നൽകി.



ഇന്ത്യൻ നിർമിത ആൻഡ്രോയിഡ് 14 QLED TV യുടെ കൊച്ചിയിൽ നടന്ന ലോഞ്ചിംഗ് ചടങ്ങിൽ ഇംപെക്സ് ഡയരക്ടർ സി ജുനൈദ്, നാഷണൽ സേൽസ് ഹെഡ് ജയേഷ് നമ്പ്യാർ, കൺസ്യൂമർ ഇലക്ട്രോണിക്സ് ഡിവിഷണൽ ഹെഡ് ഫൈറൂസ്, മാർക്കറ്റിംഗ് അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് നിതിൻ നമ്പൂതിരി, അസോസിയേറ്റ് മാർക്കറ്റിംഗ് മാനേജർ നിശാന്ത് ഹബാഷ എന്നിവർ

## ആൻഡ്രോയ്ഡ് 14 ക്യു.എൽ.ഇ.ഡി ഗൂഗിൾ ടിവിയുമായി ഇംപെക്സ്

കൊച്ചി: ഏറ്റവും പുതിയ ആൻഡ്രോയ്ഡ് 14 QLED ഗൂഗിൾ ടിവിയുമായി പ്രമുഖ ഇന്ത്യൻ ബ്രാണ്ട് ഇംപെക്സ്. ഇന്നലെ കൊച്ചിയിൽ നടന്ന ചടങ്ങിൽ ഏറ്റവും പുതിയ ആൻഡ്രോയ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന ഈ 120ഖ ഗെയിമിംഗ് ടി.വിയുടെ ലോഞ്ച് നടന്നു. ഓണത്തിനു മുന്നോടിയായി, 65 ഇഞ്ച്, 75 ഇഞ്ച് സെഗ്മെന്റുകളിലായിരിക്കും ഇംപെക്സ് ഇവോക് QLED ഗൂഗിൾ ടിവിയുടെ ആൻഡ്രോയ്ഡ് 14 വേർഷൻ പുറത്തിറങ്ങുക. എല്ലാ പ്രമുഖ ഔട്ട്ലെറ്റുകളിലും പ്രീ ബുക്കിങ്ങ് ആരംഭിച്ചു. 43 ഇഞ്ച്, 55 ഇഞ്ച് സൈസ് ടിവികളും ഉടൻ ലഭ്യമാകും. വില 34,990 രൂപ മുതൽ. 144ഖ റിഫ്രഷ് റേറ്റ്, ഇൻബിൽറ്റ് സൗണ്ട്ബാർ, ഹാൻഡ്സ്ഫ്രീ വോയ്സ് കൺട്രോൾ എന്നിവയോടെ എത്തുന്ന ഈ സീരിസ് 55 ഇഞ്ച്, 65 ഇഞ്ച് വലുപ്പങ്ങളിലായിരിക്കും ലഭ്യമാകുക. ഇംപെക്സിന്റെ 32 ഇഞ്ച് മുതൽ 75 ഇഞ്ച് വരെ വലുപ്പത്തിലുള്ള ഗൂഗിൾ ടി.വികൾ നിലവിൽ മാർക്കറ്റിൽ ലഭ്യമാണ്. വെബ്ഒഎസ്, ലിനക്സ് എന്നീ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിലും ഇംപെക്സ് സ്മാർട്ട് ടിവികൾ സ്വന്തമാക്കാം. ഏറ്റവും പുതിയ സാങ്കേതികവിദ്യ താങ്ങാനാകുന്ന വിലക്ക് സാധാരണക്കാർക്കും ലഭ്യമാക്കുക എന്നതാണ് ഇംപെക്സിന്റെ ബിസിനസ് വീക്ഷണമെന്ന് ഇംപെക്സ് ഡയരക്ടർ സി ജുനൈദ് പറഞ്ഞു. എല്ലാ പുതിയ ടിവികൾക്കും നാല് വർഷം വാറന്റി ഇംപെക്സ് നൽകുന്നുവെന്നു ഇപെംക്സ് കൺസ്യൂമർ ഇലക്ട്രോണിക്സ് വിഭാഗം മേധാവി ഫൈറൂസ് കെ പറഞ്ഞു. ചടങ്ങിൽ നാഷണൽ സെയിൽസ് ഹെഡ് ജയേഷ് നമ്പ്യാർ, അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് മാർക്കറ്റിംഗ് നിതിൻ നമ്പ്യാർ, അസോസിയേറ്റ് മാർക്കറ്റിംഗ് മാനേജർ നിശാന്ത് ഹബാഷ് പങ്കെടുത്തു.


ബി.എഡ് സീറ്റിന് കോഴ ആവശ്യപ്പെട്ട സിൻഡിക്കേറ്റ് അംഗം ഇ. അബ്ദുറഹീം രാജി വെക്കണമെന്ന് ആവശ്യപ്പെട്ട് എം.എസ്.എഫ് നടത്തിയ പോസ്റ്റർ സമരം

## ബി.എഡ് കോഴ: സിൻഡിക്കേറ്റ് അംഗത്തിന്റെ രാജി ആവശ്യപ്പെട്ട് എം.എസ്.എഫ് പോസ്റ്റർ സമരം

തേഞ്ഞിപ്പലം: ബി.എഡ് സീറ്റിന് കോഴ ആവശ്യപ്പെട്ട സംഭവത്തിൽ സിൻഡിക്കേറ്റ് അംഗം ഇ. അബ്ദുറഹീം രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് എം.എസ്.എഫ് സർവകലാശാല ഭരണ കാര്യാലയത്തിന് മുന്നിൽ പോസ്റ്റർ സമരം നടത്തി. സിൻഡിക്കേറ്റംഗം തന്റെ സ്വന്തം കോളജിൽ ബി.എഡ് സീറ്റിന് കോഴ ആവശ്യപ്പെട്ടത് ഒരു ചാനൽ ശബ്ദരേഖ പുറത്തുവിട്ടിരുന്നു. ഇതുപോലെ മലപ്പുറം ജില്ലയിലെ മറ്റ് രണ്ട് കോളജുകളിലെ മാനേജ്മെന്റ് പ്രതിനിധികളും ലക്ഷങ്ങൾ കോഴ വീട്ടിലെത്തിക്കാൻ ആവശ്യപ്പെട്ടതിന്റെ ശബ്ദരേഖയും പുറത്തുവന്നിരുന്നു എന്നാൽ സർവകലാശാല ഈ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എം.എസ്.എഫ് സമരത്തിന് ഹിബ, ഹിജാസ്, യൂണിവേഴ്സിറ്റി യൂണിയൻ മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് പി.കെ മുബഷിർ പങ്കെടുത്തു.

## സ്വാതന്ത്ര്യദിനത്തിൽ ശ്രദ്ധേയമായി ട്രഷർഹണ്ട് മത്സരം

പാണക്കാട്: ഇന്ത്യയുടെ 78-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സെന്റർ ഫോർ സോഷ്യൽ എക്സലൻസ്(സി.എസ്.ഇ) ട്രഷർഹണ്ട് മത്സരം സംഘടിപ്പിച്ചു. മലപ്പുറത്തിന്റെ സമ്പന്നമായ ചരിത്രവും പൈതൃകവും സ്വാതന്ത്ര്യസമരത്തിന്റെ ഓർമകളും ആധുനീകരണത്തിന്റെ അടയാളങ്ങളും പേറുന്ന കേന്ദ്രങ്ങളിലൂടെയായിരുന്നു പരിപാടി. പാണക്കാട് സയ്യിദ് റശീദലി ശിഹാബ് തങ്ങൾ പതാകയുയർത്തി. പുതിയ തലമുറയിലേക്ക് സ്വാതന്ത്ര്യസമരചരിത്രം പകർന്നുനൽകുന്നതിൽ ട്രഷർഹണ്ട് പോലെയുള്ള പരിപാടികൾക്ക് വലിയ സ്വാധീനം ചെലുത്താൻ സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ് മലയാള വിഭാഗം അധ്യാപകൻ പി.കെ മുഹമ്മദ് ശരീഫ് സന്ദേശ പ്രസംഗം നിർവഹിച്ചു. കോട്ടക്കുന്ന്, മലപ്പുറം ശുഹദാക്കളുടെ കഥകൾ പറയുന്ന വലിയങ്ങാടി, സമരപോരാളികൾക്ക് പ്രചോദനമായി നിലകൊണ്ട കൊടപ്പനക്കൽ തറവാട്, അധിനിവേശക്രൂരതയുടെ മേൽവിലാസമായിരുന്ന എം.എസ്.പി, കലക്ടറേറ്റ്, പാസ്പോർട്ട് ഓഫീസ്, മഅ്ദിൻ അക്കാദമി, മലയാള മനോരമ ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിലൂടെയായിരുന്നു ട്രഷർഹണ്ട് കടന്നുപോയത്. ജില്ലയിലെ വ്യത്യസ്ത കാമ്പസുകളിൽനിന്നുള്ള അഞ്ച് പേരടങ്ങുന്ന പത്തോളം വിദ്യാർഥി സംഘങ്ങൾ മത്സരത്തിൽ പങ്കെടുത്തു. എം.ഇ.എസ് മമ്പാട് ഒന്നാം സ്ഥാനം നേടി ചാമ്പ്യന്മാരായി. ഡി.യു.ഐ.ഡി.സി തൂത വാഫി കാമ്പസ് രണ്ടാം സ്ഥാനവും പ്രണവം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് മൂന്നാം സ്ഥാനവും നേടി. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് സമ്മാനതുകയായി യഥാക്രമം പതിനയ്യായിരം രൂപയും പതിനായിരം രൂപയും അയ്യായിരം രൂപയും വിതരണം ചെയ്തു. മലയാള മനോരമ സീനിയർ സബ് എഡിറ്റർ ശംസുദ്ദീൻ മുബാറക്, ജാം ജൂം ഹൈപ്പർമാർക്കറ്റ് പാർട്ണർ അസീസ്, ഇമേജ് മൊബൈൽസ് പാർട്ണർ ഇർശാദ്, ഡോ. നൗഷാദ് ഹുദവി പുതുപ്പറമ്പ് പങ്കെടുത്തു.



സി.എസ്.ഇ ട്രഷർഹണ്ട് മത്സര ഭാഗമായി പാണക്കാട് സയ്യിദ് റശീദലി ശിഹാബ് തങ്ങൾ ദേശീയ പതാക ഉയർത്തുന്നു

## എസ്.വൈ.എസ് രാഷ്ട്രരക്ഷാ സംഗമം ഇന്ന് കൊണ്ടോട്ടിയിലും ചങ്ങരംകുളത്തും

മലപ്പുറം: മതേതരത്വമാണ് ഇന്ത്യയുടെ മതം എന്ന പ്രമേയവുമായി സുന്നി യുവജന സംഘം സംസ്ഥാനത്തിനകത്തും പുറത്തുമായി 20 കേന്ദ്രങ്ങളിൽ നടത്തുന്ന രാഷ്ട്ര രക്ഷാ സംഗമത്തിന്റെ ഭാഗമായി ഇന്ന് മലപ്പുറം ഈസ്റ്റ് ജില്ലാ രാഷ്ട്രരക്ഷാ സംഗമം കൊണ്ടോട്ടിയിലും വെസ്റ്റ് ജില്ലാ സംഗമം ചങ്ങരംകുളത്തും നടക്കും. കൊണ്ടോട്ടി ഖാസിയാരകം പള്ളിക്ക് സമീപം സജ്ജീകരിച്ച നഗരിയിലാണ് പരിപാടി നടക്കുന്നത്. വൈകീട്ട് 4 മണിക്ക് പ്രാർത്ഥനയോടെയും ദേശഭക്തി ഗാനത്തോടെയും തുടക്കം കുറിക്കുന്ന സംഗമം സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്യും. എസ്.വൈ.എസ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. പരിപാടിയിൽ പങ്കെടുത്ത് ആയിരങ്ങൾ പ്രതിജ്ഞ ഏറ്റുചൊല്ലും. പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, ഇ.ടി മുഹമ്മദ് ബഷീർ എം.പി, ടി.വി ഇബ്രാഹീം എം.എൽ.എ സൗഹാർദ പ്രതിനിധികളായി പങ്കെടുക്കും. മതേതരത്വമാണ് ഇന്ത്യയുടെ മതം എന്ന വിഷയത്തിൽ ഡോ. ബഷീർ ഫൈസി ദേശമംഗലം പ്രമേയ പ്രഭാഷണം നടത്തും. ദേശീയ ഗാനത്തോടെ സമാപിക്കുന്ന പരിപാടിക്ക് സമസ്തയുടെയും പോഷകഘടകങ്ങളുടെയും നേതാക്കൾ നേതൃത്വം നൽകും. രാവിലെ 8 മണിക്ക് ജില്ലയിലെ എണ്ണൂറിലധികം വരുന്ന യൂണിറ്റുകളിൽ പതാക ഉയർത്തലും ഫ്രീഡം സ്ട്രീറ്റും നടക്കും. വെസ്റ്റ് ജില്ലാ കമ്മിറ്റിയുടെ രാഷ്ട്രരക്ഷാ സംഗമം ഇന്ന് വൈകീട്ട് 4.30ന് ചങ്ങരംകുളത്ത് എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി സയ്യിദ് മുഹമ്മദ്കോയ തങ്ങൾ ജമലുല്ലൈലി ഉദ്ഘാടനം ചെയ്യും. എസ്.വൈ.എസ് ജില്ലാ വൈസ്പ്രസിഡന്റ് പി.വി മുഹമ്മദ് മൗലവി പതാക ഉയർത്തും. സമസ്ത കേന്ദ്ര മുശാവറ അംഗം എം.വി ഇസ്മാഈൽ മുസ്‌ലിയാർ പ്രാർഥന നിർവഹിക്കും. ജില്ലാ പ്രസിഡന്റ് സി.എച്ച് ത്വയ്യിബ് ഫൈസി അധ്യക്ഷനാകും. ജില്ലാ ജനറൽ സെക്രട്ടറി സയ്യിദ് കെ.കെ.എസ് തങ്ങൾ വെട്ടിച്ചിറ ആമുഖഭാഷണം നിർവഹിക്കും. എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന വൈസ്പ്രസിഡന്റ് സത്താർ പന്തല്ലൂർ പ്രമേയ പ്രഭാഷണം നിർവഹിക്കും. ഐക്യദാർഢ്യ സംഗമത്തിൽ കുറുക്കോളി മൊയ്തീൻ എം.എൽ.എ മുഖ്യാതിഥിയാകും. എസ്.എം.എഫ് സംസ്ഥാന സെക്രട്ടറി യു ഷാഫി ഹാജി ചെമ്മാട്, ജില്ലാ മുസ്‌ലിംലീഗ് ട്രഷറർ അഷ്റഫ് കോക്കൂർ, ഡി.സി.സി പ്രസിഡന്റ് വി.എസ് ജോയ്, സി.പി. എം ഏരിയ കമ്മിറ്റി സത്യൻ, സാഹിത്യകാരൻ പി സുരേന്ദ്രൻ, എസ്.വൈ.എസ് ജില്ലാ ട്രഷറർ കാടാമ്പുഴ മൂസ ഹാജി പ്രസംഗിക്കും.

## എസ്.എം.എഫ് ദർശനം 24 - മഹല്ല് പൊതുജന കൺവൻഷൻ ജില്ലാതല ഉദ്ഘാടനങ്ങൾ 17ന്

ചേളാരി: വൈവാഹിക മേഖലയിൽ വർധിച്ചു വരുന്ന ധൂർത്തും ആർഭാടങ്ങളും ആഭാസങ്ങളും സദാചാര ലംഘനങ്ങളും ഇല്ലാതാക്കാനും വിവാഹരംഗത്ത് കടന്നുവന്ന വിനാശകരമായ പുതിയ പ്രവണതകളെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കാനുമായി സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി ആവിഷ്കരിച്ച 'എസ്.എം.എഫ് ദർശനം - 2024 മഹല്ല് പൊതുജന കൺവൻഷനു'കളുടെ ജില്ലാതല ഉദ്ഘാടനങ്ങൾ ഈ മാസം 17 ന് കേരളത്തിലെ 14 ജില്ലകളിലും നീലഗിരി ജില്ലയിലുമായി നടത്തും. തിരുവനന്തപുരത്ത് കാര്യവട്ടം മഹല്ലിലും കൊല്ലം മുട്ടേയകാവ് മുടിക്കര മദ്രസയിലും പത്തനംതിട്ട സമസ്ത മഹലിലും ഇടുക്കി വണ്ണപുറം മഹല്ലിലും കോട്ടയം തിരുനക്കര പുത്തൻപള്ളി ഓഡിറ്റോറിയത്തിലും ആലപ്പുഴ വടക്കേ മഹല്ല് മദ്രസയിലും എറണാകുളം പള്ളിച്ചിറങ്ങര ഹയാത്തുൽ ഇസ്ലാം മദ്രസയിലും തൃശൂർ ചേലക്കോട് മഹല്ലിലും പാലക്കാട് തോണിപ്പുറം മദീനത്തുൽ ഉലൂം മദ്രസയിലും മലപ്പുറം എ. ആർ നഗർ പാലമഠത്തിൽചിന ഹയാത്തുൽ ഇസ്ലാം മദ്രസയിലും കോഴിക്കോട് കുറ്റിക്കടവ് ഖുവ്വത്തുൽ ഇസ്ലാം മദ്രസയിലും വയനാട് കരണി തഅ്ലീമുസ്വിബ്യാൻ മദ്രസയിലും നീലഗിരി പാട്ടവയൽ മഹല്ലിലും കണ്ണൂർ പാപ്പിനിശേരി വെസ്റ്റ് അൻസാറുൽ ഇസ്ലാം മദ്രസയിലും കാസർകോട് കോട്ടപ്പുറം നൂറുൽ ഇസ്ലാം മദ്രസയിലും നടക്കും. പരിപാടികളിൽ എസ്.എം. എഫ് സംസ്ഥാന ജില്ലാ നേതാക്കൾ പങ്കെടുക്കും.

## എസ്.വൈ.എസ് ആമില തജ്ദീദ് കാമ്പയിന് തുടക്കം

മലപ്പുറം: സുന്നി യുവജന സംഘം ആമിലാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് 40 ദിവസം നീണ്ടുനിൽക്കുന്ന തജ്ദീദ് കാമ്പയിന് പ്രൗഢമായ തുടക്കം. ഖുതുബുസ്സമാൻ മമ്പുറം തങ്ങളുടെ മഖാം സിയാറത്തിന് നേതൃത്വം നൽകി. സംസ്ഥാന ജന:സെക്രട്ടറി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി കാമ്പയിൻ ഉദ്ഘാടനം നിർവഹിച്ചു. മമ്പുറം മിസ്ബാഹുൽഹുദ മദ്രസാ ഓഡിറ്റോറിയത്തിൽ നടന്ന തജ്ദീദ് സംഗമം പാണക്കാട് സയ്യിദ് സാബിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ആമിലാ ജില്ലാ റഈസ് ഹസൻ സഖാഫി പൂക്കോട്ടൂർ അധ്യക്ഷനായി. പാണക്കാട് സയ്യിദ് ഹാശിറലി ശിഹാബ് തങ്ങൾ അനുഗ്രഹഭാഷണം നടത്തി. ആമിലാ ജില്ലാ കൺവീനർ ഡോ: സാലിം ഫൈസി കൊളത്തൂർ വിഷയാവതരണം നടത്തി. സയ്യിദ് കോയക്കുട്ടി തങ്ങൾ മമ്പുറം, അബ്ദുൽ ഖാദർ ഫൈസി കുന്നുംപുറം, സലീം എടക്കര, ശമീർ ഫൈസി ഒടമല, അബ്ദുൽ അസീസ് ദാരിമി മുതിരിപ്പറമ്പ്, ഒ കെ എം കുട്ടി ഉമരി, അബ്ദുൽ ബാരി ഫൈസി മീനാർകുഴി, പി.കെ.എ ലത്തീഫ് ഫൈസി, ഉമർ ദാരിമി പ്രസംഗിച്ചു. സെപ്തംബർ 10 മുമ്പ് അറുപത്തി അഞ്ച് കേന്ദ്രങ്ങളിൽ തൻവീർ സംഗമങ്ങളും സെപ്തംബർ 24ന് സമ്പൂർണ ജില്ലാ ആമില സംഗമവും നടക്കും.


എസ്.വൈ.എസ് തജ്ദീദ് കാമ്പയിൻ ഉദ്ഘാടനം മമ്പുറം മഖാം സിയാറത്തിന് നേതൃത്വം നൽകി സംസ്ഥാന ജന:സെക്രട്ടറി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി നിർവഹിക്കുന്നു






# ദുരന്തമുണ്ടായതിനെക്കുറിച്ച് അന്വേഷണം

## അപകട സാധ്യതകൾ വിലയിരുത്തുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ദുരന്ത മേഖലകളിൽ പരിശോധന നടത്തിവരികയാണെന്ന് മുഖ്യമന്ത്രി. ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമാണ് ദുരന്ത ബാധിത പ്രദേശങ്ങളും അനുബന്ധ മേഖലകളും പരിശോധിക്കുന്നത്. ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടവും അനുബന്ധ പ്രദേശവും ഇന്നലെ സംഘം പരിശോധിച്ചു. പ്രദേശത്തെ മണ്ണിന്റെയും പാറകളുടെയും സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ഇവ വിശദമായ പരിശോധനക്ക് വിധേയമാക്കും. ദുരന്തം സംഭവിച്ചതെങ്ങനെയെന്നും ഉരുൾപൊട്ടലിൽ സംഭവിച്ച പ്രതിഭാസങ്ങളും സംഘം വിലയിരുത്തും. ദുരന്ത സ്ഥലത്തെ ഭൂവിനിയോഗത്തെക്കുറിച്ചും സംഘം റിപ്പോർട്ട് നൽകും. ദുരന്ത പ്രദേശത്തെയും അനുബന്ധ മേഖലകളിലേയും അപകട സാധ്യതകൾ വിലയിരുത്തും.

എൻ.ഐ.ടി സൂറത്ത്കലുമായി ചേർന്ന് ദുരന്തബാധിത മേഖലയുടെ അതിസൂക്ഷ്മമായ ലിഡാർ സർവേ നടത്താനുദ്ദേശിക്കുന്നുണ്ട്. ഈ സർവേയിലൂടെ ഭൂമിയുടെ ഉപരിതലവും ഉപരിതലത്തിന് മുകളിലെ എല്ലാ വസ്തുക്കളുടെയും കൂടുതൽ സൂക്ഷ്മമായ വിവരങ്ങൾ ലഭിക്കും.

ഈ വിവരങ്ങളുപയോഗിച്ചു കൊണ്ട് വിദഗ്ദ്ധ സംഘം നൽകുന്ന റിപ്പോർട്ട് കൂടി പരിഗണിച്ചാണ് ഇനിയുള്ള ഭൂവിനിയോഗത്തിന്റെ രീതികൾ നിശ്ചയിക്കാൻ സാധിക്കുക. എൻ ഐ ടി സൂറത്ത്കലിലെ ദുരന്തനിവാരണ വിദഗ്ദ്ധൻ ശ്രീ. ശ്രീവത്സാ കോലത്തയാർ ആണ് ഈ സംഘത്തെ നയിക്കുന്നത്. ഡ്രോൺ ഉപയോഗപ്പെടുത്തിയുള്ള ലിഡാർ സർവേ ആണ് നടത്താനുദ്ദേശിക്കുന്നത്. ദുരന്തബാധിത പ്രദേശത്തിന്റെ ഏരിയൽ ഫോട്ടോഗ്രാഫ്സ് അടക്കമുള്ള സൂക്ഷ്മമായ ചിത്രങ്ങളെടുക്കും. മുൻപുണ്ടായിരുന്ന ഭൂതലം എങ്ങനെയായിരുന്നു, ദുരന്ത ശേഷം എന്തെല്ലാം മാറ്റങ്ങൾ വന്നു, ഏതൊക്കെ പ്രദേശത്താണ് വലിയ ആഘാതം ഉണ്ടായത് എന്നെല്ലാം കണ്ടെത്താനും ഭാവിയിൽ ഈ പ്രദേശത്തെ ഭൂവിനിയോഗം നിർണയിക്കുമ്പോൾ എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടെന്ന് തിരിച്ചറിയാനും ഈ സർവ്വേ റിപ്പോർട്ട് സഹായകമാകുമെന്നും അദ്ദേഹം അറിയിച്ചു.

## സ്വാതന്ത്ര്യദിനത്തിൽ മുസ്‌ലിംയൂത്ത് ലീഗ് യൂണിറ്റി ഡേ

കോഴിക്കോട്: സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇന്ന് മുസ്‌ലിം യൂത്ത് ലീഗ് യൂണിറ്റി ഡേ സംഘടിപ്പിക്കും. ബ്രിട്ടീഷ് രാജിൽനിന്നും ഇന്ത്യ സ്വതന്ത്രമായതിന്റെ 78ാം വാർഷികത്തിൽ യൂണിറ്റ്, ശാഖ, വാർഡ് കമ്മിറ്റികളുടെ നേതൃത്വത്തിലാണ് യൂണിറ്റി ഡേ സംഘടിപ്പിക്കുകയെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും അറിയിച്ചു.

ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും മതേതര ചിന്താഗതിക്കാരാണ്. മതേതര ചേരിയിലെ ഭിന്നിപ്പായിരുന്നു ഫാസിസത്തിന് എളുപ്പം വളരാൻ വഴിയൊരുക്കിയത്. എന്നാൽ വൈകിയാണെങ്കിലും മതേതര കക്ഷികൾ ഇത് തിരിച്ചറിഞ്ഞത് ശുഭകരമാണെന്ന് നേതാക്കൾ പറഞ്ഞു. ഏത് പ്രതിസന്ധികൾക്കിടയിലും ശുഭാപ്തി വിശ്വാസം കൈവെടിയാതിരിക്കാനുള്ള ജാഗ്രത നമുക്കുണ്ടാവണം. വയനാട്ടിലെ ദുരന്തം നൽകിയ തീരാനഷ്ടങ്ങളെ അതിജീവിക്കുന്നതിനിടയിലാണ് ഇത്തവണത്തെ സ്വാതന്ത്ര്യ ദിനം വന്നുചേർന്നത്. ആൾ നഷ്ടത്തിനും സ്വത്ത് നഷ്ടത്തിനും ഒരേ വേദനയാണ് എന്ന പാഠം കൂടിയാണ് ദുരന്തം പഠിപ്പിക്കുന്നത്. ദുരന്തബാധിതരെ ചേർത്ത് പിടിക്കാൻ ജാതി- മത - രാഷ്ട്രീയ വേർതിരിവുകളില്ലാതെ കേരളം ഒറ്റക്കെട്ടാണ്. വയനാടിന്റെ വീണ്ടെടുപ്പിനായി സന്നദ്ധ പ്രവർത്തകർ എല്ലാം മറന്ന് ദുരന്തമണ്ണിൽ കർമനിരതരാണ്. യൂണിറ്റി ഡേയുടെ ഭാഗമായി ദേശീയ പതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം കൈമാറുകയും പ്രതിജ്ഞ എടുക്കുകയും ചെയ്യും. ദേശീയ ഗാനാലാപനത്തോടെ പരിപാടി സമാപിക്കും. മുഴുവൻ ശാഖകളിലും യൂണിറ്റി ഡേ നടക്കുന്നുണ്ടെന്ന് മേൽ കമ്മിറ്റികൾ ഉറപ്പ്‌വരുത്തണമെന്ന് നേതാക്കൾ അഭ്യർത്ഥിച്ചു.

## ചാലിയാറിലൂടെ ഒഴുകിവന്ന ഒരു മൃതദേഹഭാഗം തലപ്പാലിയിൽ നിന്നും കണ്ടെടുത്തു

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടലിൽ ചാലിയാറിലൂടെ ഒഴുകിവന്ന ഒരു മൃതദേഹഭാഗം തലപ്പാലിയിൽ നിന്നും കണ്ടെടുത്തു. നായ്ക്കൾ കടിച്ചുവലിക്കുന്നത് കണ്ട മുണ്ടേരി വിത്തുകൃഷിത്തോട്ടം തൊഴിലാളികളാണ് നായകളെ ഓടിച്ച് ശരീരഭാഗം കണ്ടെടുത്തത്. ശരീര ഭാഗം കണ്ടെത്തിയ വിവരം പൊലീസിനെ അറിയിക്കുകയും തുടർന്ന് കണ്ടെടുത്ത ശരീര ഭാഗം ആംബുലൻസിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. പൊലീസ് എം.എസ്.പി സേനംഗങ്ങളുടെ നേതൃത്വത്തിൽ മുണ്ടേരി മുതൽ പോത്തുകൽ വരെ ചൊവ്വാഴ്ച തിരച്ചിൽ നടത്തിയിരുന്നു.

## വയനാട്: മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം

തിരുവനന്തപുരം: ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം നൽകും. എസ്.ഡി.ആർ.എഫിൽ നിന്ന് 4 ലക്ഷം രൂപ അനുവദിക്കുന്നതിനു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2 ലക്ഷം രൂപ കൂടി ചേർത്താണ് ആറ് ലക്ഷം രൂപ ലഭിക്കുക. ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ എന്നിവ നഷ്ടപ്പെട്ടവർക്കും 60 ശതമാനത്തിൽ അധികം വൈകല്യം ബാധിച്ചവർക്ക് 75,000 രൂപ വീതവും 40 ശതമാനം മുതൽ 60 ശതമാനംവരെ വൈകല്യം ബാധിച്ചവർക്ക് 50,000 രൂപ വീതവും സി.എം.ഡി.ആർ.എഫിൽ നിന്ന് അനുവദിക്കും.

മരണപ്പെട്ടവരുടെ അവകാശികൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കുള്ള അധികാരത്തിന് വിധേയമായി നഷ്ടപരിഹാരം നൽകും. ഇതനുസരിച്ചു പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് കൂടാതെ തന്നെ ഭാര്യ/ഭർത്താവ്/മക്കൾ /മാതാപിതാക്കൾ എന്നിവർക്ക് നഷ്ടപരിഹാരം ലഭിക്കും. സഹോദരൻ, സഹോദരി എന്നിവർ ആശ്രിതർ ആണെങ്കിൽ അവർക്കും ധനസഹായം ലഭിക്കും. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമുമ്പ് ആക്ഷേപമുന്നയിക്കുന്നതിനുള്ള നോട്ടീസ് സമയപരിധിയായ 30 ദിവസമെന്നുള്ളത് പൂർണ്ണമായും ഒഴിവാക്കും.

ദുരന്തത്തിൽപ്പെട്ട് കാണാതായ വ്യക്തികളുടെ ആശ്രിതർക്ക് സഹായം നൽകുന്നതിന് പെട്ടിമുടി ദുരന്തത്തിൽ കാണാതായവരുടെ കാര്യത്തിലെന്ന പോലെ പൊലീസ് നടപടികൾ പൂർത്തിയാക്കി പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കും. അത് അടിസ്ഥാനപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കും. ദുരന്തത്തിൽ ക്യാമ്പുകളിൽ കഴിയുന്നവരുടെ പുനരധിവാസ പ്രക്രിയ വേഗത്തിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വാടകവീടുകളിലേക്ക് മാറുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വാടക ഇനത്തിൽ പ്രതിമാസം 6000 രൂപ അനുവദിക്കും. ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും ഈ തുക നൽകും.

സൗജന്യ താമസമൊരുക്കുകയാണ് ലക്ഷ്യമെന്നതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ സ്വകാര്യ വ്യക്തികൾ സൗജന്യമായി നൽകുന്ന ഇടങ്ങളിലേക്കോ മാറുന്ന കുടുംബങ്ങൾക്ക് പ്രതിമാസ വാടക ലഭിക്കില്ല. മുഴുവനായി സ്പോൺസർഷിപ്പ് മുഖേന താമസസൗകര്യം ഒരുക്കുന്ന കെട്ടിടങ്ങളിലേക്ക് മാറുന്നവർക്കും ഈ ആനുകൂല്യം ഉണ്ടാവില്ല. ഭാഗികമായി സ്പോൺസർഷിപ്പ് നൽകുന്ന കേസുകളിൽ ശേഷിക്കുന്ന തുക പരമാവധി 6000 രൂപ വരെ പ്രതിമാസ വാടക അനുവദിക്കും.

നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിനായി മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2018 നു സമാനമായി, വിവിധ രേഖകൾ നഷ്ടപ്പെട്ടവർക്ക്, യുണിവേഴ്സിറ്റികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ് / പുതുക്കിയ രേഖകൾ നൽകുമ്പോൾ യാതൊരുവിധ ഫീസും ഈടാക്കരുതെന്ന് ഉത്തരവുണ്ട്.

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇതുവരെ 231 മൃതദേഹങ്ങളും 206 ശരീരഭാഗങ്ങളുമാണ് കണ്ടെത്തിയത്. താൽകാലിക പുനരധിവാസത്തിനായി ഹാരിസൺ മലയാളത്തിലെ തൊഴിലാളി യൂണിയനുകൾ ഇപ്പോൾ നൽകാൻ തയ്യാറായിട്ടുള്ള 53 വീടുകളും നൽകാമെന്നേറ്റ ബാക്കി വീടുകളുടെയും ഭദ്രതയും നടത്തിപ്പും സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചൂരൽ മലയിലെ ദുരന്തബാധിതർക്ക് ഒരു വാടക വീട് എന്ന മുദ്രാവാക്യവുമായി സർവ്വകക്ഷികളുടെയും നേതൃത്വത്തിൽ വാടക വീടുകൾക്ക് വേണ്ടി അന്വേഷണം നടത്തുന്നുണ്ട്. പഞ്ചായത്ത് അംഗങ്ങൾ, റവന്യൂ ഉദ്യോഗസ്ഥർ, സോഷ്യൽ വർക്കർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി തദ്ദേശസ്വയംഭരണ പരിധിയിൽ ലഭ്യമാക്കാവുന്ന വീടുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യും.

## ഓർമ്മയായത് ഒരു ഡസനിലധികം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ

കെ.എസ്. മുസ്തഫ
ചൂരൽമല

മൂന്ന് ദേശങ്ങളെ തകർത്തെറിഞ്ഞ വയനാട് ഉരുൾപൊട്ടലിൽ ഇല്ലാതായത് ഒരു ഡസനിലധികം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. ചൂരൽമല, മുണ്ടക്കൈ, അട്ടമല എന്നിവിടങ്ങളിലെ അയൽക്കൂട്ടങ്ങളിൽ പെട്ട നിരവധി വനിതകൾ മരണത്തിലേക്ക് ഒഴുകിപ്പോയതോടെയാണ് സ്വപ്നങ്ങളും സൗഹൃദങ്ങളും നെയ്ത അൽക്കൂട്ടങ്ങൾ ഇല്ലാതായത്. അപകടത്തിൽ മരണം മുന്നിൽ കണ്ട് ബാക്കിയായവർക്കിനി ഞായറാഴ്ചകളിലെ കൂട്ടായ്മകൾ നൊമ്പരമുണർത്തുന്ന ഓർമ്മകളാവും. ചൂരൽമലയിൽ 29, അട്ടമലയിൽ 24, മുണ്ടക്കൈയിൽ 10 എന്നിങ്ങനെ 63 അയൽക്കൂട്ടങ്ങളാണ് ഉരുൾദുരന്തമേഖലയിലുണ്ടായിരുന്നത്. ഇതിൽ എണ്ണൂറിലധികം വനിതകൾ അംഗങ്ങളുമായിരുന്നു. പുഞ്ചിരിമട്ടത്ത് നിന്ന് പൊട്ടിയടർന്ന് മുണ്ടക്കൈയെയും ചൂരൽമലയെയും തകർത്തെറിഞ്ഞ ഉരുൾപൊട്ടലിൽ ഇവരിൽ നൂറുകണക്കിന് പേരാണ് മരണത്തിന് കീഴടങ്ങിയത്. ഇതുവരെയുള്ള കണക്കുകൾ പ്രകാരം 437 മൃതദേഹങ്ങളും ശരീരഭാഗങ്ങളുമാണ് കണ്ടെത്തിയത്. ഇതിൽ 349 ശരീരഭാഗങ്ങൾ 248 ആളുകളുടേതാണ്. ഇതു 121 പുരുഷൻമാരും 127 സ്ത്രീകളുമാണെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരിൽ മിക്കവരും ഏതെങ്കിലും അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിരുന്നു. അയൽക്കൂട്ടങ്ങൾക്കൊപ്പം മൂന്നിടങ്ങളിലുമായി 4 കുടുംബശ്രീ ബാലസഭകളുമുണ്ടായിരുന്നു. ഈ സഭകളിൽ പല കുരുന്നുകളും ഓർമ്മകളായിക്കഴിഞ്ഞു.

ഉപജീവനത്തിനും ഉപഭോക്താവശ്യത്തിനും ഇവരിൽ നല്ലൊരു ശതമാനത്തിനും ആശ്രയമായിരുന്നു അയൽക്കൂട്ടങ്ങൾ. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ മേപ്പാടി ശാഖയിലും കേരള ബാങ്കിന്റെയും കേരള ഗ്രാമീൺ ബാങ്കിന്റെയും ചൂരൽമല ശാഖകളിലുമായി നൂറു കണക്കിന് കുടുംബശ്രീ അംഗങ്ങൾക്കാണ് ലോൺബാധ്യതയുള്ളത്.

പത്തിനും ഇരുപതിനും ഇടയിലായിരുന്നു ഓരോ അയൽക്കൂട്ടങ്ങളുടെയും അംഗബലം. ദുരന്തത്തിൽ മരിച്ചവർ ഏതൊക്കെ അയൽക്കൂട്ടങ്ങളിൽ അംഗമായിരുന്നു എന്ന് കണ്ടെത്താൻ കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ വിവിരശേഖരണം പുരോഗമിച്ചുവരികയാണ്. ഈ വിവരസമാഹരണം പൂർത്തിയാവുന്ന മുറക്ക് ദുരന്തം മുറിവേൽപ്പിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം ഇനിയും വർധിച്ചേക്കും. ചർച്ചകൾക്കും സാമ്പത്തിക ഇടപാടുകൾക്കുമപ്പുറം സ്നേഹത്തിന്റെയും സങ്കടത്തിന്റെയും നോവുകളുടെയും പങ്കുവെക്കലുകൾ കൊണ്ട് സജീവമായിരുന്ന അയൽക്കൂട്ടങ്ങളാണ് മലമുകളിൽ നിന്നുതിർന്ന മരണവെള്ളപ്പാച്ചിലിൽ ഓർമ്മയായത്.

## വയനാടിനെ വീണ്ടെടുക്കാൻ കൈകോർത്ത് ബാലകേരളവും



എം.എസ്.എഫ് ബാലകേരളം മുസ്‌ലിംലീഗ് വയനാട് പദ്ധതിയിലേക്കുള്ള പണം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കൈമാറുന്നു.

മലപ്പുറം: വയനാട് മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനഃരധിവാസ പ്രവർത്തനങ്ങൾക്ക് മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റി പ്രഖ്യാപിച്ച ധന സമാഹാരണ കാമ്പയിനിൽ പങ്കാളികളായി എം.എസ്.എഫ് ബാലകേരളം വിദ്യാർഥി കൂട്ടായ്മയും. 10 ന് പ്രഖ്യാപിച്ച ബാലകേരളം ധന സമാഹാരണ കാമ്പയിൻ ഇന്ന് പൂർത്തിയാകും. കഴിഞ്ഞ ദിവസങ്ങളിൽ നിരവധി ബാലകേരളത്തിന്റെ പ്രവർത്തകർ മുസ്‌ലിം ലീഗ് തയ്യാറാക്കിയ ആപ്പ് വഴി സംസ്ഥാന കമ്മിറ്റിക്ക് പണം കൈമാറി.

മുപ്പത് വിദ്യാർഥികൾ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് നേരിട്ട് പണം കൈമാറി കാമ്പയിനിൽ പങ്കാളികളായി. അനേകം സ്വപ്നങ്ങൾ കണ്ട് സമാഹരിച്ച ധനശേഖരം മുഴുവനായി പുനഃരധിവാസ പദ്ധതിയിലേക്ക് കൈമാറിയാണ് അവർ മാതൃകയായത്. പുതിയ സൈക്കിൾ, കളിപ്പാട്ടങ്ങൾ, മിഠായികൾ അങ്ങനെ പലമോഹങ്ങൾക്ക് മാറ്റിവെച്ച തുകയാണ് ആപ്പ് വഴിയും അല്ലാതെയുമായി സംസ്ഥാന മുസ്‌ലിം ലീഗ് കമ്മിറ്റിയെ ഏൽപ്പിക്കുന്നത്.

ബാലകേരളം സ്റ്റേറ്റ് ക്യാപ്റ്റൻ ആദിൽ ചേലേമ്പ്ര, വൈസ് ക്യാപ്റ്റന്മാരായ അഷിഖ ഫാത്തിമ, ഷഹാസ് കണ്ണൂർ, ബാലകേരളം ട്രഷറർ ആദിൽ മലയമ്മൽ, ജില്ലാ ഭാരവാഹികളായ ഫാത്തിമ അൻജും, സാദ് ഹാഷിർ, ഫെബിന ഷറിൻ, ഷബിൻ ഹംദ്, ഇഷാൻ മുഹമ്മദ്, മുഹമ്മദ് സഹൽ എന്നിവർ കാമ്പയിനിൽ പങ്കാളികളായി.



ബഹ്റൈനിലെ പ്രമുഖ ബിസിനസ് സംരംഭകരായ ഫുഡ് വേൾഡ് ആന്റ് സിംസിം ഗ്രൂപ്പ് മുസ്‌ലിം ലീഗിന്റെ വയനാടിന്റെ കണ്ണീരൊപ്പാൻ ഫണ്ടിലേക്ക് 5 ലക്ഷം രൂപയുടെ ചെക്ക് ചെയർമാൻ കുരുട്ടി അബൂബക്കർ ഹാജി പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളെ ഏൽപിക്കുന്നു. ഡയരക്ടർ കുരുട്ടി മൊയ്തു ഹാജി സമീപം

## വിലങ്ങാട് ഉരുൾപൊട്ടൽ പുനരധിവാസം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: വിലങ്ങാട് മേഖലയിൽ ഉരുൾപൊട്ടൽ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് അതിവേഗം ആശ്വാസവും പുനരധിവാസവും സാധ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി. പ്രാഥമിക പരിശോധനയിൽ ബോധ്യമായ നഷ്ടത്തിന്റെ തോത് റവന്യൂ അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തകരാറിലായ വൈദ്യുതി ബന്ധം പുനരാരംഭിച്ചു. നൂറോളം ജീവനക്കാർ രാപ്പകൽ അധ്വാനിച്ച് നാല് കിലോമീറ്റർ നീളത്തിൽ പുതുതായി ലൈൻ വലിക്കുകയും നാലു കിലോമീറ്ററോളം പ്രദേശത്ത് നിലവിലെ ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തിയുമാണ് വൈദ്യുതി ബന്ധം പുനസ്ഥാപിച്ചത്.

ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടമായവർക്ക് അവയ്ക്ക് പകരം രേഖകൾ ലഭ്യമാക്കുന്നതിനായി ആഗസ്റ്റ് 16ന് പ്രത്യേക അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംയുക്തമായി നടത്തുന്ന അദാലത്തിൽ എല്ലാവിധ രേഖകളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കും. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളുടെ നിലവിലെ സ്ഥിതിഗതികൾ പഠിക്കാനും ഇവിടെ തുടർവാസം സാധ്യമാണോ എന്ന് പരിശോധിക്കുന്നതിനുമായി ജിയോളജി, ഹൈഡ്രോളജി, മണ്ണ് സംരക്ഷം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഹസാഡ് അനലിസ്റ്റും പ്രദേശങ്ങളിൽ സന്ദർശനം നടത്തിവരികയാണെന്നും അദ്ദേഹം പറഞ്ഞു.

## വി.എം അബൂബക്കർ എടത്തല നിര്യാതനായി



ആലുവ: സ്വതന്ത്ര കർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റ് എടത്തല വടക്കെത്തോലക്കര പീടികപറമ്പിൽ വീട്ടിൽ വി.എം അബൂബക്കർ എടത്തല (74) നിര്യാതനായി. മുസ്‌ലിം ലീഗ് എറണാകുളം ജില്ലാ കൗൺസിൽ അംഗമായിരുന്നു. എടത്തല ഗ്രാമ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും ചന്ദ്രിക ദിനപത്രം കൊച്ചി എഡിഷനിലെ മുൻ ജീവനക്കാരനുമായിരുന്നു. എടത്തല പഞ്ചായത്തിലെ ആദ്യകാല മുസ്‌ലിം ലീഗ് നേതാവും മുസ്‌ലിംലീഗ് എടത്തല പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്ന പരേതനായ വി എ മൊയ്തീൻ സാഹിബിന്റെ മകനാണ്.

ഇന്നലെ ഉച്ചയ്ക്ക് 12.15 ന് എറണാകുളം ലെക്ഷോർ ആശുപത്രിയിൽ വെച്ചായിരുന്നു മരണം. കുറച്ചുനാളുകളായി ശാരീരിക അസ്വസ്ഥതകളെ തുടർന്ന് വീട്ടിൽ വിശ്രമ ജീവിതത്തിൽ ആയിരുന്നു. ഖബറടക്കം ഇന്നലെ രാത്രി പേങ്ങാട്ടുശ്ശേരി മഹല്ല് ഖബർസ്ഥാനിൽ നടത്തി.

ഭാര്യ: റുക്കിയ ബീവി (തൃക്കാക്കര വാളംകോട്ടിൽ കുടുംബാംഗം). മക്കൾ: ഖാജാ മുഹിയുദ്ദീൻ (അബുദാബി) അഹമ്മദ് കബീർ രിഫായി (അബുദാബി കെ.എം.സി.സി എറണാകുളം ജില്ലാ പ്രസിഡണ്ട്), ഖൈറുന്നിസ. മരുമക്കൾ: അംറു (ബിസിനസ് സൗദി അറേബ്യ), നസീബ, റമീസ.

ചന്ദ്രിക കൊച്ചി യൂണിറ്റ് ആരംഭിച്ചപ്പോൾ ജീവനക്കാരനായി ചേർന്ന അദ്ദേഹം ദീർഘകാലം ചന്ദ്രികയിൽ ജോലി ചെയ്തു. മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് വി.കെ ഇബ്രാഹിം കുഞ്ഞ്, സെക്രട്ടറി അഡ്വ. മുഹമ്മദ് ഷാ, സെക്രട്ടറിയേറ്റ് മെമ്പർ ടി.എ അഹ്മദ് കബീർ, സ്വതന്ത്ര കർഷക സംഘം സംസ്ഥാന പ്രസിഡണ്ട് കുറുക്കോളി മൊയ്തീൻ എംഎൽഎ തുടങ്ങിയവർ നിര്യാണത്തിൽ അനുശോചിച്ചു.

## കോട്ടയം നഗരസഭ ജീവനക്കാരൻ 3 കോടി രൂപ തട്ടിയെടുത്ത കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തു

കോട്ടയം: കോട്ടയം നഗരസഭയിലെ ജീവനക്കാരൻ അഖിൽ സി. വർഗീസ് പെൻഷൻ ഫണ്ടിൽ നിന്നും 3 കോടി രൂപ തട്ടിയെടുത്ത കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. കോട്ടയം ജില്ലാ ക്രൈം ബ്രാഞ്ച് ഡി വൈ എസ് പി സാജു വർഗീസിന്റെ മേൽനോട്ടത്തിലാണ് അന്വേഷണം നടക്കുക. ക്രൈം ബ്രാഞ്ച് സംഘം നഗരസഭയിൽ നിന്നും പ്രാഥമിക വിവരങ്ങൾ തേടി. പ്രതി അഖിൽ സി. വർഗീസ് ഒളിവിൽ തുടരുന്നതിനിടെയാണ് കേസ് ക്രൈം ബ്രാഞ്ച് ഏറ്റെടുത്തത്.

കോട്ടയം വെസ്റ്റ് പൊലീസാണ് നേരത്തെ കേസ് അന്വേഷിച്ചിരുന്നത്. നിലവിൽ വൈക്കം നഗരസഭയിൽ ജോലി ചെയ്തു വരികയായിരുന്ന അഖിൽ സി വർഗീസിനെ നേരത്തെ സസ്പെൻഡ് ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ആണ് സസ്പെൻഡ് ചെയ്ത് ഉത്തരവിറക്കിയത്. 2020 മുതൽ 2023 വരെയുള്ള പെൻഷൻ ഫണ്ടിൽ നിന്ന് അഖിൽ അമ്മയുടെ അക്കൗണ്ടിലേക്ക് 3 കോടി രൂപ മാറ്റിയെന്നാണ് കണ്ടെത്തൽ. വാർഷിക സാമ്പത്തിക കണക്കെടുപ്പിലാണ് വിവരം പുറത്തായത്. അഖിലിന്റെ അമ്മ പി ശ്യാമളയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പണമയച്ചത്.

ഈരാറ്റുപേട്ട നഗരസഭയിൽ നിന്നു സ്ഥലം മാറി 2020 മാർച്ച് 12 നാണ് അഖിൽ കോട്ടയത്ത് എത്തിയത്. നേരത്തെ കൊല്ലം കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന കാലയളവിൽ 40 ലക്ഷം രൂപയുടെ തട്ടിപ്പ് കണ്ടെത്തിയതിനെ തുടർന്ന് യു.ഡി.എഫ് സർക്കാർ കാലയളവിൽ ഇയാളെ സസ്പെൻഡ് ചെയ്തിരുന്നു. എന്നാൽ പിന്നീട് ഇടത് സർക്കാർ അധികാരത്തിൽ വന്നപ്പോൾ സസ്പെൻഷൻ പിൻവലിച്ച് ഇയാളെ വീണ്ടും ജോലിയിൽ തിരിച്ചെടുക്കുകയാണ് ചെയ്തത്. തട്ടിപ്പ് കേസിൽ പൊലീസ് അന്വേഷണം ആരംഭിച്ചതോടെ അഖിൽ സി വർഗീസ് ഒളിവിൽ കഴിയുകയാണ്.

കോട്ടയം നഗരസഭ പെൻഷൻ വിഭാഗത്തിലെ സൂപ്രണ്ട് ശ്യാം , സെക്ഷൻ ക്ലർക്ക് ബിന്ദു കെ.ജി , അക്കൗണ്ട് വിഭാഗത്തിലെ ബിൽ തയ്യാറാക്കുന്ന സന്തോഷ് കുമാർ എന്നിവരെ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് നഗരസഭ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ സസ്പെൻഡ് ചെയ്തിരുന്നു.

## കരട് തീരദേശ പരിപാലന പ്ലാൻ; കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനം

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. 109 പഞ്ചായത്തുകളെ കൂടി സിആർ ഇസഡ് 2 കാറ്റഗറിയിലേക്ക് മാറ്റുന്നത് കേരളം കേന്ദ്രത്തോട് അഭ്യർത്ഥിക്കും. 2019 ലെ കേന്ദ്ര തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും കേരള തീരദേശ പരിപാലന അതോറിറ്റി അംഗീകരിച്ചതുമാണ് ഈ കരട്. സിആർ ഇസഡ് മൂന്നിൽ നിന്ന് സിആർ ഇസഡ് രണ്ടിലേക്ക് 175 നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളെ തരംമാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിരുന്നു.






ഗൾഫ് ചന്ദ്രിക
# സ്പോർട്സ്

www.chandrikadaily.com

**BREAKING** വെസ്റ്റിൻഡീസ്-ദക്ഷിണാഫ്രിക്ക രണ്ടാം ടെസ്റ്റിന് ഇന്ന് തുടക്കം

## ദുലീപ് ട്രോഫി: കോലിയും രോഹിതുമില്ല

മുബൈ: 2024-2025 ദുലീപ് ട്രോഫിയുടെ ആദ്യ റൗണ്ടിനുള്ള ടീമുകളെ ബിസിസിഐ പ്രഖ്യാപിച്ചു. സീനിയർ താരങ്ങളായ രോഹിത് ശർമ, വിരാട് കോലി, ജസ്പ്രീത് ബുംറ, രവിചന്ദ്രൻ അശിൻ എന്നിവർ സ്‌ക്വാഡിൽ ഇല്ല.

അതേ സമയം ഫൈനലിൽ ഇവർ കളിക്കുമോ എന്ന് വ്യക്തമല്ല. സെപ്റ്റംബർ 5 മുതൽ ആന്ധ്രാപ്രദേശിലെ അനന്തപൂരിലും ബെംഗളൂരുവിലെ ചിന്നസ്വാമി സ്‌റ്റേഡിയത്തിലുമായാണ് ടൂർണമെന്റ് നടക്കുന്നത്.

ശുഭ്മാൻ ഗിൽ, കെ എൽ രാഹുൽ, ശ്രേയസ് അയ്യർ, മുഹമ്മദ് സിറാജ്, രവീന്ദ്ര ജഡേജ, സൂര്യകുമാർ യാദവ്, ഇഷൻ കിഷൻ എന്നിവരെല്ലാം ടീമിൽ ഉണ്ട്. ബി ടീമിൽ സർഫറാസ് ഖാനും സഹോദരൻ മുഷീർ ഖാനും ഇടം നേടി.



**ടീം എ**

ശുഭ്മാൻഗിൽ (ക്യാപ്റ്റൻ), മായങ്ക് അഗർവാൾ, റിയാൻ പരാഗ്, ധ്രുവ് ജുറൈൽ, കെ.എൽ രാഹുൽ, തിലക് വർമ, ശിവം ദുബെ, തനുഷ് കോട്ടിയൻ, കുൽദീപ് യാദവ്, ആകാശ് ദീപ്, പ്രസിദ്ധ് കൃഷ്ണ, ഖലീൽ അഹമ്മദ്, ആവേശ് ഖാൻ, വിദ്വദ് കാവേരപ്പ, കുമാർ കുശാഗ്ര, ശാശ്വത് റാവത്

**ടീം ബി**

അഭിമന്യു ഈശ്വരൻ (ക്യാപ്റ്റൻ), യശസ്വി ജയ്‌സ്വാൾ, സർഫറാസ് ഖാൻ, ഋഷഭ് പന്ത്, മുഷീർ ഖാൻ. നിതീഷ് കുമാർ റെഡ്ഡി, വാഷിങ്ടൻ സുന്ദർ, രവീന്ദ്ര ജഡേജ, മുഹമ്മദ് സിറാജ്, യാഷ് ദയാൽ, മുകേഷ് കുമാർ, രാഹുൽ ചാഹാർ, ആർ സായ് കിഷോർ, മോഹിത് അവസ്തി, എൻ ജഗദീഷൻ.

**ടീം സി**

റിതുരാജ് ഗെയ്ക്‌വാദ് (ക്യാപ്റ്റൻ), സായ് സുദർശൻ, രജത് പട്ടീദാർ, അഭിഷേക് പോറൽ, സൂര്യകുമാർ യാദവ്, ബി ഇന്ദ്രജിത്, ഋതിക് ഷൗക്കീൻ, മാനവ് സുതർ, ഉമ്രാൻ മാലിക്, വൈശാഖ് വിജയ്കുമാർ, അൻശുൽ കമ്പോജ്, ഹിമാൻശു ചൗഹാൻ, മായങ്ക് മാർക്കണ്ഡെ, ആര്യൻ ജുയൽ, സന്ദീപ് വാര്യർ.

**ടീം ഡി**

ശ്രേയസ് അയ്യർ (ക്യാപ്റ്റൻ), അതർവ്വ തായ്‌ഡെ, യാഷ് ദുബെ, ദേവ്ദത്ത് പടിക്കൽ, ഇഷാൻ കിഷൻ, റിക്കി ബുയി, സരൻഷ് ജെയിൻ. അക്‌സർ പട്ടേൽ, അർഷ്ദീപ് സിങ്, ആദിത്യ താകരെ, ഹർഷിത് റാണ, തുഷാർ ദേശ്പാണ്ഡെ, ആകാശ് സെൻഗുപ്ത, കെ.എസ് ഭരത്, സൗരഭ് കുമാർ.

# ശ്രീ ആദരം



ശ്രീജേഷിന് ഹോക്കി ഇന്ത്യയുടെ ആദരത്തിന്റെ ഭാഗമായി എല്ലാ താരങ്ങളും ശ്രീജേഷിന്റെ ജഴ്‌സി അണിഞ്ഞപ്പോൾ

## 16ാം നമ്പർ ജഴ്‌സി പിൻവലിച്ചു

ന്യൂഡൽഹി: ഇന്ത്യയുടെ മുൻ ക്യാപ്റ്റനും ഗോൾകീപ്പറുമായ പി.ആർ ശ്രീജേഷിന് ആദരവുമായി ഹോക്കി ഇന്ത്യ.

പാരീസ് ഒളിംപിക്‌സോടെ വിരമിച്ച ശ്രീജേഷിനൊപ്പം അദ്ദേഹം ധരിച്ചിരുന്ന 16ാം നമ്പർ ജേഴ്‌സിയും വിരമിക്കുന്നതായി ഹോക്കി ഇന്ത്യ ബുധനാഴ്ച പ്രഖ്യാപിച്ചു. ടോക്യോ ഒളിംപിക്‌സിലും പാരീസ് ഒളിംപിക്‌സിലും ഇന്ത്യൻ ഹോക്കി ടീമിന് വെങ്കലം നേടിക്കൊടുക്കുന്നതിൽ നിർണായക പങ്കുവഹിച്ച ശ്രീജേഷ് അർഹിക്കുന്ന ആദരമാണ് ഇപ്പോൾ ഹോക്കി ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടായത്. രണ്ട് പതിറ്റാണ്ടോളം അഭിമാനത്തോടെ ശ്രീജേഷ് അണിഞ്ഞ 16ാം നമ്പർ ജേഴ്‌സി ഇനി സീനിയർ ടീമിൽ ആർക്കും ലഭിക്കില്ല. പാരീസ് ഒളിംപിക്‌സോടെ വിരമിക്കുമെന്ന് നേരത്തേ തന്നെ ശ്രീജേഷ് പ്രഖ്യാപിച്ചിരുന്നു. തുടർച്ചയായ രണ്ടാം ഒളിംപിക് മെഡൽ നേട്ടത്തോടെ തന്റെ വിരമിക്കൽ ഗംഭീരമാക്കാനും അദ്ദേഹത്തിനായി. ഗെയിംസിലെ എട്ടു മത്സരങ്ങളിലായി നേരിട്ട 62 ഷോട്ടുകളിൽ 50 എണ്ണം സേവ് ചെയ്ത താരത്തിന്റെ അസാമാന്യ പ്രകടനമാണ് ഇന്ത്യയുടെ മെഡൽ നേട്ടത്തിൽ നിർണായകമായത്.അതേസമയം കളിക്കളത്തിൽ നിന്നു വിരമിച്ച് മണിക്കൂറുകൾക്കുള്ളിൽ തന്നെ ശ്രീജേഷിന് ഹോക്കി ഇന്ത്യ പുതിയ ചുമതലയും നൽകിയിരുന്നു. താരത്തെ ഇന്ത്യൻ ജൂനിയർ ഹോക്കി ടീമിന്റെ പരിശീലകനായി ഹോക്കി ഇന്ത്യ സെക്രട്ടറി ജനറൽ ബോലനാഥ് പ്രഖ്യാപിച്ചിരുന്നു.

## മോണി മോർക്കൽ ബൗളിങ് കോച്ച്



മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ബൗളിങ് കോച്ചായി ദക്ഷിണാഫ്രിക്കൻ പേസർ മോണി മോർക്കലിനെ നിയമിച്ചു. മുഖ്യ പരിശീലകൻ ഗൗതം ഗംഭീറിന്റെ താൽപര്യപ്രകാരമാണ് മോണി മോർക്കലിന്റെ നിയമനം. മുൻ ഇന്ത്യൻ താരം സഹീർ ഖാനെ ബൗളിങ് പരിശീലകനാക്കാനായിരുന്നു ബി.സി.സി.ഐയുടെ താൽപര്യമെങ്കിലും ഗംഭീറിന്റെ അഭ്യർത്ഥന പ്രകാരം ഈ തീരുമാനം മാറ്റുകയായിരുന്നു. അടുത്ത മാസം ഒന്നു മുതലാണ് മോണി മോർക്കലുമായുള്ള കരാർ ആരംഭിക്കുക.

സെപ്തംബർ 19ന് ആരംഭിക്കുന്ന ബംഗ്ലാദേശുമായുള്ള ടെസ്റ്റ് മത്സരത്തിലായിരിക്കും മോർക്കൽ കോച്ചെന്ന നിലയിൽ അരങ്ങേറ്റം കുറിക്കുക. ദക്ഷിണാഫ്രിക്കയ്ക്കായി 86 ടെസ്റ്റുകളിൽ നിന്നായി 309 വിക്കറ്റുകളും 117 ഏകദിനങ്ങളിൽ നിന്നായി 188 വിക്കറ്റുകളും 44 ടി 20കളിലായി 47 വിക്കറ്റുകളും മോർക്കൽ വീഴ്ത്തിയിട്ടുണ്ട്. 33-ാം വയസിൽ രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിച്ച മോർക്കൽ നേരത്തെ പാകിസ്താൻ ബൗളിങ് കോച്ചായും പ്രവർത്തിച്ചിട്ടുണ്ട്. 2023ലെ ഏകദിന ലോകകപ്പിൽ പാകിസ്താന്റെ ദയനീയ പ്രകടനത്തിന് പിന്നാലെ പാക് ടീമിന്റെ കോച്ചായി തുടരേണ്ടെന്ന് മോർക്കൽ തീരുമാനിക്കുകയായിരുന്നു. ഐ.പി.എല്ലിൽ ഗംഭീറിനൊപ്പം കൊൽക്കത്ത നൈറ്റ് റൈഡേഴ്‌സിലും ലക്നൗ സൂപ്പർ ജയന്റ്സിലും മോർക്കൽ പ്രവർത്തിച്ചിട്ടുണ്ട്. രാഹുൽ ദ്രാവിഡ് കോച്ചായിരുന്നപ്പോൾ പരസ് മാംബ്രയായിരുന്നു ബൗളിങ് കോച്ചായി പ്രവർത്തിച്ചിരുന്നത്. മോർക്കലിന് പുറമെ ഇന്ത്യൻ ബൗളിങ്ങിനെ സഹായിക്കാനായി അഭിഷേക് നായർ, റയാൻ ടെൻ ഡഷാറ്റ, ഫീൽഡിങ് കോച്ച് ടി ദിലീപ് എന്നിവരുമുണ്ടാകും.

## രോഹിതിന് നേട്ടം സിറാജിന് തിരിച്ചടി

ദുബായ്: ഐസിസി ഏകദിന റാങ്കിംഗിൽ രണ്ടാം സ്ഥാനത്തേക്കുയർന്ന് ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ. ശ്രീലങ്കയ്‌ക്കെതിരെ ഏകദിന പരമ്പരയിൽ നടത്തിയ മികച്ച പ്രകടനാണ് രോഹിത്തിനെ രണ്ടാം സ്ഥാനത്തെത്താൻ സഹായിച്ചത്. ഒരു സ്ഥാനമാണ് രോഹിത് മെച്ചപ്പെടുത്തിയത്.

ഇന്ത്യൻ താരങ്ങളിൽ ഒന്നാം സ്ഥാനത്തുള്ള താരവും രോഹിത് തന്നെ. തന്റെ 37ാം വയസിലാണ് രോഹിത് ബാറ്റർമാരുടെ പട്ടികയിൽ നേട്ടം സ്വന്തമാക്കുന്നത്. പാകിസ്താൻ ക്യാപ്റ്റൻ ബാബർ അസം ഒന്നാം സ്ഥാനത്ത് തുടരുന്നു. 824 റേറ്റിംഗ് പോയിന്റാണ് ബാബറിനുള്ളത്. രോഹിത്തിന് 765 പോയിന്റും. രോഹിത് ഒരു സ്ഥാനം മെച്ചപ്പെടുത്തിയതോടെ യുവതാരം ശുഭ്മാൻ ഗിൽ മൂന്നാം സ്ഥാനത്തേക്ക് വീണു.

ശ്രീലങ്കയ്‌ക്കെതിരെ ഭേദപ്പെട്ട പ്രകടനമായിരുന്നു ഗില്ലിന്റേത്. അതേ സമയം വിരാട് കോലി നാലാം സ്ഥാനത്ത് തുടരുകയാണ്. ലങ്കയ്‌ക്കെതിരെ നിരാശപ്പെടുത്തിയെങ്കിലും കോലി സ്ഥാനം നിലനിർത്തുകയായിരുന്നു. അദ്ദേഹത്തിനൊപ്പം അയർലൻഡ് താരം ഹാരി ടെക്റ്ററുമുണ്ട്. ന്യൂസിലൻഡിന്റെ ഡാരിൽ മിച്ചൽ, മുൻ ഓസ്‌ട്രേലിയൻ താരം ഡേവിഡ് വാർണർ എന്നിവരാണ് ആറും ഏഴും സ്ഥാനങ്ങളിൽ. പതും നിസ്സങ്ക (ശ്രീലങ്ക), ഡേവിഡ് മലാൻ (ഇംഗ്ലണ്ട്), റാസി വാൻ ഡർ ഡുസ്സൻ (ദക്ഷിണാഫ്രിക്ക) എന്നിവരാണ് ആദ്യ 10 സ്ഥാനങ്ങളിലെത്തിയ മറ്റു താരങ്ങൾ. ശ്രേയസ് അയ്യർ (16), കെ.എൽ രാഹുൽ (22) എന്നിങ്ങനെയാണ് മറ്റ് താരങ്ങളുടെ റാങ്കുകൾ. ബൗളർമാരിൽ ആദ്യ നാല് സ്ഥാനം മാറ്റമില്ലാതെ തുടരുന്നു.

കേശവ് മഹാരാജ് ഒന്നാം സ്ഥാനത്ത് തുടരുന്നു. ഓസീസ് താരം ജോഷ് ഹാസൽവുഡ് രണ്ടാം സ്ഥാനത്തും ആദം സാംപ മൂന്നാമതുമാണ്. ഇന്ത്യൻ താരം കുൽദീപ് യാദവ് നാലാം സ്ഥാനത്തുണ്ട്. ജസ്പ്രീത് ബുമ്ര എട്ടാം സ്ഥാനത്തുണ്ട്. മുഹമ്മദ് സിറാജാണ് ആദ്യ പത്തിലുള്ള മറ്റൊരു ഇന്ത്യൻ താരം. എന്നാൽ സിറാജിന് അഞ്ച് സ്ഥാനങ്ങൾ നഷ്ടമായി. ടീം റാങ്കിംഗിൽ ഇന്ത്യ ഒന്നാമത് തുടരുന്നു. ഓസ്‌ട്രേലിയ, ദക്ഷിണാഫ്രിക്ക, പാകിസ്താൻ, ന്യൂസിലൻഡ് എന്നിവരാണ് അടുത്ത നാല് സ്ഥാനങ്ങളിൽ.

## പ്രതിഷേധിച്ചു മെഡൽ പോയി

ന്യൂഡൽഹി: 100 ഗ്രാം ഭാരം കൂടിയതിന്റെ പേരിൽ ഒളിംപിക്‌സിൽ നിന്നും ഇന്ത്യയുടെ വിനേഷ് ഫോഗട്ടിനെ വിലക്കിയതിനെതിരായ ഹർജിയിൽ വിധി വരാനിരിക്കെ വിവാദ പ്രസ്താവനയുമായി ഗുസ്തി ഫെഡറേഷൻ തലവൻ സഞ്ജയ് സിങ്. ഫോഗട്ടിന്റെ മെഡൽ കോടതി തീർപ്പിനനുസരിച്ചായതിനാൽ നിലവിൽ അമൻ സഹ്‌റാവത്തിന് ലഭിച്ച വെങ്കല മെഡൽ മാത്രമാണ് ഗുസ്തിയിലൂടെ ഇന്ത്യക്ക് ലഭിച്ച ഏക മെഡൽ.

ഗുസ്തി താരങ്ങളുടെ പ്രകടനം മോശമാവാൻ കാരണം അവർ പ്രതിഷേധങ്ങളിൽ പങ്കെടുത്തതാണെന്നാണ് ഫെഡറേഷൻ തലവന്റെ കണ്ടെത്തൽ. ബി.ജെ.പി മുൻ എം. പിയും ഗുസ്തി ഫെഡറേഷൻ തലവനുമായിരുന്ന ബ്രിജ്ഭൂഷൺ ശരൺ സിങിനെതിരെ ലൈംഗിക പീഡന പരാതിയുമായി വിനേഷ് ഫോഗട്ട്, ബജ്‌റംഗ് പൂനിയ, സാക്ഷി മാലിക് തുടങ്ങിയവർ പ്രതിഷേധവുമായി രംഗത്തു വന്നിരുന്നു.

ഇതാണ് താരങ്ങളുടെ പ്രകടനം മോശമാവാൻ കാരണമെന്നാണ് സഞ്ജയ് സിങ് ഇപ്പോൾ പറയുന്നത്. 14-15 മാസം ഗുസ്തി ഫെഡറേഷനെയടക്കം പ്രതിഷേധം ബാധിച്ചുവെന്നും ഗുസ്തി താരങ്ങൾക്ക് പരിശീലനത്തിന് സമയം ലഭിച്ചില്ലെന്നും അതിനാൽ തന്നെ ദേശീയ രാജ്യാന്തര മത്സരത്തിൽ പങ്കെടുക്കാൻ അവർക്കാവാത്തത് തിരിച്ചടിയായെന്നാണ് സഞ്ജയ് സിങ് പറയുന്നത്.

## വയനാടിന്റെ കണ്ണീരൊപ്പാൻ

- മഞ്ചേരിയിലും ലക്നൗവിലും ചാരിറ്റി മത്സരങ്ങൾ
- 30ന് മുഹമ്മദൻസും സൂപ്പർലീഗ് കേരള ഇലവനും തമ്മിൽ മത്സരം

ന്യൂഡൽഹി: ഉരുൾപൊട്ടലിൽ 400ൽ അധികം പേർ കൊല്ലപ്പെട്ട വയനാടിനും വെള്ളപ്പൊക്ക കെടുതികൾ അനുഭവിക്കുന്ന ഹിമാചൽ പ്രദേശിനേയും സഹായിക്കുന്നതിനായി ഓൾ ഇന്ത്യാ ഫുട്ബോൾ ഫെഡറേഷൻ രണ്ട് ചാരിറ്റി മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ആദ്യ മത്സരം ഈ മാസം 30ന് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ മുഹമ്മദൻസ് സ്പോർട്ടിങ് കൊൽക്കത്തയും സൂപ്പർ ലീഗ് കേരള ഇലവനും തമ്മിൽ നടത്താനാണ് ആലോചന. സെപ്തംബർ രണ്ടിന് രണ്ടാം മത്സരം ലക്നൗവിലും നടക്കും. ഇതിനായുള്ള ക്ലബ്ബുകൾ സംബന്ധിച്ച ചർച്ചകൾ നടക്കുകയാണ്. പ്രകൃതി ദുരന്തത്തിനിരയായവരുടെ കണ്ണീരൊപ്പാനായി എ.ഐ.എഫ്.എഫ് ഇത്തരമൊരു മത്സരം സംഘടിപ്പിക്കുന്നു എന്നറിയിച്ചപ്പോൾ തന്നെ അതിന് സന്നദ്ധത അറിയിച്ച രാജ്യത്തെ ഏറ്റവും പഴക്കമുള്ള ക്ലബ്ബുകളിലൊന്നായ മുഹമ്മദൻസ് സ്പോർട്ടിങ്ങിനോട് പ്രത്യേകം നന്ദി പറയുന്നതായി എ.ഐ.എഫ്.എഫ് പ്രസിഡന്റ് കല്യാൺ ചൗബേ അറിയിച്ചു.

ലക്നൗ മത്സരത്തിനായി രണ്ട് ക്ലബ്ബുകളുമായി ചർച്ചയിലാണെന്നും അദ്ദേഹം പറഞ്ഞു.

ദുരന്തത്തിനിരയായവരുടെ വേദന മാറ്റാൻ കഴിയുന്ന ശക്തമായ മാധ്യമമാണ് സ്പോർട്സെന്നും സാഹോദര്യത്തിനായി നമുക്ക് എല്ലാവർക്കും ഒരുമിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഫാൻസ് മുഖ്യം ബിഗിലേ

ലണ്ടൻ: വാർ സംവിധാനത്തിനെതിരായ ഫുട്ബോൾ പ്രേമികളുടെ എതിർപ്പിനെ മറികടക്കാനായി ഇംഗ്ലീഷ് പ്രീമിയർ ലീഗ് പുതിയ വഴിയിൽ. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ഓരോ മത്സരത്തിനിടയിലും വാർ പരിശോധന നടക്കുമ്പോൾ തന്നെ ഇതിന്റെ വിശദാംശങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റു ചെയ്യാനാണ് പുതിയ തീരുമാനം. സാങ്കേതിക സംവിധാനം വഴിയുള്ള വാറിനെതിരെ കഴിഞ്ഞ സീസണിൽ വൻ തോതിലുള്ള വിമർശനമുയർന്നിരുന്നു. വാർ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് വോൾവർഹാംപ്ടൺ വാൻഡറേഴ്സ് രംഗത്തു വരികയും ചെയ്തിരുന്നു. വാറിലെ ഓഡിയോ സംപ്രേഷണം ചെയ്യുന്നത് ഫുട്ബോളിൽ അനുവദനീയമല്ലാത്തതിനാൽ ഓഡിയോ ഒഴിവാക്കിക്കൊണ്ട് ലൈവായി വിവരങ്ങൾ പങ്കുവെക്കുമെന്ന് പ്രീമിയർ ലീഗ് പ്രസ്താവനയിൽ അറിയിച്ചു. ആവശ്യമെങ്കിൽ ഫുട്ബോൾ നിയമങ്ങളും അനുബന്ധ വിവരങ്ങളും വാറിനൊപ്പം കാണികൾക്ക് സാമൂഹിക മാധ്യമം വഴി നൽകുമെന്നും പ്രീമിയർ ലീഗ് അറിയിച്ചു.


## ഡി ലൈറ്റും മസ്റാവൂയിയും യുണൈറ്റഡിൽ



ലണ്ടൻ: ബയേൺ മ്യൂണിക്കിൽ നിന്നും നെതർലൻഡ്‌സ് സെന്റർബാക്ക് മാറ്റിയിസ് ഡി ലൈറ്റിനേയും മൊറോക്കോ ഫുൾബാക്ക് നുസൈർ മസ്റാവൂയിയേയും മാഞ്ചസ്റ്റർ യുണൈറ്റഡ് സ്വന്തമാക്കി. അഞ്ചു വർഷത്തെ കരാറിലാണ് 25കാരനായ ഡി ലൈറ്റ് യുണൈറ്റഡിലെത്തുന്നത്. ഒരു വർഷത്തേക്ക് കൂടി വേണമെങ്കിൽ കരാർ വർധിപ്പിക്കാനും മാർഗമുണ്ട്. ഇടത് ബാക്കായും വലത് ബാക്കായും കളിക്കാൻ കഴിയുന്ന 26കാരനായ മസ്റാവൂയി 2028 ജൂൺവരെ യുണൈറ്റഡിൽ തുടരും. ഇരുവരുടേയും ട്രാൻസ്ഫർ തുക എത്രയെന്ന് വെളിപ്പെടുത്തിയിട്ടില്ലെങ്കിലും മസ്റാവൂയിക്ക് 60 മില്യൻ പൗണ്ടും (647.13 കോടി രൂപ) ഡി ലൈറ്റിന് 77 മില്യൻ പൗണ്ടുമാണ് (829.38 കോടി രൂപ) ചെലവിട്ടതെന്നാണ് ബ്രിട്ടീഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഇരുവരേയും ടീമിലെത്തിച്ച ദിനത്തിൽ തന്നെ ആരോൺ വാൻ ബിസാക്കയെ യുണൈറ്റഡ് എതിരാളികളായ വെസ്റ്റ്ഹാമിന് കൈമാറുകയും ചെയ്തു. യുണൈറ്റഡുമയുള്ള അഞ്ചു വർഷ കരാർ അവസാനിപ്പിക്കാനായി 15 മില്യൻ പൗണ്ടാണ് വെസ്റ്റ്ഹാം നൽകിയത്





സ്വാതന്ത്ര്യപ്പുലരി...

*വട്ടപ്പറമ്പ് അൽഹുദ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ വിദ്യാർഥികൾ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടിയുടെ ഭാഗമായി ഇന്ത്യയുടെ ഭൂപടം ഒരുക്കിയപ്പോൾ*

## സ്വാതന്ത്ര്യ ദിനാഘോഷം; വിവിധ സേനകളുടെ 34 പ്ലാറ്റൂണുകൾ

മലപ്പുറം: സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ ഭാഗമായി മലപ്പുറം എം.എസ്.പി ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ സല്യൂട്ട് സ്വീകരിക്കും. പരേഡിന് എം.എസ്.പി അസിസ്റ്റന്റ് കമാൻഡന്റ് കെ. രാജേഷ് നേതൃത്വം നൽകും. പരേഡിൽ പൊലീസ് ഉൾപ്പടെ വിവിധ സേനാ വിഭാഗങ്ങളുടെയും എൻ.സി.സി, എസ്.പി. സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ് തുടങ്ങിയവയുടെയും 34 പ്ലറ്റൂണുകൾ അണിനിരക്കും. മലപ്പുറം നഗരസഭാ പരിധിയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുക്കുന്ന പ്രഭാതഭേരിയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമാവുക. രാവിലെ 7.15 ന് സിവിൽ സ്റ്റേഷൻ പരിസരത്ത് നിന്ന് ആരംഭിക്കുന്ന പ്രഭാതഭേരി പെരിന്തൽമണ്ണ റോഡിലൂടെ എം.എസ്.പി പരേഡ് ഗ്രൗണ്ടിലെത്തും. രാവിലെ 8.35ന് സിവിൽസ്റ്റേഷനിലുള്ള യുദ്ധസ്മാരകത്തിൽ പുഷ്പാർച്ചന നടത്തി മന്ത്രി കെ.രാജൻ പരേഡ് ഗ്രൗണ്ടിലെത്തും. തുടർന്ന് ഒമ്പത് മണിക്ക് ദേശീയ പതാക ഉയർത്തും. എം.എസ്.പി, പൊലീസ്, വനിതാ പൊലീസ്, സായുധ റിസർവ് പൊലീസ്, എക്സൈസ്, ഫോറസ്റ്റ്, അഗ്നിശമന സേന തുടങ്ങി വിവിധ സേനകളുടെ സല്യൂട്ട് സ്വീകരിച്ച ശേഷം മന്ത്രി സ്വാതന്ത്ര്യദിന സന്ദേശം നൽകും.

### ബി.എ.എൽ വിജയിക്കാത്ത 49 പേർക്ക് എൽ.എൽ.ബി പ്രവേശനം

# സ്വാധീനമുണ്ടെങ്കിൽ കാലിക്കറ്റിൽ എല്ലാം റെഡി

തേഞ്ഞിപ്പലം: എഴുതി വെക്കപ്പെട്ട നിയമങ്ങൾ ഉണ്ടായിട്ടും ബാച്ചിലർ ഓഫ് അക്കാദമിക് ലോസ് ( ബി.എ.എൽ) വിജയിക്കാത്തവർക്ക് പഞ്ചവത്സര എൽ.എൽ.ബിയുടെ പത്താം സെമസ്റ്ററിൽ നിയമവിരുദ്ധ പ്രവേശനം നൽകി. ഇവരിൽ ചിലർക്ക് ഡിഗ്രി ഒർജിനൽ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ചിലരുടെ ഡിഗ്രി സർട്ടിഫിക്കറ്റ് അപേക്ഷയിൽ ഇനി തീർപ്പ് കൽപ്പിക്കാനുമുണ്ട്. ഇതെല്ലാം ന്യായീകരണങ്ങൾ നിരത്തി ശരിയാക്കാനാണ് സിൻഡിക്കേറ്റംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ നീക്കം. സ്വാധീനമുണ്ടെങ്കിൽ കാലിക്കറ്റ് സർവകലാശാലയിൽ എല്ലാം റെഡിയാണെന്നാണ് തെളിയിക്കുന്നത്.

പഞ്ചവത്സര എൽ.എൽ.ബി പൂർത്തിയാക്കിയ ഒരു വിദ്യാർഥിയുടെ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുടെ പരിശോധനയിലാണ് നിയമവിരുദ്ധ പ്രവേശനങ്ങൾ തിരിച്ചറിഞ്ഞത്. ഈ വിദ്യാർഥിക്ക് പത്താം സെമസ്റ്ററിൽ റെഗുലർ രജിസ്ട്രേഷൻ ഇല്ല. റഗുലേഷൻ അനുസരിച്ച് 2000–2001 മുതൽ ബി.എ.എൽ പാസായതിനു ശേഷമേ അഞ്ചു വർഷ എൽ.എൽ.ബിക്കാർക്ക് പത്താം സെമസ്റ്ററിൽ തിയറി പരീക്ഷ എഴുതാൻ അനുവാദമുള്ളൂ. ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിച്ച വിദ്യാർഥി ബി.എ.എൽ വിജയിക്കുന്നത് 2013 ഡിസംബർ സെഷനിലാണ്. എന്നാൽ ബി.എ.എൽ പാസാകുന്നതിന് മുമ്പ് ഈ വിദ്യാർഥിക്ക് 2011 നവംബർ സെഷൻ മുതൽ പത്താം സെമെസ്റ്ററിൽ പരീക്ഷക്ക് സപ്ലിമെന്ററി ആയി രജിസ്ട്രേഷൻ നൽകുകയും 2013 സെപ്തംബർ സെഷനിൽ പത്താം സെമസ്റ്റർ പാസാകുകയും ചെയ്തിരുന്നു. പത്താം സെമസ്റ്റർ പാസായ ശേഷമാണ് വിദ്യാർഥി ബി.എ.എൽ പാസായത്. ഇത് റഗുലേഷൻ അനുസരിച്ച് അനുവദനീയമല്ല. കൂടാതെ പത്താം സെമെസ്റ്ററിൽ റെഗുലർ രജിസ്ട്രേഷനുള്ള സമയപരിധി അവസാനിച്ച ശേഷം ബി.എ.എൽ പാസായ വിദ്യാർഥികൾക്ക് പത്താം സെമസ്റ്ററിൽ സപ്ലിമെന്ററി രജിസ്ട്രേഷനാണ് നൽകിയിട്ടുള്ളത്.

കൂടുതൽ വിദ്യാർഥികൾക്കു ഇതുപോലെ റെഗുലേഷന് വിരുദ്ധമായി ബി.എ.എൽ പാസാകുന്നതിന് മുമ്പ് തന്നെ പത്താം സെമസ്റ്ററിൽ രജിസ്ട്രേഷൻ നൽകിയതായും ഡിഗ്രി സർട്ടിഫിക്കറ്റ് അനുവദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. ഡിജിറ്റൽ വിങ്ങിൽ നിന്നുള്ള കണക്കുപ്രകാരം, 2003 മുതൽ 2010 അഡ്മിഷൻ വരെയുള്ള ബാച്ചുകളിൽ 1248 വിദ്യാർഥികൾ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന് രജിസ്റ്റർ ചെയ്തതിൽ 49 പേർ ബി.എ.എൽ വിജയിക്കുന്നതിന് മുമ്പ് പത്താം സെമസ്റ്റർ റഗുലർ, സപ്ലിമെന്ററി പരീക്ഷക്ക് രജിസ്റ്റർ ചെയ്തവരാണ്. അതിൽ 45 പേർ പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് വിജയിച്ചവരാണ്. അതിൽ 45 പേർക്ക് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, പ്രൊവിഷനൽ സർട്ടിഫിക്കറ്റ്, 22 പേർക്ക് ഡിഗ്രി ഒർജിനൽ സർട്ടിഫിക്കറ്റും അനുവദിച്ചിട്ടുണ്ട്.

എന്നാൽ കോഴ്സ് വിജയിച്ചിട്ടും അപേക്ഷ സമർപ്പിക്കാൻ വൈകിയതിനാൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഇതുവരെ തീർപ്പാക്കാത്ത അപേക്ഷകൾ ഇപ്പോഴുമുണ്ട്. മറ്റൊരു വിദ്യാർഥിയുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് മാർക്ക് എന്നിവ നൽകുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദേശത്തെ തുടർന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ സർട്ടിഫിറ്റ് അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

# വയനാടിനായി കൈകോർത്ത് ഇന്ത്യൻ ഫുട്ബോളും; മഞ്ചേരിയിൽ ചാരിറ്റി മത്സരം

ഷഹബാസ് വെള്ളില
മലപ്പുറം

നിലവിലെ ഐ ലീഗ് ചാമ്പ്യന്മാരായ കൊൽക്കത്തൻ കരുത്തർ മുഹമ്മദൻസ് സ്പോട്ടിങ് ക്ലബ്ബ് മഞ്ചേരിയിൽ പന്തുതട്ടാനെത്തുന്നു. 30ന് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം. വയനാട് പുനഃരധിവാസ ഫണ്ടിലേക്ക് പണം കണ്ടെത്തുന്നതിനായിട്ടാണ് ആൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ നേരിട്ട് നടത്തുന്ന രണ്ടു ചാരിറ്റി മത്സരങ്ങളിൽ ഒന്നാണ് മഞ്ചേരിയിൽ നടക്കുന്നത്. മത്സരത്തിന്റെ ഔദ്യോഗിക സ്ഥിരീകരണം ഇന്നലെ എ.ഐ.എഫ്.എഫ് പുറത്തുവിട്ടു.



മഞ്ചേരിയിൽ കൂടാതെ ഹിമാചലിലും ചാരിറ്റി മത്സരം നടക്കുന്നുണ്ട്. സെപ്തംബർ ഏഴു മുതൽ കേരളത്തിൽ ആരംഭിക്കുന്ന സൂപ്പർ ലീഗിൽ കേരളയിൽ മത്സരിക്കുന്ന ആറു ക്ലബ്ബുകളിൽ നിന്നുള്ള പ്രധാന താരങ്ങൾ അണിനിരക്കുന്ന സൂപ്പർ ലീഗ് കേരള ഇലവനായിരിക്കും മഞ്ചേരിയിൽ മുഹമ്മദൻസിനെ നേരിടുക. കേരളക്കരയിലെ ഫുട്ബോൾ ഇഷ്ടക്കാർക്ക് മികച്ചൊരു മത്സരം തന്നെയാകും മഞ്ചേരിയിൽ കാണാനാകുക. ടിക്കറ്റ് വരുമാനമടക്കം ലഭിക്കുന്ന തുക വയനാട് പുനഃരധിവാസ ഫണ്ടിലേക്ക് നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. മത്സരസമയം നിശ്ചയിച്ചിട്ടില്ല. രാത്രി തന്നെയാകുമെന്നാണ് അനൗദ്യോഗിക വിവരം. പോയ സീസണിൽ ഐ ലീഗ് ചാമ്പ്യന്മാരായതോടെ ഇന്ത്യൻ സൂപ്പർ ലീഗിലേക്ക് പ്രമോഷൻ ലഭിച്ച മുഹമ്മദൻസ് മഞ്ചേരിയിലെത്തുമ്പോൾ കായിക പ്രേമികൾക്ക് നല്ലൊരു ഫുട്ബോൾ വിരുന്ന് തന്നെയാകും. ഐ.എസ്.എൽ മത്സരങ്ങളിലേക്ക് കടക്കുന്നതിന് മുന്നെ നടക്കുന്ന മത്സരം മുഹമ്മദൻസിനും നിർണായകമാണ്.

ഐ.എസ്.എല്ലിനായി പുതിയ വിദേശ താരങ്ങളെയടക്കം ടീമിലെത്തിച്ച മുഹമ്മദൻസ് മികച്ച നിരയുമായിട്ടായിരിക്കും മഞ്ചേരിയിലെത്തുക. എ.ഐ.എഫ്.എഫ് നേരിട്ട് നടത്തുന്ന മത്സരമായതിനാൽ മുഴുവൻ താരങ്ങളും മൈതാനത്തിറങ്ങുമെന്നാണ് അറിയുന്നത്. സൂപ്പർ ലീഗ് കേരള ഇലവനാണ് മുഹമ്മദൻസിനെ നേരിടാനിറങ്ങുന്നത്. സൂപ്പർ ലീഗ് കേരളയിൽ മത്സരിക്കുന്ന ആറു ടീമുകളിലേയും ഐക്കൺ താരങ്ങളടക്കം ജഴ്സിയണിയുന്ന സൂപ്പർ ലീഗ് കേരള ഇലവൻ മുഹമ്മദൻസിനൊത്ത എതിരാളികളായിരിക്കും. മുൻ ഐ ലീഗ് ഐ.എസ്.എൽ താരങ്ങളെയടക്കം ടീമിലെത്തിച്ച് സൂപ്പർ ലീഗ് കേരള ടീമുകൾ ഏവരേയും അത്ഭുതപ്പെടുത്തികൊണ്ടിരിക്കുകയാണ്. ടീമുകളുടെ വിദേശ താരങ്ങളെല്ലാം എത്തി തുടങ്ങിയിട്ടുണ്ട്. ഇവരെല്ലാം ഒരേ ജഴ്സിയിൽ കളത്തിലിറങ്ങുന്നതും നല്ല കാഴ്ച്ചയായിരിക്കും. ആഗസ്ത് 31ന് ആരംഭിക്കാനിരുന്ന സൂപ്പർ ലീഗ് കേരള വയനാട് ദുരന്തത്തെ തുടർന്നാണ് സെപ്തംബർ ഏഴിലേക്ക് മാറ്റിയത്.

## മുഹമ്മദൻസ് എസ്.സി– സൂപ്പർ ലീഗ് കേരള ഇലവൻ മത്സരം 30ന്

## മലപ്പുറം ഫുട്ബോൾ ക്ലബ്ബ് ഗ്രാന്റ് ലോഞ്ചിങ് 29ന്

മലപ്പുറം: സൂപ്പർ ലീഗ് കേരളയിൽ മലപ്പുറത്തിന്റെ സ്വന്തം ക്ലബ്ബായ മലപ്പുറം ഫുട്ബോൾ ക്ലബ്ബിന്റെ ഗ്രാന്റ് ലോഞ്ചിങ് 29ന് മലപ്പുറം എം.എസ്.പി ഗ്രൗണ്ടിൽ നടക്കും. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി പങ്കെടുക്കും. നിരവധി പ്രമുഖർ ചടങ്ങിന്റെ ഭാഗമാകും. മലപ്പുറത്തിന്റെ സ്വന്തം ക്ലബ്ബായ മലപ്പുറം ഫുട്ബോൾ ക്ലബ്ബ് മികച്ച കളിക്കാരെ ഇതിനകം തന്നെ ടീമിലെത്തിച്ചിട്ടുണ്ട്. ടീമിന്റെ പരിശീലകൻ ഐ.എസ്.എൽ ചാമ്പ്യനായ മുൻ ചെന്നൈയിൻ എഫ്.സി പരിശീലകൻ ജോൺ ഗ്രിഗറിയാണ്. അനസ് എടത്തൊടികയടക്കം പതിനെട്ടോളം താരങ്ങൾ ഇതിനകം ടീമിനൊപ്പം ചേർന്നിട്ടുണ്ട്. ആറ് വിദേശ താരങ്ങളെയാണ് ടീമുകൾക്ക് സൈൻ ചെയ്യാൻ കഴിയുക. ഇതിൽ ഐ ലീഗിൽ കളിച്ച ബ്രസീൽ താരമടക്കം നാല് വിദേശ താരങ്ങൾ ഇതിനകം ടീമിലെത്തിയിട്ടുണ്ട്.

## സ്വാതന്ത്ര്യദിനാഘോഷം മുഹമ്മദ് ഷിബിലി കേരളത്തെ പ്രതിനിധീകരിക്കും




*മുഹമ്മദ് ഷിബിലി*

മലപ്പുറം: ഡൽഹിയിലെ ചെങ്കോട്ടയിൽ നടക്കുന്ന സ്വാതന്ത്ര്യദിന ആഘോഷ ചടങ്ങിൽ കേരളത്തെ പ്രതിനിധീകരിച്ച് മലപ്പുറത്ത് നിന്നും നെഹ്റു യുവ കേന്ദ്ര മുൻ നാഷണൽ യൂത്ത് വളണ്ടിയറും ന്യൂസാംസൺ ക്ലബ്ബ് അംഗവുമായ മുഹമ്മദ് ഷിബിലി പങ്കെടുക്കും. കേരള സിവിൽ ഡിഫൻസ് അംഗം കൂടിയായ ഷിബിലി വണ്ടൂർ പുളിയക്കോട് സ്വദേശിയാണ്. കേരളത്തിൽ നിന്ന് ആകെ മൂന്ന് പേരും ദേശീയതലത്തിൽ 68 പേരുമാണ് നെഹ്റു യുവ കേന്ദ്രയുമായി ബന്ധപ്പെട്ട് ചടങ്ങിന്റെ ഭാഗമാവുക.

## റോളർ സ്കേറ്റിങ് ജില്ലാ ചാമ്പ്യൻഷിപ്പ് 31 മുതൽ

മലപ്പുറം: ജില്ലാ റോളർ സ്കേറ്റിങ് അസോസിയേഷൻ സംഘടിപ്പിക്കുന്ന 19–ാമത് ജില്ലാ ചാമ്പ്യൻഷിപ്പ് ഈ മാസം 31, സെപ്തംബർ ഒന്ന്, രണ്ട് തിയ്യതികളിലായി നടക്കും. 31, സെപ്തംബർ ഒന്ന് തിയ്യതികളിൽ എടപ്പാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിലും ഇൻഡോർ സ്റ്റേഡിയത്തിലും, സെപ്തംബർ രണ്ടിന് കോട്ടക്കലിൽ റോഡിലുമായാണ് മത്സരങ്ങൾ നടക്കുക. രാവിലെ ഏഴ്മണി മുതൽ മത്സരങ്ങൾ ആരംഭിക്കും. ഓൺലൈൻ മുഖേനയാണ് അപേക്ഷകൾ നൽകേണ്ടത്. ഈമാസം 24 വരെയാണ് അപേക്ഷിക്കാനുള്ള സമയം. ഭാരവാഹികളായ ബി.പി രഘുരാജ്, ആർ.കൃഷ്ണദാസ്, ടി.എസ് ജയദേവൻ, സഫർ അലി വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ജില്ലാ യൂത്ത് ഫുട്ബോൾ എം.എസ്.പിയും എൻ.എൻ.എം എഫ്.സിയും ഫൈനലിൽ



മലപ്പുറം: കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ജില്ലാ യൂത്ത് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ജൂനിയർ വിഭാഗം ഫൈനലിൽ എം.എസ്.പി മലപ്പുറവും എൻ.എൻ.എം എഫ്.സി ചേലേമ്പ്രയും ഏറ്റുമുട്ടും. ആദ്യ സെമിയിൽ മയൂര എഫ്.സി തിരൂരിനെ 3–0 ന് പരാജയപ്പെടുത്തിയാണ് എൻ.എൻ.എം.എഫ്.സി ചേലേമ്പ്ര ഫൈനലിലെത്തിയത്. രണ്ടാം സെമിയിൽ എം.എസ്.പി മലപ്പുറം, തിലകം തിരൂർക്കാടിനെ ടൈബ്രേക്കറിൽ (3–0) പരാജയപ്പെടുത്തി ഫൈനലിൽ പ്രവേശിച്ചു. ഫൈനൽ മത്സരം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് നടക്കും. എലൈറ്റ് യൂത്ത് വിഭാഗത്തിന്റെ ആദ്യ സെമിയിൽ ഫാൽക്കൺസ് വള്ളിക്കുന്ന് ടൈബ്രേക്കറിൽ (32) കെ.എഫ്.സി കാളികാവിനെ പരാജപ്പെടുത്തി ഫൈനലിൽ കടന്നു. രണ്ടാം സെമിയിൽ ഗോകുലം കേരള എഫ്.സി 2–0 ന് വൈ.എസ്.സി എടരിക്കോടിനെ പരാജയപ്പെടത്തി ഫൈനലിൽ കടന്നു. ഫൈനൽ മത്സരം ഇന്ന് വൈകുന്നേരം നാല് മണിക്കാണ് നടക്കുക. ഫൈനലിൽ കെ.എഫ്.എ പ്രസിഡന്റ് നവാസ് മീരാൻ മുഖ്യാതിഥി ആകും.

### മുഖ്യമന്ത്രിയുടെ എക്സൈസ് മെഡലിന് അർഹരായ പൊലീസ് ഉദ്യോഗസ്ഥർ



*സിവിൽ എക്സ്സൈസ് ഓഫീസർമാരായ നിമിഷ എ.കെ, സഫീറലി, അബ്ദുറഹ്മാൻ, ജ്യോതി ടി.കെ, നിതിൻ ചോമാരി*

# കരിപ്പൂരിൽ പാർക്കിങ് ഫീസ് പരിഷ്കരിച്ചു

## പുറത്തു നിന്നുള്ള ടാക്സികൾക്ക് 226 രൂപ ഫീസ് ഈടാക്കും

കൊണ്ടോട്ടി: കരിപ്പൂർ വിമാനത്താവളത്തിൽ വാഹനങ്ങളുടെ പാർക്കിങ് ഫീസ് പരിഷ്കരിച്ചു. ഇനി മുതൽ പുറത്തു നിന്നുള്ള ടാക്സികൾക്ക് 226 രൂപയായി ഫീസ് ഈടാക്കും. നേരത്തെ 20 രൂപയായിരുന്ന സ്വകാര്യ കാറുകൾക്ക് അര മണിക്കൂറിന് 40 രൂപയാക്കി വർധിപ്പിച്ചു. അതേസമയം വാഹനങ്ങൾ വിമാനത്താവളത്തിനകത്തേക്ക് പ്രവേശിച്ച് പുറത്ത് കടക്കാനുള്ള സമയം ആറു മിനുട്ടിൽ നിന്ന് 11 മിനുട്ടായി ഉയർത്തിയിട്ടുണ്ട്. ഈ സമയത്തിനുള്ളിൽ പുറത്തിറങ്ങുന്ന വാഹനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. പരിഷ്കാരം നാളെ രാത്രി 12 മണി മുതൽ പ്രാബല്യത്തിൽ വരും. കരിപ്പൂരിൽ പുതുതായി ഓട്ടോമേറ്റഡ് വെഹിക്കിൾ പാർക്കിങ് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഓട്ടോമേറ്റഡ് പാർക്കിങ് ഉപകരണങ്ങളിലൂടെയാണ് പുതിയ സംവിധാനം പ്രവർത്തിക്കുന്നത്. എയർപോർട്ടിന്റെ എൻട്രിയിലും വാഹന പാർക്കിങ് ഏരിയകളിലും ഓട്ടോമേറ്റഡ് ബൂം ബാരിയറുകളും ഫാസ്റ്റ്ടാഗ് റീഡറും ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. മാളുകൾക്ക് സമാനമായി ഓട്ടോമാറ്റിക് ഗേറ്റും ഫാസ്റ്റ്ടാഗ് സംവിധാനവും ഒരുങ്ങിയിട്ടുണ്ട്. പ്രധാന കവാടത്തിലും പാർക്കിങ് മേഖലകളിലും വാഹനങ്ങളെത്തുന്ന സമയം ക്യാമറകൾ പകർത്തും. പാർക്കിങ് സമയത്തിന്റെ ഫീസ് അവിടെ ഈടാക്കും. പാർക്കിങ് മേഖലയിൽ പ്രവേശിക്കുന്ന സമയവും പുറത്തിറങ്ങുന്ന സമയവും രേഖപ്പെടുത്തും. പുറത്ത് കടക്കാൻ അന്താരാഷ്ട്ര യാത്രക്കാരുടെ കാറുകൾക്ക് ഒമ്പത് മിനുട്ടും ആഭ്യന്തര യാത്രക്കാരുടെ കാറുകൾക്ക് ഏഴ് മിനുട്ടുമാണ് സൗജന്യ സമയം. ഇതിൽ കൂടിയാൽ അരമണിക്കൂർ പാർക്കിങ് ഫീസ് നൽകേണ്ടി വരും. ഫാസ്റ്റ്ടാഗിൽ നിന്ന് തുക പിടിക്കും. വിമാനത്താവളത്തിലെ അംഗീകൃത ടാക്സികൾ ഒഴികെയുള്ളവ പ്രധാന കവാടം കടന്നാൽ 226 രൂപ ഫീസ് നൽകണം. ടെർമിനലിന് മുന്നിൽ നിന്ന് ആളുകളെ കയറ്റുകയാണെങ്കിൽ 283 രൂപ നൽകണം. ബസ്, മിനി ബസ് തുടങ്ങിയ വാഹനങ്ങൾക്കും ഇതേ നിരക്കായിരിക്കും.

# വ്യാജ ആർ.സി: പ്രധാന പ്രതിയെന്ന് കരുതുന്ന യുവാവ് ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചു

തിരൂരങ്ങാടി: തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിലെ വ്യാജ ആർ.സി നിർമ്മാണത്തിലെ പ്രധാന ഏജന്റുമാരിലൊരാളെന്ന് കരുതുന്ന യുവാവ് ഹൈക്കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ സമർപ്പിച്ചു. തേഞ്ഞിപ്പലം സ്വദേശി സജിത്താണ് ഹൈക്കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചത്. ജാമ്യാപേക്ഷ ഫയലിൽ സ്വീകരിച്ച കോടതി തിരൂരങ്ങാടി പൊലീസിനോട് വിശദീകരണം തേടി.

വ്യാജ ആർ.സി നിർമ്മാണത്തിൽ ഇയാൾക്ക് പങ്കുണ്ടെന്ന കൃത്യമായ വിവരം ലഭിച്ചിട്ടുണ്ടെന്നും ഇയാളുടെ ജാമ്യാപേക്ഷ തള്ളണമെന്നുമാവശ്യപ്പെട്ട് പൊലീസ് കോടതിക്ക് വിശദീകരണം നൽകിയിട്ടുണ്ട്. അതേസമയം നേരത്തെ പിടിയിലായ ഉള്ളണം സ്വദേശി നിസാറിനെ പോലെ തന്നെ ഇതിൽ വ്യക്തമായ പങ്കുള്ള ഏജന്റാണ് സജിത്തെന്നാണ് പൊലീസ് കരുതുന്നത്. പൊലീസ് ഇതിനോടകം വ്യാജ ആർ.സി നിർമാണവുമായി പിടികൂടിയ ഏഴ് വാഹനങ്ങളിൽ പലതും സജിത്ത് മുഖേനയാണ് വ്യാജ ആർ.സികൾ നിർമിച്ചതെന്നാണ് പൊലീസ് കരുതുന്നത്. നിസാറിന്റെ മൊഴിയിൽ അത്തരത്തിലുണ്ടെന്നാണ് സൂചന. സജിത്ത് മുഖേനയും ഉദ്യോഗസ്ഥർക്ക് പണം കൈമാറിയിട്ടുണ്ടെന്നും അറിയുന്നു. ഈ സാഹചര്യത്തിൽ അന്വേഷണം മുന്നോട്ട് പോകണമെങ്കിൽ സജിത്തിന്റെ അറസ്റ്റ് അനിവാര്യമാണെന്നും പൊലീസിന് ചോദ്യം ചെയ്യുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും ലഭിക്കണമെന്നുമാണ് പൊലീസിന്റെ വാദം. കേസിൽ ഇതുവരെ മൂന്ന് പ്രതികളെയാണ് പിടികൂടിയിരിക്കുന്നത്.

തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിലെ മുൻ ജോയിന്റ് ആർ.ടി. ഒ സി.പി സക്കരിയ്യ ഉൾപ്പെടെ അഞ്ച് ജീവനക്കാരെ പൊലീസ് ഇതിനോടകം ചോദ്യം ചെയ്തിട്ടുണ്ട്. എന്നാൽ സോഫ്റ്റ്വെയറിനെ പഴിച്ചു രക്ഷപ്പെടാനുള്ള ശ്രമങ്ങളാണ് ഉദ്യോഗസ്ഥർ നടത്തിയത്. മാത്രമവുമല്ല പൊലീസ് ചോദിച്ച പല രേഖകളും ഉദ്യോഗസ്ഥർ പൊലീസിന് നൽകിയിട്ടില്ല. അവ നശിപ്പിക്കാനുള്ള ശ്രമങ്ങളും ഓഫീസിൽ നടക്കുന്നുണ്ട്. അതിന്റെ ഭാഗമാണ് വ്യാജ ആർ.സികളെന്ന് കരുതുന്നവയെ നോട്ടീസയച്ചു വിളിപ്പിച്ച് ആർ.സികൾ കൂട്ടറദ്ദാക്കൽ നടപടികളിലേക്ക് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ കടന്നത്.

## തട്ടിക്കൊണ്ടു പോയി പീഡനം യുവാവ് പിടിയിൽ



*സാദിഖ്*

പൊന്നാനി: സാമൂഹിക മാധ്യമത്തിലൂടെ പരിചയപ്പെട്ട പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പ്രേമംനടിച്ച് തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ പ്രതിയെ പൊന്നാനി പൊലീസ് അറസ്റ്റ് ചെയ്തു. നരിപറമ്പ് ഗുലാബ് നഗർ സ്വദേശി സാദിഖിനെ(21) ആണ് പൊന്നാനി ഇൻസ്പെക്ടർ ടി.പി ഫാർഷാദും സംഘവും ഒളിവിൽ കഴിഞ്ഞ പ്രതിയെ അതിസാഹസികമായി പിടികൂടിയത്. പോക്സോ വകുപ്പുകൾ ഉൾപ്പെടെ ചുമത്തിയാണ് പ്രതിക്കെതിരെ പൊലീസ് കേസെടുത്തിരിക്കുന്നത്. പെൺകുട്ടിയുടെ പിതാവ് പൊന്നാനി പൊലീസിൽ പരാതി നൽകിയത് അറിഞ്ഞ പ്രതി പെൺകുട്ടിയെ ഉപേഷിച്ചു രക്ഷപ്പെടുകയായിരുന്നു. ഒളിവിൽ പോയ പ്രതിയെ പിടികൂടാൻ തിരൂർ ഡിവൈ.എസ്.പി. കെ.എം. ബിജുവിന്റെ നിർദേശത്തെ തുടർന്ന് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലാകുന്നത്. പ്രത്യേക അന്വേഷണ സംഘത്തിൽ പൊന്നാനി സബ് ഇൻസ്പെക്ടർ അരുൺ. ആർ.യു, പൊലീസുകാരായ അഷ്റഫ് ചിറക്കൽ, അഭിലാഷ്. എം, പ്രശാന്ത് കുമാർ .എസ് എന്നിവരും ഉണ്ടായിരുന്നു. പ്രതിയെ തിരൂർ കോടതിയിൽ ഹാജരാക്കി തവനൂർ സബ് ജയിലിൽ റിമാന്റ് ചെയ്തു.

## പാരമ്പര്യ വൈദ്യ ഫെഡറേഷൻ നേതാക്കളുടെ അനുസ്മരണവും സെമിനാറും

കോഴിക്കോട്: ആരോഗ്യ പരിരക്ഷണവും പാരമ്പര്യ കളരി മർമ്മ നാട്ട്വൈദ്യവും എന്ന വിഷയത്തിൽ സെമിനാറും മൺമറഞ്ഞു പോയ പി.കെ.എം. എൻ.വി.എഫ് നേതാ ക്കളെ അനുസ്മരിക്കലും സെപ്തംബർ 1ന് 2.30 മണിക്ക് കോഴിക്കോട് എസ്.ടി.യു സെന്ററിൽ നടക്കും. ഫെഡറേഷൻ മുൻ സംസ്ഥാ വൈസ് പ്രസിഡണ്ട് കെ. മൊയ്തീൻ കോയ ഗുരുക്കൾ, മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറിയായിരുന്ന ഒ.എൻ. അബ്ബാസ് വൈദ്യർ, കോഴിക്കോട് ജില്ല ട്രഷറർ ആയിരുന്ന കെ. ഉസ്സൻ ഗുരുക്കൾ മാവൂർ എന്നിവരെ അനുസ്മരിക്കും. പ്രസിഡണ്ട് ഇ.കെ കുഞ്ഞാലി അധ്യക്ഷത വഹിച്ചു. ടി.എം.സി അബൂബക്കർ റിപ്പോർട്ട് അവതരിപ്പിച്ചു. ചാപ്പനങ്ങാടി അബൂബക്കർ ഗുരുക്കൾ സ്വാഗതം പറഞ്ഞു. കൊളമ്പലം മജീദ് വൈദ്യർ, ഒ.കെ.എം അലി ഗുരുക്കൾ, പി. പരമേശ്വരൻ വൈദ്യർ വയനാട്, ഹഫ്സ ത്ത് വൈദ്യ, എം.വി ഷഹർ ബാനു, ഇ.എം അബ്ദുറഹിമാൻ ഗുരുക്കൾ വേങ്ങര, കുഞ്ഞിക്കോയ തങ്ങൾ പാലക്കാട്, കുഞ്ഞുതങ്ങൾ കർക പുത്തൂർ, ഇസ്മയിൽ വൈദ്യർ പടിക്കൽ എ.പി.എം മമ്മുദു ഗുരുക്കൾ, കോയാമുട്ടി ഗുരുക്കൾ നീറാട്, മുഹമ്മദ് ബഷീർ ഗുരുക്കൾ കണ്ണൂർ സംസാരിച്ചു.

## നിലമ്പൂരിൽ മൈജി ഫ്യൂച്ചർ ഷോറൂം പ്രവർത്തനമാരംഭിച്ചു

നിലമ്പൂർ: നിലമ്പൂരിൽ മൈജി ഫ്യൂച്ചർ ഷോറൂം പ്രവർത്തനമാരംഭിച്ചു. ഡിജിറ്റൽ ഗാഡ്ജെറ്റ്സിനൊപ്പം ഹോം ആന്റ് കിച്ചൺ അപ്ലയൻസസ്, ഗ്ലാസ് ആന്റ് ക്രോക്കറി ഐറ്റംസ് എന്നിവ ലഭിക്കുന്ന ഫ്യൂച്ചർ ഷോറൂമിന്റെ ഉദ്ഘാടനം മട്ടുമ്മൽ സലീമും (മുനിസിപ്പൽ ചെയർമാൻ, നിലമ്പൂർ) എ.കെ ഷാജിയും (ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, മൈജി) ചേർന്ന് നിർവഹിച്ചു. ഊട്ടി റോഡിൽ ചന്തക്കുന്നിൽ ബിസ്മി ടവറിലാണ് ഷോറൂം.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 15 വ്യാഴം
ഗൾഫ് ചന്ദ്രിക








## വ്യാജ കാഫിർ പ്രയോഗം

### വടകരയിൽ സി.പി.എം നടത്തിയത്

# സംഘ്പരിവാറിനെ പോലും നാണിപ്പിക്കുന്നത്: സതീശൻ

പാലക്കാട്: വടകരയിൽ സി.പി.എം നടത്തിയത് തീവ്രവാദത്തിന് സമാനമായ വിദ്വേഷ പ്രചരണമാണെന്നും വർഗീയ പ്രചരണത്തിൽ അവർ സംഘ്പരിവാറിനെ പോലും നാണിപ്പിക്കുന്നതായും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. പാലക്കാട്ട് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാഫിർ പ്രയോഗം മുസ്‌ലിം ലീഗിന്റെയും കോൺഗ്രസിന്റെയും തലയിൽ കെട്ടിവയ്ക്കാനുള്ള ഗൂഢാലോചന പൊളിഞ്ഞു. ശരിയായി അന്വേഷിച്ചാൽ ചില സി.പി.എം നേതാക്കളുടെ കുടുംബങ്ങളിലേക്ക് അത് എത്തും. ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന റിപ്പോർട്ടാണ് വടകര പാർലമെന്റ്മണ്ഡലത്തിൽ വിവാദമായ 'കാഫിർ' പ്രയോഗവുമായി ബന്ധപ്പെട്ട് പൊലീസ് ഹൈക്കോടതിയിൽ സമർപ്പിച്ചത്. റെഡ് എൻകൗണ്ടർ, പോരാളി ഷാജി, അമ്പാടി മുക്ക് സഖാക്കൾ, മുൻ എം.എൽ. എ കെ.കെ ലതികയുടെ ഫേസ്ബുക്ക് പോസ്റ്റും ഉൾപ്പടെ അഞ്ച് സി.പി.എം സൈബർ പേജുകളിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലുമാണ് ഇത് പ്രചരിച്ചതെന്നാണ് പൊലീസ് നൽകിയ റിപ്പോർട്ടിലുള്ളത്. തിരഞ്ഞെടുപ്പിൽ വോട്ട് കിട്ടാൻ ഏത് ഹീനമായ മാർഗവും അവലംബിക്കുമെന്നാണ് സി.പി. എം തെളിയിച്ചിരിക്കുന്നത്. ജനങ്ങൾക്കിടയിൽ മതപരമായ ഭിന്നിപ്പുണ്ടാക്കാനാണ് സി.പി.എം ശ്രമിച്ചതെന്നും വി.ഡി സതീശൻ കുറ്റപ്പെടുത്തി.

യു.ഡി.എഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിലിന്റെ നേതൃത്വത്തിൽ ഇടതുസ്ഥാനാർത്ഥി 'കാഫിർ' ആണെന്ന പ്രചരണം നടത്തിയെന്ന് വരുത്തിതീർക്കാനാണ് ശ്രമിച്ചത്. സംസ്ഥാനം ഭരിക്കുന്ന ഉത്തരവാദിത്തപ്പെട്ട ഒരു പാർട്ടിക്ക് യോജിച്ച പ്രവർത്തിയാണോ ഇതെന്ന് സി.പി.എം പരിശോധിക്കണം. വ്യാജ സന്ദേശം ആരാണ് ഉണ്ടാക്കിയതെന്ന് പൊലീസിന് അറിയാം. പക്ഷേ അവർക്ക് ഭയമാണ്. ഈ ഗൂഡാലോചന അന്വേഷിച്ചാൽ സി.പി.എമ്മിലെ ഉന്നതരായ നേതാക്കൾ കുടുങ്ങും. ഞങ്ങൾ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ല. ഇതിന് അവസാനം കാണുന്നതുവരെ നിയമപരമായി പോരാടും. മുഹമ്മദ് കാസിം എന്ന യൂത്ത് ലീഗ് പ്രവർത്തകന്റെ തലയിലാണ് സി.പി.എം ഇത് കെട്ടിവെക്കാൻ ശ്രമിച്ചത്. സ്വന്തം ഫോൺ പൊലീസിന് മുന്നിൽ ഹാജരാക്കി ഏത് അന്വേഷണവും നേരിടാൻ തയാറാണെന്ന ആ ചെറുപ്പക്കാരൻ കാട്ടിയ ധീരതയാണ് സത്യം പുറത്തുവരാൻ കാരണമായത്. ഹീനമായ ഗൂഡാലോചനയാണ് സി. പി.എം തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നടത്തിയത്. പരസ്യമായി ക്ഷമാപണം നടത്താനും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും തയ്യാറാകണം. സംഘ്പരിവാറിനെയും ബി.ജെ. പിയെയും പോലെ സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കാൻ വേണ്ടിയുള്ള ഒരു ശ്രമവും സി.പി. എം ഇനി നടത്തരുത്. അത്തരം ശ്രമങ്ങൾ കേരളീയ പൊതു സമൂഹത്തിന് അപകടകരമാകുമെന്നും പ്രതിപക്ഷ നേതാവ് മുന്നറിയിപ്പ് നൽകി.

### കാഫിർ പ്രയോഗത്തിൽ ജനങ്ങൾക്ക് സംശയം ഉണ്ടായിരുന്നില്ല: ഷാഫി

പാലക്കാട്: തിരഞ്ഞെടുപ്പ് വിജയിക്കാൻ ഏതറ്റംവരെയും പോകുകയെന്ന രീതിയാണ് സി.പി.എം നടത്തി പോരുന്നതെന്നും കാഫിർ പ്രയോഗത്തിലെ സത്യാവസ്ഥ വെളിപ്പെട്ടതിലൂടെ ഇത് വ്യക്തമായെന്നും ഷാഫി പറമ്പിൽ എം.പി. പാലക്കാട്ട് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാഫിർ വിഷയത്തിൽ ജനങ്ങൾക്ക് ഒരു സംശയവും ഉണ്ടായിരുന്നില്ല. ഞങ്ങൾ ഇത് ചെയ്തിട്ടില്ലെന്നും ചെയ്യിപ്പിച്ചിട്ടുമില്ലെന്നും അന്നേ പറഞ്ഞതാണ്. സി.പി.എമ്മിന്റെ പ്രമുഖ നേതാക്കൾ വരെ ഇതെടുത്ത് തനിക്കെതിരെ ഉപയോഗിച്ചു. ഈ പ്രയോഗം പടച്ചുവിട്ടവരെ ഇപ്പോൾ പാർട്ടി തള്ളി പറയുന്നുണ്ട്. അതേസമയം ഇവരുടെ പോസ്റ്റുകൾ പ്രമുഖർ അടക്കം ഷെയർ ചെയ്ത് പ്രചരിപ്പിച്ചതാണ്. വാശിയേറിയ തിരഞ്ഞെടുപ്പിൽ തോൽക്കുമെന്ന ഘട്ടമായപ്പോഴാണ് സി.പി.എം ഇത് പുറത്തെടുത്തത്. സത്യം പുറത്തുവന്നതിൽ തനിക്ക് അത്യാഹ്ലാദം ഒന്നുമില്ല. നേരത്തെ തന്നെ അറിയാവുന്ന കാര്യമായിരുന്നു ഇതെന്നും ഷാഫി പറമ്പിൽ പറഞ്ഞു.



കാഫിർ സ്‌ക്രീൻ ഷോട്ട് സംഭവത്തിൽ കുറ്റക്കാരായി ഡി.വൈ.എഫ്.ഐ നേതാക്കളെ പ്രതിചേർക്കാത്തതിൽ പ്രതിഷേധിച്ച് റോഡ് ഉപരോധിച്ച മുസ്‌ലിം യൂത്ത് ലീഗ് നേതാക്കളായ മൊയ്തീൻ കോയ, മിസ്ഹബ് കീഴരിയൂർ, കെ.എം.എ റഷീദ്, ആശിഖ് ചെലവൂർ തുടങ്ങിയവരെ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നീക്കുന്നു

## കെ.കെ ശൈലജ എം.എൽ.എ സ്ഥാനം രാജിവെക്കണം: ഡോ. എം.കെ മുനീർ

കോഴിക്കോട്: ലോക്സഭ തിരഞ്ഞെടുപ്പിന് തലേന്ന് വർഗീയ വിഭജനം ലാക്കാക്കി സൃഷ്ടിച്ച വ്യാജ കാഫിർ പോസ്റ്റിനു പിന്നിൽ സി.പി.എം ആണെന്ന് വ്യക്തമായ സ്ഥിതിക്ക് പ്രചാരണത്തിനു ചുക്കാൻ പിടിച്ച എൽ.ഡി.എഫ് സ്ഥാനാർഥി കെ.കെ ശൈലജ എം.എൽ.എ സ്ഥാനം രാജിവെക്കണമെന്ന് മുസ്‌ലിം ലീഗ് നിയമസഭ പാർട്ടി ഉപ നേതാവ് ഡോ. എം.കെ മുനീർ എം.എൽ.എ. എതിരാളിയെ ഇത്ര ഹീനമായി വേട്ടയാടിയ ശൈലജക്കു ജനപ്രതിനിധിയായി ഇരിക്കാൻ യോഗ്യത നഷ്ടപ്പെട്ടു. സി.പി.എം ഗൂഢാലോചന പുറത്തുവരുമ്പോൾ കൂടുതൽ ഉന്നത സി.പി.എം നേതാക്കൾ കുടുങ്ങുമെന്ന് ഉറപ്പാണ്.

എൽ.ഡി.എഫ് ഹീനകൃത്യത്തെ കുറിച്ച് ഹൈക്കോടതിയിൽ സത്യസന്ധമായി റിപ്പോർട്ട് നൽകിയ പൊലീസ് ഓഫീസറെ സ്ഥലം മാറ്റിയാൽ എല്ലാം അവസാനിപ്പിക്കാമെന്നത് വർഗീയ പ്രചാര വേല ചെയ്തവരുടെ വ്യാമോഹം മാത്രമാണ്. വ്യാജ കാഫിർ പോസ്റ്റ് ഉണ്ടാക്കി അത് പ്രചരിപ്പിച്ചവരെ സാക്ഷികൾ മാത്രമാക്കുന്ന പിണറായി പൊലീസിന് രാജ്യത്തെ കോടതികൾതന്നെ വൈകാതെ നിയമം പഠിപ്പിക്കും.

വ്യാജ കാഫിർ സന്ദേശത്തിന് പിന്നിൽ ഇടത് വാട്സ്ആപ്പ് ഗ്രൂപ്പുകളാണെന്ന പൊലീസ് റിപ്പോർട്ട് നിരന്തര നിയമപോരാട്ടത്തിന്റെ വിജയമാണ്. വടകര ലോക്സഭ മണ്ഡലം തിരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ സി.പി.എം ഉന്നത നേതാക്കൾ ഗൂഢാലോചന നടത്തിയാണ് എല്ലാം തയ്യാറാക്കിയത്.ഫെയ്സ്ബുക്കിൽ ഇത് പ്രചരിപ്പിച്ച അമ്പാടിമുക്ക് സഖാക്കൾ എന്ന പേജിന്റെ അഡ്മിന് പ്രസ്തുത പോസ്റ്റ് ലഭിക്കുന്നത് റെഡ് ബറ്റാലിയൻ എന്ന വാട്സ്ആപ് ഗ്രൂപ്പിൽ നിന്നാണ്. ആ ഗ്രൂപ്പിലേക്ക് ഇതെത്തിയത് റെഡ് എൻകൗണ്ടർ എന്ന മറ്റൊരു സി.പി.എം അനുകൂല വാട്സ്ആപ് ഗ്രൂപ്പിൽ നിന്നാണെന്നും ആ ഗ്രൂപ്പിൽ ഇത് പങ്ക് വെച്ച റിബേഷ് എന്ന വ്യക്തിക്ക് വ്യാജ സ്ക്രീൻ ഷോട്ടിന്റെ ഉറവിടം വ്യക്തമാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത വ്യക്തിയുടെ ഫോൺ വിദഗ്ധ പരിശോധനക്ക് നൽകിയിരിക്കുന്നുവെന്നുമാണ് പൊലീസ് ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ട്.. എല്ലാം അവിടംകൊണ്ട് അവസാനിപ്പിക്കാൻ സി.പി.എമ്മും പൊലീസും എത്ര ഒത്തു കളിച്ചാലും രക്ഷപെടാൻ അനുവദിക്കില്ല. അൽപമെങ്കിലും മാന്യത അവശേഷിക്കുന്നെങ്കിൽ സി.പി.എം പൊതു സമൂഹത്തോട് മാപ്പ്പറയാനും പ്രതികളെ നിയമത്തിനു വിട്ടുകൊടുക്കാനും തയ്യാറാവണമെന്നും എം.കെ മുനീർ ആവശ്യപ്പെട്ടു.

## ഗൂഢാലോചന അന്വേഷിച്ചാൽ സി.പി.എം നേതാക്കൾ പ്രതികളാവും: ഫിറോസ്

കോഴിക്കോട്: എം.എസ്.എഫ് നേതാവ് കാസിമിന്റെ പേരിൽ വ്യാജ കാഫിർ സ്ക്രീൻ ഷോട്ട് നിർമിച്ച് പ്രചരിപ്പിച്ച സംഭവത്തിൽ ഗൂഢാലോചന അന്വേഷിച്ചാൽ സി.പി.എം നേതാക്കൾ പ്രതികളാവുമെന്ന് മുസ്‌ലിം യൂത്ത്‌ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് പറഞ്ഞു. മുസ്‌ലിം ലീഗ് പാർട്ടിയുടെ നിരന്തരമായ നിയമ പോരാട്ടത്തിനൊടുവിൽ ഗത്യന്തരമില്ലാതെ പൊലീസ് ഏതാനും സി.പി.എം പ്രവർത്തകരുടെ പേര് മാത്രം കോടതിയിൽ സമർപ്പിച്ച് രക്ഷപ്പെടാനാണ് ശ്രമിക്കുന്നത്. ആദ്യം ഈ സ്ക്രീൻ ഷോട്ട് പോസ്റ്റ് ചെയ്തത് ഡി. വൈ.എഫ്.ഐ വടകര ബ്ലോക്ക് പ്രസിഡണ്ട് റിബേഷ് ആണെന്നാണ് പൊലീസ് കണ്ടെത്തിയത്. എന്നാൽ റിബേഷ് ഒറ്റക്കാണ് ഇത് നിർമിച്ചെതെന്ന് വിശ്വസിക്കാനാവില്ല. കാരണം മുഹമ്മദ് കാസിമിന്റെ പേരിലാണ് വ്യാജ സ്ക്രീൻ ഷോട്ട് തയ്യാറാക്കിയത്. എന്നാൽ കാസിമും റിബേഷും തമ്മിൽ മുൻ പരിചയമോ നാട്ടുകാരോ അല്ലെന്നിരിക്കെ ഇതിന് പിന്നിൽ മറ്റ് ആളുകളുടെ പങ്ക് ഉണ്ടെന്നുറപ്പാണ്. മാത്രവുമല്ല മിനിറ്റുകൾക്കുള്ളിൽ സി.പി.എം നേതാക്കളും മുൻ എം.എൽ.എ കെ.കെ ലതികയും സി.പി.എം സൈബർ പോരാളികളും ഇത് വ്യാപകമായ രീതിയിൽ പ്രചരിപ്പിച്ചിട്ടുണ്ട്. ഇതിനാൽ പാർട്ടിയുടെ അറിവോട് കൂടിയാണ് വ്യാജ സ്ക്രീൻ ഷോട്ട് നിർമിച്ചതെന്ന് വ്യക്തമാണെന്നും ഫിറോസ് ചൂണ്ടിക്കാട്ടി. എന്നാൽ ഈ നിമിഷം വരെ റിബേഷിനെതിരെയോ സി.പി.എം സോഷ്യൽ മീഡിയ അഡ്മിൻ മാർക്കെതിരെയോ 153 എ പ്രകാരമോ വ്യാജ രേഖ ചമച്ചതിനോ പൊലീസ് കുറ്റം ചുമത്തിയിട്ടില്ല. സി.പി.എം നേതാക്കളുടെ ഒത്താശയോടെ പൊലീസ് പ്രതികളെ രക്ഷിക്കാൻ ശ്രമിക്കുന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത്. മുഴുവൻ പ്രതികളെയും നിയമത്തിന് മുന്നിൽ കൊണ്ട്‌വരുന്നത് വരെ നിയമപോരാട്ടത്തിനും രാഷ്ട്രീയ പോരാട്ടത്തിനും യൂത്ത് ലീഗ് നേതൃത്വം നൽകുമെന്നും ഫിറോസ് വ്യക്തമാക്കി.

## കേസെടുക്കാത്തത് പ്രതികളെ സംരക്ഷിക്കാൻ: സുധാകരൻ

തിരുവനന്തപുരം: വർഗീയ വിദ്വേഷം പടർത്തുകയെന്ന ഉദ്ദേശത്തോടെ ലോക്സഭ തിരഞ്ഞെടുപ്പിൽ വടകരയിൽ കാഫിർ സ്ക്രീൻഷോട്ട് പോസ്റ്റ് പ്രചരിപ്പിച്ചത് ഇടത് ഗ്രൂപ്പുകളാണെന്ന് കണ്ടെത്തിയിട്ടും പൊലീസ് കേസെടുക്കാൻ മടിക്കുന്നത് ഈ ഗൂഢാലോചനയിൽ പങ്കാളികളായ സി.പി.എം നേതാക്കളെ സംരക്ഷിക്കാനാണെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ എം.പി. നുണ ബോംബ് സൃഷ്ടിച്ച് മത വർഗീയത പ്രചരിപ്പിക്കാൻ ശ്രമിച്ചവരെ സംരക്ഷിക്കാൻ സി.പി.എമ്മും പൊലീസും ശ്രമിച്ചാൽ നാടിന്റെ മതേതരത്വം സംരക്ഷിക്കാൻ ഏതറ്റംവരെയും പോകാൻ കോൺഗ്രസിന് മടിയില്ല. നാടിന്റെ മതസൗഹാർദ്ദം തകർക്കാൻ ശ്രമിച്ചവർക്കെതിരെയും അത് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചവർക്കെതിരെയും കേസെടുക്കണമെന്നും .സുധാകരൻ ആവശ്യപ്പെട്ടു.

ചന്ദ്രിക പാഠമുദ്ര

# സ്വാതന്ത്ര്യാമൃതം




**നമ്മുടെ ഇന്ത്യക്ക് ഇന്ന് 78–ാമത് സ്വാതന്ത്ര്യദിനമാണ്. ബ്രിട്ടീഷ് അടിമത്തം അവസാനിപ്പിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടിയ ദിവസം. 1947 ആഗസ്റ്റ് 15നാണ് ഇന്ത്യ സ്വതന്ത്രമായത്. ന്യൂഡൽഹിയിലെ ചെങ്കോട്ടയിൽ പ്രധാനമന്ത്രി പതാക ഉയർത്തുന്നതോടെയാണ് രാജ്യത്തുടനീളം സ്വാതന്ത്ര ദിനാഘോഷ ചടങ്ങുകൾക്ക് തുടക്കമാവുക. ഓരോ ഇന്ത്യക്കാരനും അഭിമാനം കൊള്ളുന്ന ഈ ദിനത്തിൽ സ്വാതന്ത്ര്യദിന ചരിത്രവും സേനാനികളെയുംകുറിച്ച് കൂടുതലറിയാം...**



വ്യാപാരത്തിനായി 17–ാം നൂറ്റാണ്ടിൽ ഇന്ത്യയിലേക്ക് എത്തിയവരാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി. പതിയെ പതിയെ നമ്മുടെ രാജ്യത്തിന്റെ ഭരണത്തിൽ കൈകടത്തിയ അവർ ഇന്ത്യയുടെ വിഭവങ്ങൾ ചൂഷണം ചെയ്ത് ഇന്ത്യയെ ബ്രിട്ടന്റെ കോളനിയാക്കി മാറ്റി. 19–ാം നൂറ്റാണ്ടായപ്പോൾ ബ്രിട്ടീഷ് രാജ്ഞി ഇന്ത്യയുടെ ഭരണം ഏറ്റെടുത്തതോടെ ഇന്ത്യ ബ്രിട്ടന്റെ കോളനിയായി മാറി. എന്നാൽ ഇന്ത്യയുടെ ബ്രിട്ടീഷുകാരുടെ ചൂഷണത്തിൽ മനം മടുത്ത ഇന്ത്യയിലെ ജനങ്ങൾ പ്രതികരിക്കാനും സംഘടിക്കാനും തുടങ്ങി. പ്രതിഷേധങ്ങളെ ഏകോപിപ്പിക്കാനായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന സംഘടന രൂപപ്പെട്ടു. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്ന് ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകണമെന്നാവശ്യപ്പെട്ട് ജനങ്ങൾ തെരുവിലിറങ്ങി. അത്തരത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ മഹാരഥന്മാരെ പരിചയപ്പെടാം.



### ജവഹർലാൽ നെഹ്റു

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയാണ് ജവഹർലാൽ നെഹ്റു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി പോരാളിയായ അദ്ദേഹം ഇന്ത്യക്ക് സ്വാന്ത്ര്യം ലഭിച്ച 1947 മുതൽ 1964ൽ മരിക്കുന്നതു വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു. 1889 നവംബർ 14ന് ജനനം. അദ്ദേഹത്തിന്റെ ജന്മദിനമാണ് ശിശു ദിനമായി ആചരിക്കുന്നത്. 1964 മെയ് 27ന് ന്യൂഡൽഹിയിൽ മരണം.



### സുഭാഷ് ചന്ദ്ര ബോസ്

നേതാജി എന്നറിയപ്പെട്ട സുഭാഷ് ചന്ദ്ര ബോസ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന നേതാവായിരുന്നു. 11 തവണ അദ്ദേഹത്തെ ബ്രിട്ടീഷ് അധികാരികൾ ജയിലിടച്ചിട്ടുണ്ട്.



### ഭഗത് സിങ്

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത സോഷ്യലിസ്റ്റ് വിപ്ലവകാരിയായിരുന്നു ഭഗത് സിങ്. ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടി രക്തസാക്ഷിത്വം വഹിച്ച ആദ്യ വിപ്ലവകാരി.



### മഹാത്മാഗാന്ധി

മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്ന മഹാത്മാഗാന്ധിയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ്. അദ്ദേഹമാണ് അഹിംസാ മാർഗത്തിലൂടെ സ്വാതന്ത്ര്യലപ്തിക്കായി അഹോരാത്രം ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ പോരാട്ടം നടത്തിയത്. 1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്ദറിൽ ജനനം. അഹിംസയിലൂന്നിയ സത്യാഗ്രഹമെന്ന സമരസിദ്ധാന്തം അദ്ദേഹത്തെ ലോകമെമ്പാടും ശ്രദ്ധേയനാക്കി. നിസ്സഹകരണ സമരവും നിയമലംഘന സമരവും ക്വിറ്റ് ഇന്ത്യ സമരവുമെല്ലാം അദ്ദേഹത്തിന്റെ നേതൃത്തിലാണ് നടന്നത്. 1948 ജനുവരി 30ന് നഥുറാം ഗോഡ്സേയുടെ വെടിയേറ്റ് മരണം.




### ഡോ.ബി.ആർ അംബേദ്കർ

ഇന്ത്യൻ ഭരണഘടനയുടെ പിതാവായാണ് ഡോ.ബി.ആർ അംബേദ്കർ അറിയപ്പെടുന്നത്. മുൻനിര സമരപോരാളിയായ അദ്ദേഹം രാജ്യത്തെ ആദ്യ നിയമമന്ത്രിയുമാണ്.



### ഡോ.രാജേന്ദ്ര പ്രസാദ്

സ്വതന്ത്രാനന്തര ഇന്ത്യയുടെ ആദ്യ രാഷ്ട്രപതിയാണ് ഡോ.രാജേന്ദ്ര പ്രസാദ്. ബിഹാർ ഗാന്ധിയെന്ന അപരനാമധേയത്തിൽ അറിയപ്പെടുന്നു.





### റാണി ലക്ഷ്മി ബായി

ഝാൻസി റാണി എന്നറിയപ്പെടുന്ന റാണി ലക്ഷ്മി ബായി 1857–ലെ ശിപായി ലഹളയിൽ ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ചവരിൽ പ്രധാനിയായിരുന്നു. ഇന്ത്യയുടെ ജോൺ ഓഫ് ആർക്ക് എന്ന പേരിൽ അറിയപ്പെടുന്ന ധീരവനിത.



### ലാലാ ലജ്പത് റായ്

ബ്രിട്ടീഷ് രാജിനെതിരായ രാഷ്ട്രീയപടനീക്കത്തിലെ പ്രധാനി. പഞ്ചാബ് സിംഹം എന്നറിയപ്പെടുന്ന അദ്ദേഹം ലാൽ-പാൽ-ബാൽ ത്രയത്തിലെ ഒരംഗമാണ്. സൈമൺ കമ്മീഷനെതിരായ സമരത്തിൽ പ്രധാന പങ്ക്.